മലയാളരാജ്യം

ആഴ്ചപ്പതിപ്പ്





THE MALAYALA RAJYAM ILLUSTRATED WEEKLY

Vol. XXII | As. 2 | No. 221

27th February 1950

സിനിമാപംക്തി

# ലളിതയും പത്മിനിയും

പണ്ഡിറ്റ് ജവഹർലാൽനെഹ്റു, ദേവദാസ് ഗാന്ധി തുടങ്ങിയ പ്രമുഖ വ്യക്തികൾപോലും മുക്തകണ്ഠം പ്രശംസിച്ചിട്ടുള്ള രണ്ടു വിശ്രുതനർത്തകികളത്രെ ലളിതയും പത്മിനിയും. അനുഗൃഹീതമായ കലാവാസനകൊണ്ടും ആകർഷണീയമായ ആകാരസുഷമകൊണ്ടും അധുനാതന ഭാരതീയ കലാകർത്രികളിൽ അതിപ്രധാനമായ സ്ഥാനമാർജ്ജിക്കുന്നതിനു ഇതിനകം ഈ യുവതികൾക്കു കഴിഞ്ഞിട്ടുണ്ട്. നൃത്തത്തിനു അനുപേക്ഷണീയമായ സൌഷ്ഠവങ്ങളെല്ലാം ഒത്തിണങ്ങിയിട്ടുള്ള ഈ അപൂർവ്വ സഹോദരികളുടെ നൃത്തവിശേഷങ്ങൾ ഇന്ത്യയ്ക്കു വെളിയിലുള്ള കലാകാരന്മാരെക്കൂടി ആകർഷിച്ചുതുടങ്ങിയിരിക്കുന്നതു് കേരളത്തിനു തികച്ചും അഭിമാനകരമാണ്. കേരളീയകലാവൈദഗ്ദ്ധ്യത്തിന്റെ പ്രകാശമെങ്ങും പരത്തുവാൻ ഇത്ര ചെറുപ്പത്തിലെ കഴിഞ്ഞിട്ടുള്ള ലളിതയ്ക്കും പത്മിനിക്കും കലാലോകത്തിന്റെ മുഴുവൻ ബഹുമാനാദരങ്ങളും കൃതകേതരമായ കൃതജ്ഞതയും സമ്പാദിക്കാൻ കഴിയുമെന്നുള്ളതു് അനുക്തസിദ്ധവുമാണ്.

തിരുവനന്തപുരത്തു പൂജപ്പുരയുള്ള ഒരു കുലീനകുടുംബത്തിലാണ് ലളിതയും പത്മിനിയും ജനിച്ചതു്. സാമാന്യമായ വിദ്യാഭ്യാസം ചെയ്തതിനുശേഷം ഈ സഹോദരികൾ പാലസ് ഡാൻസറായിരുന്ന ഗോപിനാഥന്റെ ശിക്ഷണത്തിൽ നൃത്യകലയുടെ പ്രാഥമികപാഠങ്ങൾ അഭ്യസിച്ചു. തുടർന്നു അഖിലലോകപ്രശസ്തനായ ഉദയശങ്കറിന്റെ നൃത്തകലാലയത്തിൽ ഉപരിപഠനവും നടത്തി. കഥകളി, ഭരതനാട്യം മണിപ്പുരി, പ്രാദേശിക നൃത്യങ്ങൾ തുടങ്ങിയ നൃത്യരീതികളിലെല്ലാം അവർ അന്യാദൃശമായ വൈദഗ്ദ്ധ്യം നേടി. ഉദയശങ്കർ നിർമ്മിച്ച നൃത്യപ്രധാനമായ "കല്പന" എന്ന ചലച്ചിത്രത്തിലും അവർ അഭിനയിച്ചു. അതോടുകൂടി അവരുടെ പ്രശസ്തി കതിർപൊഴിച്ചു പ്രോജ്ജ്വലിക്കുവാനും ആരംഭിച്ചു.

തമിഴ് ചിത്രനിർമ്മാതാക്കളുടെ പ്രോത്സാഹനം കൊണ്ടാണ് ലളിതയും പത്മിനിയും ഇത്രമാത്രം പ്രശസ്തി നേടിയിട്ടുള്ളതു്. ഇന്നു തെന്നിന്ത്യൻ ചിത്രനിർമ്മാതാക്കൾ തങ്ങളുടെ ചിത്രങ്ങൾക്കു കൂടുതൽ വരുമാനം ലഭിക്കുന്നതിനു എൻ. എസ്. കൃഷ്ണനെയും ടി. ഏ. മധുരത്തിനേയുംകൊണ്ടു അഭിനയിപ്പിക്കുന്നതുപോലെ ലളിതാപത്മിനിമാരുടെ ഡാൻസിംഗും ചിത്രങ്ങളിൽ നിർബന്ധമായി ചേർത്തുകൊണ്ടിരിക്കുകയാണ്. ചുരുക്കത്തിൽ ഇപ്പോൾ നിർമ്മിക്കുന്ന ചിത്രങ്ങളിൽ നൂറു ശതമാനത്തിലും ലളിതാപത്മിനിമാരുടെ നൃത്യങ്ങളും സ്ഥാനംപിടിച്ചു കാണുന്നുണ്ട്.

തമിഴ് ചിത്രങ്ങളിൽ "കന്നിക"യിലാണ് ലളിതയും പത്മിനിയും ആദ്യമായി നൃത്യപ്രകടനങ്ങൾ പ്രദർശിപ്പിച്ചിട്ടുള്ളതു്. പ്രതീക്ഷയിൽ കവിഞ്ഞു പ്രസ്തുത ചിത്രത്തിൽ അവർ വിജയിക്കുകയുംചെയ്തു. കേരളീയകലയുടെ വികാരചിഹ്നങ്ങൾ ഉൾക്കൊള്ളുന്ന നൃത്യരംഗങ്ങളാണ് ആ ചിത്രത്തിൽ പ്രദർശിപ്പിച്ചിട്ടുള്ളതും. "കന്നിക"യിലെ വിജയം ദർശിച്ചപ്പോൾ നിരവധി തമിഴ് ചിത്രനിർമ്മാതാക്കൾ അവരെക്കൊണ്ടു തങ്ങളുടെ ചിത്രങ്ങളിൽ അഭിനയിപ്പിക്കുന്നതിന് അഹമഹമികയാ മുന്നോട്ടുവന്നു. ലളിതാപത്മിനിമാരുടെ ശുക്രദശയും അതോടുകൂടി ആരംഭിച്ചു. "ഗോകുലദാസി" "ഭോജ" "മോഹിനി" "സിറാഡൽ ജ്ഞാനസൌന്ദരി" "ദേവതാളഉലകം" "പവിഴക്കൊടി" "ദേവമനോഹരി" "വേലക്കാരി" "മങ്കയർക്കരശി" "മായാവതി" "കന്നിയിൻകാതലി" "വാഴ്കൈ" "ഭാരതി" "ഭക്തജന" "വിനോദിനി" "ഗീതാഗാന്ധി" "ആദിത്യൻകനവു്" "നാട്യറാണി" "കൃഷ്ണവിജയം" "ഇതയഗീതം" "മരുതനാട്ട് ഇളവരശി" "വിജയകുമാരി" "ലൈലാമജ്നു" തുടങ്ങിയ നിരവധി ചിത്രങ്ങളിൽ അവർ ഇതിനകം അഭിനയിച്ചിട്ടുണ്ട്. "ദേവതാളഉലക"ത്തിലെ "പാമ്പാട്ടി" എന്ന നൃത്യനാടകമാണ് ഇവരുടെ ചലച്ചിത്ര നൃത്യരംഗങ്ങളിൽ ഏററവും ആകർഷണീയവും പ്രസിദ്ധിപെററതും. വള്ളിത്തിരുമണം, ശിവതാണ്ഡവനൃത്തം പവിഴക്കൊടി, ഗുലേബക്കാവലി, രാധാകൃഷ്ണനൃത്തം തുടങ്ങിയിട്ടുള്ള നൃത്യകലാപ്രകടനങ്ങളും പ്രേക്ഷകരെ വളരെയധികം ആകർഷിച്ചിട്ടുള്ളവയാണ്.

ഇതുപര്യന്തം മലയാളചലച്ചിത്രലോകത്തു് ജന്മമെടുത്തിട്ടുള്ള ചിത്രങ്ങളിലൊന്നിലും ലളിതയും പത്മിനിയും പ്രത്യക്ഷപ്പെട്ടിട്ടില്ല. വെള്ളിനക്ഷത്രത്തിൽ അവരുടെ ഒരു നൃത്യരംഗംകൂടി ചേർക്കുന്നതിനു് ആലോചനനടന്നുവെങ്കിലും അഭിപ്രായവ്യത്യാസത്താൽ അതും നടക്കുകയുണ്ടായില്ല. എന്നാൽ ഇപ്പോൾ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ചില ചിത്രങ്ങളിലും ഭാവിയിൽ ഉണ്ടാകുവാൻപോകുന്ന ചിത്രങ്ങളിലും ഈ നർത്തകികൾക്കു അഭിനയിക്കുവാൻ അവസരം നൽകപ്പെടുമെന്നു് നമുക്കു് ന്യായമായി പ്രതീക്ഷിക്കാം. കോട്ടയം ജിയോപിക്ചേഴ്സു് നിർമ്മിച്ചുകൊണ്ടിരിക്കുന്ന "മധുവിധു"വിലും എല്ലീസ്. ആർ. ഡങ്കൻ ഡയറക്ട്ചെയ്യുന്ന "ചന്ദ്രിക"യിലും ലളിതാ പത്മിനികൾ അഭിനയിച്ചുകൊണ്ടിരിക്കുന്നു. ലളിതാ പത്മിനിമാരെപ്പോലെയുള്ള കലാകർത്രികൾക്കു വേണ്ടത്ര പ്രോത്സാഹനം നൽകുന്നതിന് ഇനിയുമെങ്കിലും മലയാളചിത്രനിർമ്മാതാക്കൾ മുതിരുമെങ്കിൽ അതു് അവർക്കു കലാലോകത്തിനും നേട്ടമായിരിക്കും. കേരളത്തിലെ വളക്കൂറുള്ള മണ്ണിൽ മുളച്ച കലാകാരന്മാരിൽ ഭൂരിഭാഗവും പ്രോത്സാഹനത്തിന്റെ അഭാവത്തിൽ ഉന്നതങ്ങിക്കരിഞ്ഞുപോയിട്ടുണ്ട്. വല്ല കേരളീയകലാകാരന്മാരും പ്രഖ്യാതരായിട്ടുണ്ടെങ്കിൽ അവരുടെ ഉൽകർഷത്തിന്റെ നിദാനം കേരളത്തിൽനിന്നു വിട്ടു് പരദേശികളെ സേവിച്ചതാണ്. പേരും പെരുമയും സമ്പാദിച്ചുകൊണ്ടു് അവർ മടങ്ങിയെത്തുമ്പോൾ നാം ഹാരങ്ങളും അഭിനന്ദനങ്ങളുംകൊണ്ടു് അവരെ സമീപിക്കും. ഇതത്രെ നമ്മുടെ കലാപ്രോത്സാഹനത്തിന്റെ സാധാരണരീതി. ഈ ദുസ്ഥിതിക്കു് ഒരു പരിവർത്തനം സംഭവിച്ചിരുന്നെങ്കിൽ ......

'കല കലാജനങ്ങൾക്കു്' എന്ന സിദ്ധാന്തത്തിൽ വിശ്വസിക്കുന്നവരാണ് ലളിതയും പത്മിനിയും. അവരുടെ കുടുംബാംഗങ്ങളെല്ലാം ഉയർന്ന നിലയിലുള്ളവരാണ്. സഹോദരിൽ ഒരാൾ ഇപ്പോൾ മദ്രാസിൽ ഒരു ഉയർന്ന സൈനികോദ്യോഗസ്ഥനാണ്. കുറച്ചുകാലമായി ലളിതയും പത്മിനിയും തങ്ങളുടെ മാതാവിനോടുകൂടി മദ്രാസിൽ താമസമുറപ്പിച്ചിരിക്കുകയാണ്. അവരുടെ പിതാവു് തിരുവനന്തപുരത്തും താമസിക്കുന്നു. ലളിതയ്ക്കു് ഇപ്പോൾ 20 വയസ്സും പത്മിനിക്കു് പതിനേഴും വയസ്സു പ്രായമുണ്ടു്. പ്രായംകൊണ്ടു് ഇപ്പോഴും ചെറുപ്പമായ ഈ നർത്തകികൾക്കു് ഇതിലും ശോഭനവും ഭാസുരവുമായ ഭാവി ലഭിച്ചേക്കാനും ഇടയുണ്ടു്. പക്ഷെ കേരളീയനൃത്യരീതി വിട്ടു് ലളിതയും പത്മിനിയും ഇംഗ്ലീഷ് രീതിയിലുള്ള നർത്തനത്തിൽ ഭ്രമിക്കാതിരുന്നെങ്കിൽ കൂടുതൽ അഭിലഷണീയമായിരുന്നു. ബഹുജനങ്ങളുടെ അനവരതമായ അഭിനന്ദനങ്ങൾ ആർജ്ജിച്ചുകൊണ്ടിരിക്കുന്ന ഈ നർത്തകികൾ സർവ്വോൽക്കർഷേണ വർത്തിക്കട്ടെ!

—o—

ചലച്ചിത്രനിരൂപണം; —

# ദില്ലഗി

സംഗീതത്തിന് സർവ്വതോമുഖമായ പ്രാധാന്യം നൽകി നിർമ്മിച്ചിട്ടുള്ള ഒരു ഹിന്ദിചലച്ചിത്രമത്രെ ദില്ലഗി. വികാരോത്തേജകമായ ഇതിലെ അഭിനയങ്ങൾ ഏതൊരു ഹൃദയത്തെയും ചലിപ്പിക്കാതിരിക്കുകയില്ല. ശോകാത്മകമായ ഒരു പ്രേമകഥയാണ് ചിത്രത്തിന്റെ ഇതിവൃത്തം. ഒരു യുവതിയും യുവാവും തമ്മിൽ പരിശുദ്ധപ്രേമത്തിൽ ആത്മാർത്ഥമായി അലിഞ്ഞുചേരുന്നു. അവരുടെ പ്രേമം നിരവധി അഗ്നിപരീക്ഷണങ്ങളെയും പ്രതിബന്ധങ്ങളെയും അഭിമുഖീകരിക്കുന്നു. വിധിവൈപരീത്യത്താൽ ഇരുവരും മരണത്തിന്റെ കരാളവക്ത്രത്തിലേയ്ക്കു് ഇഴഞ്ഞിറങ്ങുന്നു. ഇതത്രെ കഥയുടെ ചുരുക്കം. കഥയെസംബന്ധിച്ചിടത്തോളം ദില്ലഗിയിൽ വലിയ പുതുമയൊന്നും ദർശിക്കുവാൻ സാധ്യമല്ല. അവിടവിടെ കഥാശരീരത്തിൽ അയഥാർത്ഥ്യങ്ങളും അസംഭാവ്യതകളും തിരുകിച്ചേർത്തിട്ടുമുണ്ട്. ജീവിതത്തിന്റെ എല്ലാവശങ്ങളും സ്പർശിക്കുന്നതിനു ഈ ചിത്രത്തിൽ ശ്രദ്ധിച്ചിട്ടുമില്ല. പക്ഷെ നൌഷാദ് രചിച്ചിട്ടുള്ള ഗാനങ്ങൾ മധുരമനോഹരമായ രീതിയിൽ സുരയ്യായും ശ്യാമും ആലപിക്കുന്നതു കേൾക്കുമ്പോൾ ഈ ചിത്രത്തിന്റെ ഇതരന്യൂനതകളെക്കുറിച്ചു് അധികമാരും ശ്രദ്ധിക്കാനിടയില്ല. ഗാനങ്ങളെല്ലാം പൊതുവേ സാഹിത്യപ്രധാനങ്ങളുമാണ്. സുരയ്യായുടെ നൃത്യരംഗങ്ങൾ തികച്ചും ആകർഷണീയമായിട്ടുണ്ട്. കഥാനായകനായ ശ്യാമും നായികയായ സുരയ്യായും അവരവരുടെഭാഗങ്ങൾ ഏററവും തന്മയത്വമായി അഭിനയിച്ചു് വിജയിപ്പിച്ചിട്ടുണ്ട്. കർദാറിന്റെ ഡയറക്ഷനും പറയത്തക്ക ന്യൂനതകളൊന്നും സംഭവിച്ചിട്ടില്ല. സൌണ്ട്റിക്കാർഡിങ്ങും സീനറിയും ഛായാഗ്രഹണവും ഭേദപ്പെട്ടനിലയിലുള്ളവയാണ്. സംഗീതപ്രേമികളായ പ്രേക്ഷകരെ ദില്ലഗി വളരെയധികം ആകർഷിക്കുകയും ആനന്ദിപ്പിക്കുകയും ചെയ്യാതിരിക്കുകയില്ല.

—o—

# ഫിലിം വാർത്തകൾ

വൈക്കം വാസുദേവൻനായരുടെ "യാചകി" എന്ന നാടകം ചലച്ചിത്രത്തിലേടുക്കാൻ ഇടയുണ്ടെന്നറിയുന്നു. ഈ ചിത്രം സംവിധാനംചെയ്യുന്നതു് "നല്ലതങ്ക"യുടെ ഡയറക്ടറായ പി. വി. കൃഷ്ണയ്യരായിരിക്കും.

* * *

ജിയോപിക്ചേഴ്സിന്റെ 'മധുവിധു'വിന്റെ 8000 അടിയോളം ഷൂട്ടിംഗ് നിർവ്വഹിച്ചിരിക്കുന്നു. ചിത്രം രണ്ടു മാസത്തിനകം റിലീസാകുന്നതാണ്.

* * *

പക്ഷിരാജാസ്റ്റുഡിയോവിൽ "ഏഴൈ പെട്ടപാടു്" എന്ന ചിത്രത്തിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. വി. നാഗയ്യാ, എസ്. ആർ. ജാനകി, ചെറുകുളത്തൂർശാമ, കുമാരിരാജം തുടങ്ങിയവരാണ് ഈ ചിത്രത്തിലെ നടീനടന്മാർ.

* * *

"മനിതൻ" "ധൂളിവിഷം" എന്നിങ്ങനെ രണ്ടു ചിത്രങ്ങൾ നിർമ്മിക്കുന്നതിനു് ജൂപ്പിറ്റർ പിക്ചേഴ്സ് പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

* * *

സുകുമാർപിക്ചേഴ്സിന്റെ "അവനും അവളും" എന്ന തമിഴ് ചിത്രത്തിന്റെ നിർമ്മാണോൽഘാടനം കാമരാജനാടാർ നിർവ്വഹിച്ചിരിക്കുന്നു.

* * *

ജൂപ്പിറ്റർകമ്പനിക്കാർ "കരികാലൻ" എന്നൊരുചിത്രം നിർമ്മിക്കാൻ തീരുമാനിച്ചിരിക്കുന്നു. കെ. രാമനാഥൻ ഡയറക്ട് ചെയ്യുന്ന ഈ ചിത്രത്തിൽ രാമസ്വാമി, എം. വി. രാജമ്മ, മാധുരീദേവി, അഞ്ജലിദേവി, ഭാനുമതി തുടങ്ങിയ പ്രസിദ്ധതാരങ്ങൾ അഭിനയിക്കുന്നതാണ്.

* * *

ശോഭനാചലാസ്റ്റുഡിയോവിൽ "മനദേശം" എന്ന ചിത്രത്തിന്റെ നിർമ്മാണം ആരംഭിച്ചിരിക്കുന്നു. കഞ്ചൻ, നാഗയ്യാ, ലക്ഷ്മീകാന്തം, കൃഷ്ണവേണി, എന്നിവർ അഭിനയിക്കുന്ന ഈ ചിത്രം മി. പ്രസാദ് ഡയറക്ട് ചെയ്യുന്നു.

* * *

വാഹിനിസ്റ്റുഡിയോവിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന "സൌക്കർ" "വതങ്ങളെരെവി" "മല്ലീശ്വരി" "സ്വപ്നസുന്ദരി" "ലവണ്യ" "മായാരംഭ" എന്നീ തെലുങ്കുചിത്രങ്ങളുടെനിർമ്മാണം മിക്കവാറും പൂർത്തിയാകാറാകുന്നു.

* * *

രാജപുത്രരുടെ വീരപരാക്രമങ്ങളും പ്രേമകഥകളും ഉൾക്കൊള്ളുന്ന "അജിത" എന്ന വർണ്ണചിത്രത്തിന്റെ പ്രദർശനം ഉടനെ ആരംഭിക്കുന്നതാണ്.

* * *

ഫിലിമിസ്ഥാൻ സ്റ്റുഡിയോക്കാരുടെ "സമാധി"യുടെ നിർമ്മാണം പൂർത്തിയായി. നളിനി ജയവന്ത്, അശോക്കുമാർ മുതലായവരാണ് ഈ ചിത്രത്തിൽ അഭിനയിച്ചിട്ടുള്ളതു്.

* * *

കുൽദീപ് പിക്ചേഴ്സിന്റെ "ആദിരാത്രി" എന്ന ചിത്രത്തിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കെ. ഏ. അബ്ബാസ് ആണ് കഥാരചന നിർവ്വഹിച്ചിരിക്കുന്നതു്. അശോക്കുമാർ, നർഗീസ് തുടങ്ങിയവരാണ് ഈ ചിത്രത്തിൽ അഭിനയിക്കുന്നതു്. എസ്സ്. കെ. ഓസയാണ് ഡയറക്ടർ.

* * *

ഗാന്ധിജിയേയും അദ്ദേഹത്തിന്റെ ആദർശങ്ങളേയുംസംബന്ധിച്ചു് ഒരു അമേരിക്കൻ എഴുതിയിട്ടുള്ള "ലീഡ്കൈൻഡ്ലിലൈററ്" എന്ന ഗ്രന്ഥത്തെ ആസ്പദമാക്കി ഒരു ചലച്ചിത്രം നിർമ്മിക്കാൻ ന്യൂയോർക്കിലെ ഒരു സിനിമാക്കമ്പനി പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

* * *

ഭയാനകമായി അറിഞ്ഞിരിക്കേണ്ട വിഷയങ്ങളെ പ്രതിപാദിക്കുന്ന രണ്ടു വർണ്ണചിത്രങ്ങൾ നിർമ്മിക്കാൻ അമേരിക്കയിൽ ഒരു ചലച്ചിത്രകമ്പനി ആലോചിക്കുന്നുണ്ട്.

* * * *

ബീഹാറിൽ വൻചിലവിൽ പുതുതായുള്ള ഒരു ഭാരതീയനൃത്തകലാലയം ഹാമായപ്പൻ, മിസ്സിസ് സുശീല എന്നിവരുടെ നേതൃത്വത്തിൽ സ്ഥാപിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

* * *

ചലച്ചിത്രനിർമ്മാണം സംബന്ധിച്ചു് ശാസ്ത്രീയമായ ബോധനം നൽകാൻ കല്ക്കട്ടായിൽ ഒരു "സിനിമാ അക്കാഡമി" തുടങ്ങുവാനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഡയറക്ടറന്മാർ, നിർമ്മാതാക്കൾ, "ടെക്നീഷ്യൻസ്" തുടങ്ങിയവരായിരിക്കും ഈ കലാലയത്തിലെ അദ്ധ്യാപകർ.

* * *

നാടകകലയിൽ പരിശീലനം നൽകുന്നതിനു മദ്രാസിൽ ഒരു "നാടകകലാലയം" ഉൽഘാടനം ചെയ്തിരിക്കുന്നു. സുപ്രസിദ്ധ നാടകനടനായ ടി. കെ. ഷൺമുഖത്തിന്റെ നേതൃത്വത്തിലാണ് ഈ കലാലയത്തിന്റെ പ്രവർത്തനം പുരോഗമിക്കുന്നതു്.

* * *

പ്രശസ്തനർത്തകനായ ഉദയശങ്കരും പാർട്ടിയും ഫെബ്രുവരിയിൽ കേരളം സന്ദർശിക്കാൻ ഇടയുണ്ട്.

* * *

പതിനാറുവയസ്സിനുതാഴെയുള്ള ബാലന്മാർ വിദ്യാഭ്യാസപരവും മതപരവുമല്ലാത്ത ചിത്രങ്ങൾ കാണുന്നതിനെ നിരോധിച്ചുകൊണ്ടു മദ്ധ്യഭാരതഗവണ്മെന്റ് പാസ്സാക്കിയിട്ടുള്ള നിയമത്തിന്നെതിരായി ഇന്ത്യയിലെ ഫിലിം വ്യവസായികൾ പ്രതിഷേധം രേഖപ്പെടുത്തിയിരിക്കുന്നു. ഈ നിയമം പുനഃപരിശോധന ചെയ്യണമെന്നും അവർ ആവശ്യപ്പെട്ടിട്ടുണ്ട്.

* * *

അഭിനയഭാഗങ്ങൾ മറന്നുപോകുന്ന താരങ്ങളുടെ സഹായത്തിനായി ഒരു പുതിയ പദ്ധതി ഹോളിവുഡിൽ ഏർപ്പെടുത്തിയിരിക്കുന്നു. നിർമ്മാണവൈചിത്ര്യത്താൽ നിഗൂഹനം ചെയ്യപ്പെട്ടിരിക്കുന്ന ഒരു ചെറിയ ഇയർഫോണും ഏറിയൽചെയ്ത ഒരു ചെറിയ റേഡിയോയും ഒരോതാരത്തിനും ഉണ്ടായിരിക്കും. ഇതുനിമിത്തം അഭിനയഭാഗങ്ങൾ മറക്കാതിരിക്കാൻ കഴിയുമെന്നു് അനുഭവപ്പെട്ടിരിക്കുന്നു.

—o—

## വിഷയവിവരം

| | | പേജ് |
|---|---|---|
| 1) | സിനിമാപംക്തി | 2 |
| 2) | ഭാരതസ്ത്രീകളുടെ മാർഗ്ഗദീപം — ഡി. എൻ. | 3 |
| 3) | അസത്യവും അസത്യവാന്മാരും — നാനാ | 4 |
| 4) | നമ്മസല്ലാപം—എസ്. കെ. നായർ, യൂണിവേഴ്സിററിലക്ചറർ, മദിരാശി | 5 |
| 5) | ഒടുവിൽ (കവിത) സി. പി. ഗോപിനാഥൻനായർ എം.ഏ. | 6 |
| | ചോളച്ചെടി—എസ്. കെ. നായർ | ,, |
| 6) | കരുത്തരാജാവും വെളുത്തരാജ്ഞിയും | 7 |
| 7) | കാശി വിശ്വവിദ്യാലയം— ടി. വി. ബാലകൃഷ്ണപിള്ള, ബനാറീസ്. | 8, 9 |
| 8) | പിശാചുപിടിച്ചു (ചെറുകഥ) കെ. എൻ. ദാമോദരൻനായർ | 10 |
| 9) | പ്രാചീനപ്രേമഗീതങ്ങൾ അഥവാ മണിപ്രവാളം— ഡാക്ടർ പി. കെ. നാരായണപിള്ള എം. ഏ. പി. എച്ച്. ഡി. | 12 |
| 10) | ഈ ആഴ്ചയിലെ നക്ഷത്രഫലം— തകഴി കെ. രാമവാര്യർ | 13 |
| 11) | നമ്മുടെ ധാതുക്കൾ— മംഗലം ചക്രപാണി | 14 |
| 12) | ബാലപംക്തി | ,, |
| 13) | മാംസളക്കുകളായ സസ്യങ്ങൾ— ആർ. മാധവൻനായർ ബി. എസ്സ്സി | 15 |
| 14) | പ്രൊഫസ്സർ ആൽബർട്ട്ഐൻസ്റ്റീൻ — ഇ. എം. ജെ. വെണ്ണിയൂർ | 16 |

മുഖചിത്രം— കാശിവിശ്വനാഥക്ഷേത്രത്തിന്റെ മുൻവശത്തെ മകുടം: ഈ മകുടം മുഴുവൻ സ്വർണ്ണത്തകിടുകൊണ്ടു പൊതിഞ്ഞതാണ്.




(പതിനാറാംപേജിൽനിന്നു തുടർച്ച)

ദ്യം അമേരിക്കയും പ്രസ്തുത ശ്രമം തുടങ്ങണമെന്നുതന്നെയായിരുന്നു. പ്രസിഡൻറിന്റെ അനുവാദത്തോടുകൂടെ പ്രസിദ്ധമായ മാൻഹാററൻപദ്ധതി ആസൂത്രണംചെയ്യപ്പെടുകയും അതു് ഹിരോഷിമായിലും നാഗശാകിയിലും അതിന്റെ വിഷാഗ്നി വമിക്കുകയുംചെയ്തു. അണുബാംബുപ്രയോഗത്തിനു് ഐൻസ്റ്റീൻ കൂട്ടുനിന്നിട്ടില്ലെന്നുള്ളതിനു് അണുബാംബിനെതിരായി പ്രചരണം നടത്തുകയെന്ന അദ്ദേഹത്തിന്റെ പരിശ്രമങ്ങൾ വ്യക്തമാക്കുന്നു.

ഇപ്പോൾ ഐൻസ്റ്റീനു് എഴുപതുവയസ്സു തികഞ്ഞു. എങ്കിലും സ്വതസ്സിദ്ധമായ ഊർജ്ജസ്വലതയോടെ അദ്ദേഹം മാനവസമുദായത്തിന്റെ ഉദ്ധാരണത്തിനു അശ്രാന്തം പരിശ്രമിക്കയാണ്. എല്ലാ ശാസ്ത്രജ്ഞന്മാരിലുംവെച്ചു് തികഞ്ഞ ഒരു മനുഷ്യസ്നേഹിയും, അന്തർദ്ദേശീയവാദിയും സമാധാനകുതുകിയുംഐൻസ്റ്റീനാണ്. ബർണാർഡ്ഷാ ഒരിക്കൽ പറഞ്ഞു "ഇന്നു ലോകത്തിൽ മൂന്നു മഹാന്മാരുണ്ടു്. ഒന്നാമത്തു് ഏററവും വലിയ രാഷ്ട്രീയനേതാവായ സ്റ്റാലിൻ, രണ്ടാമത്തു് ഏററവും വലിയ ശാസ്ത്രജ്ഞനായ ഐൻസ്റ്റീൻ. മൂന്നാമത്തു് ഏററവും വലിയ നാടകകൃത്തായ ഒരാൾ. വിനയംമൂലം അതു് ആരെന്നു പറയുന്നില്ല." (ഒടുവിലത്തെയാൾ താൻതന്നെയാണെന്നാണ് ഷായുടെ അഭിപ്രായം.) ഇപ്രകാരം ഷാപോലും തലകുലുക്കി ബഹുമാനിക്കുന്ന ഐൻസ്റ്റീൻ ഒരു പൂർണ്ണനായ മഹാനാണെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ.

(പകർപ്പവകാശം)

—*—

# മലയാളരാജ്യം

ആഴ്ചപ്പതിപ്പ്

പുസ്തകം ൨൨ | കൊല്ലം, ൧൧൨൫ കുംഭം ൧൫-ാംനു- തിങ്കളാഴ്ച 27th February 1950. | ലക്കം ൨൨൧


# ഭാരതസ്ത്രീകളുടെ മാർഗ്ഗദീപം

ഡി. എൻ.

ശ്രീമതി കസ്തൂർബാഗാന്ധി ഈ ലോകത്തോട് യാത്രപറഞ്ഞു പിരിഞ്ഞിട്ട് വർഷം ആറു തികഞ്ഞു. അമാനുഷനായ ആത്മനാഥന് സ്വയം അനുകൂലയായിരുന്ന ആ മഹതിയുടെ സാന്നിദ്ധ്യം അപരിത്യാജ്യമായിരുന്ന ഒരു ഘട്ടത്തിൽ അവർ ഇഹലോകവാസം വെടിഞ്ഞതു് ഭാരതത്തിന്റെ ദുർഭാഗ്യമെന്നേ കരുതേണ്ടൂ. സ്വന്തം പ്രവൃത്തികൾകൊണ്ട് തെറ്റേതു്, ശരിയേതു് എന്നു ഭാരതത്തിലെ ബഹുകോടിജനങ്ങൾക്ക് മാർഗ്ഗദർശനംചെയ്യുവാൻ ബാ നമ്മുടെകൂട്ടത്തിൽ ഇല്ലെന്നുള്ളതു ശരിതന്നെ. എങ്കിലും, തന്റെ എഴുപതിൽപരം വർഷത്തെ ജീവിതത്തിനിടയിൽ, യാതൊരു ഒച്ചപ്പാടും ആർഭാടവുംകൂടാതെ അവർ അനുഷ്ഠിച്ചിട്ടുള്ള സേവനങ്ങൾ, ഈ ലോകം ഉള്ളിടത്തോളംകാലം സ്വകർത്തവ്യമെന്തെന്ന് അറിയാതെ ഇരുട്ടിൽ ഉഴലുന്ന സകലർക്കും വഴിത്താരയായി പ്രശോഭിക്കുന്നതാണ്.

സത്യസന്ധതയോടും ആത്മാർത്ഥമായും സ്വജീവിതം നയിക്കുന്ന ആരുംതന്നെ യഥാർത്ഥത്തിൽ മരണംപ്രാപിക്കുന്നില്ല. ഭൂമിയിലെ അവരുടെ ജീവിതം അനശ്വരമായിട്ടുള്ള ജീവിതത്തിന്റെ ഗർഭധാനകാലം മാത്രമാണ്. തങ്ങളുടെ മരണത്തോടുകൂടി അവർ, സംഖ്യയില്ലാത്ത ജനഹൃദയങ്ങളിൽ, ആശയുടേയും, വിശ്വാസത്തിന്റേയും, പ്രചോദനത്തിന്റേയും രൂപങ്ങളിൽ അക്ഷയശക്തിയോടെ വിരാജിച്ചരുളുന്നു. സ്വകർത്തവ്യമെന്തെന്നറിയാതെ ജീവിതക്കൊടുങ്കാട്ടിൽ കിടന്നുഴലുന്ന അശക്തരും അജ്ഞരും ആയ ജനങ്ങൾക്ക് കാറും കോളും നിറഞ്ഞ നടുക്കടലിൽ കരയേതെന്നും കരണീയമെന്തെന്നും അറിയാതെ വിഷമിക്കുന്ന കപ്പിത്താന് വഴികാട്ടി സഹായിക്കുന്ന സ്ഫടതാരപോലെ കസ്തൂർബായുടെ ജീവിതം മാർഗ്ഗദീപമായി പ്രദ്യോതിക്കുന്നു.

ശ്രീമതി കസ്തൂർബായെ സീതയോടും, സാവിത്രിയോടും, ദൈമിയോടും ഉപമിക്കുവാൻ ജനങ്ങൾ വ്യഗ്രതകാണിക്കുന്നുണ്ട്. എന്നാൽ, സുചരിതകളായ ആ പൗരാണികമഹതികളെപ്പോലെ ഭർത്താവിന്റെ ഹിതങ്ങളെ യാതൊരു ആലോചനയുംകൂടാതെ, അതേപടി അനുസരിക്കുകയാണോ ബാ ചെയ്തിട്ടുള്ളതു? അല്ല. ആധുനികവിദ്യാഭ്യാസം സിദ്ധിച്ച, പാശ്ചാത്യപരിഷ്കാരം ഉത്ഭവസ്ഥാനത്തുതന്നെ പോയി പരിചയിച്ചുവന്ന ദൃഢചിത്തവും ഉറച്ച അഭിപ്രായങ്ങളും ഉള്ള ഒരു മഹാപുരുഷന്റെ ഗ്രാമീണയും, അനഭിജ്ഞയും, അക്ഷരശൂന്യയും ആയ പത്നി ആയിരുന്നു കസ്തൂർബാ. എങ്കിലും സ്വഭർത്താവുപറയുന്നതെന്തും, ഗുണദോഷനിരൂപണംനടത്താതെ സ്വീകരിക്കുവാൻ അവർ തയ്യാറായിരുന്നില്ല. ഇതുമൂലം നേരിടുന്ന പ്രത്യാഘാതങ്ങളെ കുടുംബഛിദ്രത്തിന് ഇടകൊടുക്കാത്തവിധം നേരിടുന്നും അവർ സമർത്ഥയായിരുന്നു. തന്റെ ഈ നിരൂപണബുദ്ധി, ഭർത്താവല്ലാതെ ആരുമേതും സഹായത്തിനില്ലാതിരുന്ന ആഫ്രിക്കയിൽവച്ചുപോലും പ്രകടിപ്പിക്കുവാൻ അവർ മടിച്ചിരുന്നില്ല. ഗാന്ധിജി-തന്നെ ഈ വസ്തുത പിൽക്കാലത്തു അഭിമാനപൂർവ്വം സ്മരിക്കുന്നുണ്ട്. തേജോമയനായ സ്വഭർത്താവിന്റെ പ്രകാശംതട്ടി വെളിച്ചംപരത്തിയ ഒരു നക്ഷത്രമായിരുന്നില്ല അവർ. അവർക്കും ഒരു വ്യക്തിത്വവും സ്വന്തമായ ആദർശങ്ങളും ഉണ്ടായിരുന്നു. അവയാണ് കസ്തൂർബായ്ക്കു ഭാരതീയവനിതാമണികളുടെമദ്ധ്യ ഒരു മഹനീയസ്ഥാനം നേടിക്കൊടുത്തതും. ലോകത്തിനുവേണ്ടി ജീവിതകാലമത്രയും പ്രയത്നിച്ച ജീവനാഥന് കസ്തൂർബാ എപ്പോഴും ഒരു താങ്ങും സഹായവുമായിരുന്നു. തന്റെ ജീവിതം ക്രമപ്പെടുത്തുന്നതിലും രാജ്യത്തിനും ലോകത്തിനുംവേണ്ടി സേവനം അനുഷ്ഠിക്കുന്നതിനും ഗാന്ധിജി സ്വീകരിച്ച എല്ലാമാർഗ്ഗങ്ങളിലും കസ്തൂർബാ അദ്ദേഹത്തെ നിസ്സങ്കോചം സഹായിച്ചിരുന്നു. ജീവിതത്തിന്റെ ഉത്തരാർദ്ധത്തിൽ ഗാന്ധിജി നിഷ്കൃഷ്ടമായി ബ്രഹ്മചര്യം പാലിച്ചുകൊണ്ടാണ് സ്വപ്രവർത്തനങ്ങൾ തുടർന്നതു്. ഇക്കാര്യത്തിൽ കസ്തൂർബായുടെ സഹകരണം എത്രസഹായകമായിരുന്നുവെന്ന് അവിടുന്നു കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നുണ്ട്. ഇതുപോലെതന്നെ ആഡംബരങ്ങൾ കൈവെടിഞ്ഞു ലഘുജീവിതം നയിക്കുന്നതിലും, സത്യഗ്രഹപ്രസ്ഥാനത്തിലും അതുപോലെയുള്ള ഗാന്ധിജിയുടെ എല്ലാം മഹാദ്യമങ്ങളിലും കസ്തൂർബാ പൂർണ്ണമനസ്സാ സഹകരിക്കുകയുംസഹായിക്കുകയും ചെയ്തിരിക്കുന്നു. സോക്രട്ടീസ്, ടോൾസ്റ്റോയി തുടങ്ങിയ മഹാന്മാരുടെ പത്നിമാരെപ്പോലെയായിരുന്നു കസ്തൂർബായും എങ്കിൽ, ഗാന്ധിജിയുടെ ജീവിതം എത്രത്തോളം ദുരിതപൂർണ്ണമായിത്തീരുമായിരുന്നു. അതിനാൽ ഗാന്ധിജിയുടെ മഹത്തായ നേട്ടങ്ങൾക്ക് കസ്തൂർബായും പരോക്ഷമായിട്ടെങ്കിലും ഉത്തരവാദിയാണ്.

ഭാരതീയ സ്ത്രീകളുടെ തനിമാതൃകയായിരുന്നു അവർ. പേരോ, പെരുമയോ അവർ മോഹിച്ചിരുന്നില്ല. അനാഭാടമായി, നിസ്സ്വാർത്ഥമായി സ്വഭർത്താവിനേയും അങ്ങിനെ ലോകത്തേയും സേവിക്കുവാനാണ് അവർ ജീവിതം അർപ്പിച്ചതു്. ഗാന്ധിജിയുടെ എല്ലാം പരീക്ഷണങ്ങളിലും അദ്ദേഹത്തെ ഏറ്റവും സഹായിച്ചിട്ടുള്ളതു് കസ്തൂർബാ ആണ്. സബർമതി ആശ്രമത്തിലും, വർദ്ധാ ആശ്രമത്തിലും ഗാന്ധിജിയൊന്നിച്ചു താമസിച്ചുകൊണ്ട് അവർ ഭാരതത്തെ സേവിച്ചു. സ്വഭർത്താവിന്റെ ഐശ്വര്യത്തിലും ദുഷ്കാലത്തിലും അവർ ഒരുപോലെ അദ്ദേഹത്തെ അനുഗമിച്ചു. അങ്ങിനെ തടവിൽവച്ചുപോലും ഭർതൃശുശ്രൂഷചെയ്തുകൊണ്ട് ഇഹലോകവാസം വെടിയുവാനുള്ള ഭാഗ്യവും അവർക്ക് സിദ്ധിച്ചു.

അടിമയായ ഭാരതത്തിലാണ് കസ്തൂർബാ ജനിച്ചതും, ജീവിച്ചതും, മരിച്ചതും. ഭാരതം ഇന്നു സ്വതന്ത്രമായി. ഇതിൽ സ്വർഗ്ഗത്തിൽ സ്ഥിതിചെയ്യുന്ന കസ്തൂർബായുടെ ആത്മാവ് ആഹ്ളാദിക്കുന്നുണ്ടെന്നുള്ളതു തീർച്ചതന്നെ. എന്നാൽ, തന്റെ ആഗ്രഹം അനുസരിച്ച ഭാരതം കരുപ്പിടിക്കുന്നതിൽ, സ്വസാന്നിദ്ധ്യം കൊണ്ട് സഹായിക്കുവാൻ സാദ്ധ്യമല്ലല്ലോ എന്നോർത്തു് ആ മഹാത്മാവു ഉൽക്കണ്ഠപ്പെടുകയും ചെയ്യുന്നുണ്ടായിരിക്കണം. ആ ആത്മാവിന്റെ ഉൽക്കണ്ഠശമിപ്പിക്കേണ്ടതു്, ഭാരതത്തിൽ അധിവസിക്കുന്ന ഓരോ പുത്രിയുടേയും കടമയാണ്. അവർ അതിനായി ഉദ്ധാനിശ്ചയം ചെയ്യുമെങ്കിൽ, തുനിഞ്ഞിറങ്ങുമെങ്കിൽ, അശ്രാന്തം പരിശ്രമിക്കുമെങ്കിൽ കസ്തൂർബായുടെ ആത്മാവു സന്തുഷ്ടമാകും. അനുകരണമാണല്ലോ ഏറ്റവും വലിയ പ്രശംസ. അതിനാൽ, കസ്തൂർബായുടെ മാതൃകയനുസരിച്ചു നയിക്കുന്ന ജീവിതം ആയിരിക്കും അവർക്കു നൽകുന്ന ഏറ്റവും വലിയ പ്രശംസയും സ്മാരകവും.

കസ്തൂർ ബാ ഗാന്ധി



# അസത്യവും അസത്യവാന്മാരും

നൂനാ

വിളിച്ചു ചിരിച്ചുട്ടഹസിച്ചുകൊണ്ടുവരുന്ന ഒരുകൂട്ടം ആളുകളെക്കണ്ടപ്പോൾ പാതിരി അവരോടു് അവരുടെ ഈ സന്തോഷത്തിനു കാരണമെന്താണെന്നു ചോദിച്ചു. അക്കൂട്ടത്തിൽ ഒരു തേയിലപ്പാത്രവും പിടിച്ചുകൊണ്ടൊരുവൻ നിന്നിരുന്നു. അതും ഉയർത്തിപ്പിടിച്ചുകൊണ്ടവൻ പറഞ്ഞു, "ഞങ്ങൾ ഏററവും വലിയ അസത്യംപറയാൻ കഴിവുള്ളവനെ അന്വേഷിച്ചു നടക്കുകയാണു്. അങ്ങിനെ ഒരുവനെക്കണ്ടുമുട്ടുന്നെങ്കിൽ അവനിത്തേയിലപ്പാത്രം സമ്മാനം കൊടുക്കുന്നതായിരിക്കും.'' പാതിരിക്കിതു് രസിച്ചില്ല. അദ്ദേഹം ഉപദേശിച്ചു, "നിങ്ങളിച്ചെയ്യുന്നതു തെററാണു്. അസത്യത്തിനാരെങ്കിലും സമ്മാനം നൽകാറുണ്ടോ? ഇതിൽനിന്നും നിങ്ങൾ വിരമിക്കണം. ഞാനെന്റെ ജീവിതത്തിൽ ഒരിക്കൽപോലും കള്ളം പറഞ്ഞിട്ടില്ല—''

അവർക്കിതു രസിച്ചു. അവരെല്ലാവരും ഒത്തൊരുമിച്ചു വിളിച്ചുപറഞ്ഞു, "ഇദ്ദേഹത്തിനുകൊടുക്കട്ടെ തേയിലപ്പാത്രം. ഇതാണേററവും വലിയ അസത്യം.''

തങ്ങൾ കള്ളം പറഞ്ഞിട്ടില്ലെന്നു് പറയുന്നവരും വിശ്വസിക്കുന്നവരുമാണു് ഒന്നാംതരം കള്ളന്മാർ. അവരവരെത്തന്നെ വഞ്ചിക്കുന്നവരാണു്. കള്ളന്മാർ കള്ളന്മാരല്ല എന്നവർതന്നെ വിചാരിക്കുന്നെങ്കിൽ അതു സ്വാഭാവികം ആണു്. കള്ളം പറയുന്നവരും ചെയ്യുന്നവരും പ്രകൃതിധർമ്മമനുസരിച്ചു ജീവിക്കുന്നവരാണു്. പ്രകൃതി മനുഷ്യനു നൽകിയിട്ടുള്ള ഒരു കഴിവാകുന്നു കള്ളംപറയുക എന്നതു്. ഗൌളിയുടെ വാലിൽ കൈവച്ചാൽ അതു അതിന്റെ വാലുപേക്ഷിച്ചു കടന്നുകളയാറുണ്ടല്ലോ, അതിനെ പിന്തുടരുന്ന ശത്രുക്കളുടെ ശ്രദ്ധയെ മുറിഞ്ഞുപോയതും പിടക്കുന്നതുമായ വാലിലേക്കു് തിരിച്ചുവിട്ടുകൊണ്ടു് ഗൌളി കടന്നുകളയുന്നു. പുതിയ വാലൊന്നു് അതിനു വളരുകയും ചെയ്യുന്നു. ഞണ്ടുകൾക്കു് അവയുടെ കാലുകൾ ഇങ്ങിനെ ഉപേക്ഷിക്കാം. കടൽവെള്ളരിക്കു ശത്രുക്കളുടെ കയ്യിൽപെട്ടാൽ അതിന്റെ കടൽ മുഴുവൻ കക്കിപ്പുറത്താക്കിക്കാണിച്ചു രക്ഷനേടാൻ ശ്രമിക്കാറുണ്ടു്. മുള്ളമ്പന്നിയെ ശുണ്ഠിപിടിപ്പിച്ചാൽ അതു് അതിന്റെ മുള്ളുകൾ വിടുർത്തിക്കാട്ടി ഭയപ്പെടുത്തുന്നു. അപകടാവസ്ഥയിൽപെടുന്ന ജന്തുക്കൾക്കു് അവയുടെ ജീവനെ സ്വയം രക്ഷിക്കാൻവേണ്ടി പ്രകൃതി അവയ്ക്കു് നൽകിയിട്ടുള്ള കഴിവുകളാണു് ഈപ്പറഞ്ഞവയെല്ലാം. ഒരു വിഷമാവസ്ഥയിൽപ്പെട്ട മനുഷ്യനു് അതിൽനിന്നു രക്ഷപ്രാപിക്കാനായി പ്രകൃതി നൽകിയിട്ടുള്ള ഒരു കഴിവാണു് കള്ളംപറയുക എന്നതും. ആവശ്യത്തിനും അവസരത്തിനും അനുസരിച്ചു കള്ളം തട്ടിമൂളിച്ചു രക്ഷനേടാൻ സാമർത്ഥ്യമുള്ളവനാണു് പ്രകൃതിയാലനുഗ്രഹിക്കപ്പെട്ടവൻ. ഉള്ളിൽനിന്നും ഉറവിവരുന്ന കള്ളങ്ങളെ പലരും ഞെക്കിക്കൊല്ലാറുണ്ടു്. ഇതു ആരോഗ്യകരമല്ല. വികാരങ്ങൾക്കും പ്രകൃതിബോധങ്ങൾക്കും മുകളിൽ കയറിനിൽക്കാൻ ശ്രമിക്കുന്നതിനുപകരം കുഞ്ഞുങ്ങളെപ്പോലെ അവയ്ക്കു് വഴങ്ങിക്കൊടുക്കുകയാണു വേണ്ടതു്.

മനുഷ്യരെ രണ്ടായിത്തരംതിരിച്ചിട്ടുണ്ടു്. കള്ളന്മാരെന്നും സത്യവാന്മാരെന്നും. കള്ളനെ സത്യവാനിൽനിന്നും മാററിനിർത്തുന്നതിതാണു്: കള്ളൻ ഒരു കള്ളം പറയുമ്പോൾ അവൻ കള്ളമാണു പറയുന്നതെന്നു് തന്നത്താനറിയുന്നുണ്ടു്, എന്നാൽ സത്യവാൻ ഒരു 'സത്യം' പറയുമ്പോൾ അറിയുന്നില്ല താനൊരു കള്ളമാണു പറയുന്നതെന്നു്. കള്ളമാണു് തങ്ങൾ പറയുന്നതെന്നും പറഞ്ഞതെന്നും അറിയാത്തകൂട്ടരുണ്ടു്; കള്ളം പറഞ്ഞതിനുശേഷം അതിനൊപ്പു വരുത്താനായി കള്ളം പ്രവർത്തിക്കുകകൂടി ചെയ്യുന്ന കൂട്ടരുണ്ടു്; കള്ളം പറഞ്ഞതിനുശേഷം ആ കള്ളം മററു വല്ലവരും തങ്ങൾക്കുവേണ്ടി പറഞ്ഞിരുന്നെങ്കിൽ തങ്ങൾക്കു കള്ളന്മാരെന്നപേരു നേടാതെ കഴിക്കാമായിരുന്നല്ലോ എന്നു കരുതുന്ന മുഴുക്കള്ളന്മാരുണ്ടു്—അങ്ങിനെ അങ്ങിനെ ഏതെല്ലാം തരത്തിലാണാളുകൾ? പക്ഷെ ഒന്നു് ചോദിക്കേണ്ടതുണ്ടു്: എന്തിനാണു നാം പ്രകൃതിക്കു വഴങ്ങിക്കൊടുക്കാതെ തെററിനടക്കാൻ ശ്രമിക്കുന്നതു്? ദാഹിക്കുമ്പോൾ നാം വെള്ളം കുടിക്കുന്നില്ലേ? പിന്നെ അവസരങ്ങൾ ആവശ്യപ്പെടുമ്പോൾ കള്ളം പറയാതിരിക്കുന്നതിന്റെ ഔചിത്യം? വേദാന്തികൾ "ലോകംതന്നെ ഒരു വലിയ അസത്യമാണെ''ന്നു പറയുന്നതിന്റെ ഉദ്ദേശം അസത്യത്തേയും അതു പറയുന്നവരെയും നാം അവജ്ഞയോടു വീക്ഷിക്കുന്നതിന്റെ തെററിനെ നമുക്കു ചൂണ്ടിക്കാണിച്ചു തരുകയാകുന്നു. മനുഷ്യനുള്ള ഒരൊററ സ്വഭാവഗുണം 'കാപട്യം' മാത്രമാണെന്നു ഇങ്ങേഅററം ഓടസ്സാഹിത്യകാരൻതൊട്ടു് അങ്ങേഅററം ഷേക്സ്പീയർവരെയുള്ളവർ പറഞ്ഞിട്ടുള്ളതാണു്. മനുഷ്യന്റെ അകവും പുറവും, അകവും പുറവും ആയതിനാൽ ഒരുപോലെ അല്ല ഇരിക്കുന്നതു്. ഒരുപോലെ ഇരിക്കണമെന്നു വിചാരിക്കുന്ന മഠയന്മാരാണു് "ആത്മാർത്ഥത'', "സത്യം'' എന്നൊക്കെയുള്ള വാക്കുകൾ ഉപയോഗിച്ചുകൊണ്ടു അവ "കാപട്യവും'', "അസത്യ''വും അല്ല എന്നു സമാധാനിച്ചു കഴിയുന്നതു്.

"സംസാരിക്കാനുള്ള കഴിവു് നമുക്കു നൽകിയിരിക്കുന്നതു് അതുപയോഗിച്ചു നമ്മുടെ വിചാരങ്ങളെ മറച്ചുവയ്ക്കാനാണു'', ആരോ, എവിടെയോ പറഞ്ഞിട്ടുണ്ടു്. ജീവിതവിജയം കൈവരണമെങ്കിൽ സത്യം പറയാൻ പാടില്ല. ഉള്ളതു മുഴുവൻ മറയ്ക്കാതെ പുറത്തുവിടുന്നവനു ജീവിക്കാൻ പററിയ സ്ഥലമല്ല ഈ ലോകം. നിങ്ങൾ സ്നേഹിക്കുന്ന പെണ്ണിനോടു പറഞ്ഞുനോക്കു അവൾക്കു പൂച്ചക്കണ്ണുണ്ടെന്നു്; നിങ്ങളുടെ സ്നേഹിതന്റെ അടുത്തു പറയൂ നിങ്ങൾ അയാളുമായി സ്നേഹബന്ധം പുലർത്തിക്കൊണ്ടു പോകുന്നതു അയാളുടെ ബുദ്ധിയില്ലായ്മ മനസ്സിലാക്കാഞ്ഞിട്ടല്ലെന്നു്; നിങ്ങളോടുതന്നെ പറയൂ നിങ്ങളിൽ നിങ്ങൾക്കഭിമാനം കൊള്ളേണ്ടതായി തെന്നുംതന്നെയില്ലെന്നു്. പക്ഷെ, അങ്ങിനെ പറയാനുള്ള മൌഢ്യമോ, ധൈര്യമോ നിങ്ങൾക്കുണ്ടോ? ഉണ്ടെങ്കിൽ നിങ്ങളുടെ പെണ്ണു് അവളുടെ കണ്ണിന്റെ കൃഷ്ണമണിയുടെ നിറം സഹിക്കാവുന്ന ഒരുവന്റെ അടുക്കലേയ്ക്കും, ആ നിറം കാണാൻ കഴിയാത്ത ഒരന്ധന്റെ അടുക്കലേക്കോ പായും. നിങ്ങളുടെ സ്നേഹിതനു നിങ്ങളുടെ മര്യാദയില്ലായ്മയെപ്പററിയെങ്കിലും അറിയാനുള്ള മസ്തിഷ്കശക്തി ഉണ്ടായേക്കാവുന്നതിനാൽ അയാൾ അയാളുടെ ബുദ്ധിയില്ലായ്മയെ മാനിക്കുന്ന മര്യാദയുള്ളിടത്തേയ്ക്കു പററിച്ചുടും. നിങ്ങളുടെ ആ തണ്ടൻമനസ്സു നിങ്ങളുടെ അനാവശ്യമായ വെളിപ്പെടുത്തലിന്റെ ചൂടേററു വാടിക്കരിയും. ഇതാണു സത്യത്തിനോടു നമുക്കു ഒട്ടിച്ചേർന്നു നിൽക്കാൻ സാധ്യമല്ലെന്നു പറഞ്ഞതു്. അറിവുള്ളവനറിയാം സത്യമില്ലെന്നും 'സത്യം' തേടുന്നവരിനും അതു കണ്ടിട്ടില്ലെന്നും, ഗ്രഹിച്ചിട്ടില്ലെന്നും മററും. കാണാനും ഗ്രഹിക്കുവാനും സാധ്യമല്ലാത്ത എന്തോ ഒന്നാണു് 'സത്യം'. 'സത്യം' 'കള്ളമില്ലായ്മ'യാണെങ്കിൽ ലോകത്തു അതിനെ അന്വേഷിച്ചു നടക്കുന്നതു വെറുതെയാണല്ലോ. 'സത്യം' മറുലോകത്താണു്, അവിടെയുണ്ടു് എന്ന വരികിൽ മറുലോകത്തു പോകാറാകുമ്പോൾ നമുക്കതിനെപ്പററി ആലോചിക്കാം. അതിനാൽ ഇപ്പോൾ നമുക്കു ജീവിക്കാം, അസത്യങ്ങൾ വാരിക്കളിച്ചുകൊണ്ടു, പ്രകൃതിബോധങ്ങൾക്കു മുൻപിൽ തല കുനിച്ചുകൊണ്ടു്, പ്രകൃതി തന്നിട്ടുള്ള കഴിവിനെ ശരിയായി ഉപയോഗിച്ചുകൊണ്ടു്.

'അസത്യവാൻ' എന്നുവച്ചാലാരാണു്? തന്നെയോ തന്റെ അയൽപക്കക്കാരെയോ കബളിപ്പിക്കുന്ന ഒരുവൻ; ശരിയായ മാർഗ്ഗം അറിഞ്ഞുകൊണ്ടു തെററായമാർഗ്ഗം നിങ്ങൾക്കു കാണിച്ചുതരുന്ന ഒരുവൻ; നിങ്ങളോടുള്ള പെരുമാററത്തിൽ അത്യധികം മര്യാദ പ്രദർശിപ്പിക്കുന്ന ഒരുവൻ; എപ്പോഴും ചിരിച്ചുകൊണ്ടു നടക്കുന്ന ഒരുവൻ; 'അതെ'യെന്നു പറയേണ്ടയവസരത്തിൽ 'അല്ല'എന്നും, 'ഉണ്ടു്' എന്നു പറയേണ്ട അവസരത്തിൽ 'ഇല്ല' എന്നും പറയുന്നതാണു് ഗുണകരമെന്നു മനസ്സിലാക്കീട്ടുള്ള ഒരുവൻ; തന്റെ ഭാര്യയോടു താനവളെ സ്നേഹിക്കുന്നു എന്നു പറയുന്ന ഒരുവൻ; എല്ലാം വിരക്തിയോടെ വീക്ഷിച്ചു യതീന്ദ്രനായിക്കഴിയുന്ന, താടിമീശയുടെ മറകൂടാതെ മുഖം വെളിയിൽ കാട്ടാനുള്ള ശക്തിപോലും ത്യജിച്ചുകഴിയുന്ന ഒരുവൻ; രാജ്യസ്നേഹിയെന്നോ, സമുദായസ്നേഹിയെന്നോ അറിയപ്പെടുന്ന ഒരുവൻ;—എന്തിനിങ്ങിനെ ഈ പട്ടികയിലെ എണ്ണം വർദ്ധിപ്പിക്കുന്നു?— നിങ്ങളെയോ എന്നെയോ പോലുള്ള ഏതൊരുവനും. എന്തിനാണു നിങ്ങൾ ചിരിക്കുന്നതെന്നെനിക്കു മനസ്സിലായി. പുരുഷൻ മാത്രമേ അസത്യം പറയാറുള്ളു എന്നല്ല ഞാനിപ്പറഞ്ഞതിന്റെ അർത്ഥം. സ്ത്രീയാണു് പുരുഷനേക്കാൾ കൂടുതലായി കള്ളം പറയുന്നതും പ്രവർത്തിക്കുന്നതും. നിങ്ങളുടെ ആലിംഗനത്തിൽ അമർന്നുകൊണ്ടു് തന്റെ അടുത്തില്ലാത്ത മററു കാമുകന്മാരെപ്പററിച്ചിന്തിക്കുന്ന നിങ്ങളുടെ കാമുകി; ചില സൂത്രപ്പണികൾകൊണ്ടു് ഇരുപതുവയസ്സുകാരിയായിക്കഴിയുന്ന അരപതുവയസ്സുകാരി; മററുസ്ത്രീകളുടെ വസ്ത്രാഭരണാദികളുടെ മെച്ചംകണ്ടസൂയതോന്നാത്ത ചെറുപ്പക്കാരി; പുരുഷന്മാരുടെ സ്വഭാവവൈഷമ്യങ്ങൾ അടുത്തറിഞ്ഞു മനസ്സിലാക്കിയിട്ടല്ലെങ്കിലും അവക്കവയുണ്ടെന്നറിയാവുന്ന അവിവാഹിത—ഇങ്ങനെ പറഞ്ഞുകൊണ്ടുപോകാനെന്നെയനുവദിക്കരുതു്. പുരുഷൻ കള്ളം പറയുന്നു; സ്ത്രീ പ്രവർത്തിക്കുകകൂടി ചെയ്യുന്നു. മാപ്പു്!

പ്രകൃതി നൽകിയിട്ടുള്ള കഴിവിനെ ബുദ്ധിയുടെ സഹായത്തോടുകൂടി പ്രയോജനപ്പെടുത്തുന്ന കൂട്ടരെപ്പററിയാണു് ഇനി പറയാൻപോകുതു്. രാജ്യതന്ത്രജ്ഞന്മാർ, പുരോഹിതന്മാർ, കവികൾ, സഞ്ചാരികൾ, ചരിത്രകാരന്മാർ, ആധുനികചിത്രകാരന്മാർ ഇവരൊക്കെയാണിക്കൂട്ടർ. ഉള്ളതുപറയാൻ പാടില്ലാത്ത അവസരങ്ങൾ കൂടുതലായി ലഭിക്കുന്നതു് ഇക്കൂട്ടത്തിലെ രാജ്യതന്ത്രജ്ഞന്മാർക്കാണു്. ഉള്ളതുപറഞ്ഞാൽ തലപോകാനിടവന്നേക്കുമെന്നുള്ളതു കൊണ്ടായിരിക്കും അവർ ഇല്ലാത്തതുമാത്രം പറയുന്നതു്. രാഷ്ട്രീയസിദ്ധാന്തങ്ങൾ ശരിപ്പെടുത്തി പുറത്തേക്കുവിടുന്ന രാഷ്ട്രീയവിജ്ഞാനികൾക്കു് തങ്ങളുടെ സിദ്ധാന്തങ്ങളിലെ ഒന്നുമില്ലായ്മയെപ്പററി നല്ലവണ്ണം അറിവുണ്ടു്. തെരുവുതോറും നടന്നു്, വീഞ്ഞപ്പെട്ടികളുമുകളിൽ കയറിനിന്നുകൊണ്ടു് കള്ളങ്ങൾ തട്ടിവിട്ടുകൊണ്ടിരുന്ന വീരന്മാരാണല്ലോ രാഷ്ട്രീയസിദ്ധാന്തങ്ങളുടെ നിർമ്മാതാക്കളായിത്തീരുന്നതു്. നിങ്ങൾക്കും അങ്ങിനെ ഒരു രാഷ്ട്രീയവിജ്ഞാനിയാകാം. ഇന്നു് നിങ്ങൾ പുറത്തിറക്കുന്ന അഭിപ്രായത്തെ നാളെ അനേകലക്ഷം ആളുകൾ വേദവാക്യമായിക്കരുതി താലോലിക്കുമ്പോൾ നിങ്ങൾ അസ്വദിക്കുകയോ ചിരിക്കുകയോ ചെയ്യാൻപാടില്ല എന്നുമാത്രം ഓർത്താൽമതി. ഒരു ഗവൺമെൻറു് കോട്ടംകൂടാതെ ഉറച്ചുനില്ക്കുന്നതു് അസത്യവാദികളെ ശമ്പളംകൊടുത്തു പോററുന്നതുകൊണ്ടുമാത്രമാണു്. തന്റെ രാജ്യത്തിനുവേണ്ടി അന്യസ്ഥലങ്ങളിൽ ചെന്നിരുന്നു് കള്ളംപറയുന്നവനാണു് നയതന്ത്രജ്ഞൻ എന്നർത്ഥംവരത്തക്ക ഒരു പഴച്ചിൽ ഇംഗ്ലീഷിലുണ്ടു്. ബൊണാർലാ കഴിഞ്ഞ യുദ്ധകാലത്തു് പറഞ്ഞതു് ഓർക്കേണ്ടതാണു്, "സത്യം പറഞ്ഞാൽ നാം നമ്മുടെ ശത്രുവിനെ സഹായിക്കുകയായിരിക്കും''. ഈ വാചകം യുദ്ധകാലത്തുമാത്രമേ പറഞ്ഞുകൂടു എന്നില്ല. എല്ലാക്കാലത്തും ഒരു രാജ്യത്തിനു ശത്രുക്കളുണ്ടായിരിക്കുമല്ലോ. "സത്യം പറയാനിരുപതുവഴികളുണ്ടു്, കള്ളംപറയാൻ ഒന്നേ ഉള്ളു എന്നുവരികിലും ഗവൺമെൻറു് ആ ഒരുവഴി കണ്ടുപിടിക്കും. ഗവൺമെൻറിന്റെ സ്വഭാവമാണു് അസത്യംപറയുക എന്നുള്ളതു്'' ആ കോമാളി ഷായാണീ സംസാരിക്കുന്നതു്.

മനോഹരങ്ങളായ അസത്യങ്ങൾ പറയുന്നവരാണു് കവികൾ. പാസ്കൽ ഒരാളെക്കുറിച്ചു പറഞ്ഞതിങ്ങിനെയാണു്, "അയാളോ? അയാൾ ഒരു കവി—അല്ലാതെ സത്യവാനല്ല''. ഏററവും നല്ല കവികൾ നല്ല കള്ളന്മാർകൂടി ആയിരിക്കും. അതെ. ഫാൾസ്റ്റാഫിനെയും ഇയാഗോയെയും സൃഷ്ടിച്ച ഷേക്സ്പീയർ എത്ര വലിയ കള്ളനായിരുന്നിരിക്കണം! സർ തോമസ് ലൂസിയുടെ തോട്ടത്തിൽനിന്നും മാനിനെ മോഷ്ടിച്ച വിദ്വാനാണുതാനും! ഷേക്സ്പീയറെക്കാൾ മെച്ചമല്ലേ രാവണനെയും, ഹനുമാനെയും, ദൈവങ്ങളെയും സൃഷ്ടിച്ചുവിടാറുള്ള നമ്മുടെ പുരാണകർത്താക്കന്മാർ. നമ്മുടെ കവികളുടെ കള്ളങ്ങളെ 'അതിശയോക്തി' എന്ന പേരു നൽകി കള്ളങ്ങളല്ലാതാക്കിത്തീർക്കാനുള്ള ശ്രമം വാഴ്ത്തപ്പെടേണ്ടതല്ല. കയ്യൻവള്ളിയെ അമൃതെന്നു് വിളിച്ചു ആശ്വസിക്കുന്നതുപോലെയേ ഈ ശ്രമത്തെയും കരുതേണ്ടതുള്ളു.

കഥാകാരനും കവിയാണു്. നോവലെന്നു നാം പറയുന്നതുതന്നെ 'കള്ളക്കഥ' എന്ന അർത്ഥം ധ്വനിപ്പിച്ചുകൊണ്ടാണു്. ഈമാതിരിക്കള്ളക്കഥകളെഴുതി പേരും പെരുമയും സമ്പാദിച്ചവരെത്രയെത്ര! വായനശാലകളിൽ നോവലുകൾ കൈവശപ്പെടുത്തുന്ന സ്ഥലം എത്രയുണ്ടെന്നു് നോക്കിയാലറിയാം വായനക്കാർക്കും എഴുത്തുകാർക്കും കള്ളം അറിഞ്ഞും പറഞ്ഞും രസിക്കാനുള്ള വാസന. നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷവും നമ്മുടെ കഴിവുകളെ കരണ്ടുതിന്നുകയാണു്. അതുകൊണ്ടാണു് പ്രായമായ നമുക്കു് രാക്ഷസന്മാരെപ്പററിയും ജന്തുക്കളെപ്പററിയും ഉള്ള കഥകൾ കേൾക്കാനിഷ്ടമില്ലാതായിത്തീരുന്നതു്. ഇന്നും എനിക്കീമാതിരി കഥകളിലുള്ള രസം നശിച്ചിട്ടില്ല. റാസ്പേയുടെ 'ബാറൺ മഞ്ചാസൻ' ഞാനൊരായിരംതവണ വായിച്ചിട്ടുണ്ടു്. ആൻഡേഴ്സന്റെ കഥകളും ഈസോപ്പിന്റെ കഥകളും എനിക്കു പിടിക്കാതെ ആയിത്തുടങ്ങുന്ന കാലത്തു് ഞാൻ സത്യത്തിന്റെ വില അറിയുമായിരിക്കും. ഈ കഥകളിൽ രസം തോന്നാത്തവർ കീഴോട്ടുവളന്നു് ശൈശവത്തെ പ്രാപിക്കാൻ കഴിയുമോ എന്നു് നോക്കേണ്ടതാണു്.

മററാരും കണ്ടിട്ടില്ലാത്ത കാര്യങ്ങളെപ്പററിയാണല്ലോ പറയുന്നതു് എന്നുള്ള ധൈര്യത്തോടുകൂടിയാണു് സഞ്ചാരികൾ നിസ്സങ്കോചം കള്ളം പറയുന്നതു്. പത്തുമുന്നൂറുകൊല്ലങ്ങൾക്കുമുമ്പു് കേരളത്തിൽ വന്ന ഒരു വിദേശി—പച്ചാസ് ആണെന്നു തോന്നുന്നു—മന്തിനെപ്പററിപ്പറഞ്ഞതു് ദൈവം കോപിക്കണ്ട. രണ്ടുകാലിലും മന്തുള്ളവർ ദൈവപ്രീതിക്കു പാത്രമായവരാണെന്നും ഒരുകാലിൽമാത്രം മന്തുള്ളവർ അത്രമാത്രം ദൈവപ്രീതിക്കു പാത്രമായിട്ടില്ലാത്തവരാണെന്നുമാണു് ആ മഹാന്റെഅഭിപ്രായം. ഈവരി പൊന്തിപ്പിടിച്ചുകൊള്ളൂ. ദൈവം ഇതു കണ്ടു് നമ്മെ സ്നേഹിച്ചു തുടങ്ങുന്നെങ്കിൽ!

മുമ്പൊരുകാലത്തു നടന്നിരിക്കാവുന്ന, എന്നാൽ നടന്നിട്ടില്ലാത്ത സംഗതികളെപ്പററി പ്രതിപാദിക്കുന്നവരാണു് ചരിത്രകാരന്മാർ. ഇവരിൽ ഒന്നാംസ്ഥാനം അർഹിക്കുന്നകൂട്ടരാണു് ഇൻഡ്യാ ചരിത്രം എഴുതിയിട്ടുള്ള സായിപ്പന്മാർ.

ഇന്നത്തെ ചിത്രകാരന്മാർ ഉള്ളതിനെ ഉടച്ചു നശിപ്പിക്കുന്നതുകൊണ്ടാണു്, അല്ലാതെ ഇല്ലാത്തതിനെ ചിത്രീകരിക്കുന്നതുകൊണ്ടല്ല, അസത്യവാന്മാരെന്നു പറയപ്പെടുന്നതു്. പറഞ്ഞതു മനസ്സിലാകുന്നില്ലെങ്കിൽ സിക്കർട്ടു്, വാൻഗോഘ്, പിക്കാസോ മുതലായവരുടെ ചിത്രങ്ങൾ ഉള്ള ഇംഗ്ലീഷു മാസികകളെടുത്തു നോക്കിയാൽ മതി.

കള്ളംപറയാൻ എവിടുന്നും സമ്മതം കിട്ടിയിട്ടുള്ളമട്ടിൽ അതു പറയുന്നകൂട്ടരെപ്പററിയാണു് ഇനി പ്രസ്താവിക്കാൻ പോകുന്നതു്. സാധാരണക്കാരന്റെ ബുദ്ധിശക്തിയേയും വിവേചനാശക്തിയേയും നശിപ്പിച്ചു അവന്റെയുള്ളിൽ 'വിശ്വാസം' എന്നൊന്നു കടത്തിക്കൂട്ടുകയാണു് ഇവരുടെ തൊഴിൽ. എന്തു് ഇല്ല എന്നും അസത്യമാണെന്നും അറിയാമോ അതിനെ ചോദ്യം ചെയ്യാതെ വിശ്വസിക്കുന്നതിനാണു് 'വിശ്വാസം' എന്നു പറയുന്നതു്. സകലമതങ്ങളും ഇതിനെത്തുടർന്നുണ്ടായവയാണു്. ഉറച്ച കള്ളങ്ങൾക്കുമുകളിൽ നിൽക്കുന്നതുകൊണ്ടു് ഈ മതങ്ങൾക്കും ഉറപ്പു വന്നുകൂടിയിട്ടുണ്ടു്. ഉപദേശികൾ, പുരോഹിതന്മാർ, പണ്ഡിതന്മാർ ഇവരൊക്കെ ഏതു മതത്തിൽപ്പെട്ടവരായാലും ശരി ഒരുപോലെ— എനിക്കുഭയമാണു് 'കള്ളന്മാരാ'ണെന്നുപറയാൻ. അവരുടെ തൊഴിൽ കബളിപ്പിക്കൽ ആണു്. കള്ളം പറയുന്ന കവികൾ നിരുപദ്രവികളായിരിക്കും. അവരെ കവച്ചുവയ്ക്കുന്ന ഇവർ ഉപദ്രവികളും. കള്ളം കൊണ്ടു ജീവിക്കുന്ന ഇവർ മററുള്ളവരെ കള്ളം പറയാനനുവദിക്കാത്തതു് എന്തുകൊണ്ടു? ഒരു ഉപദേശി ഒരിക്കൽ തന്റെ പ്രസംഗം കേട്ടുകൊണ്ടിരുന്നവരോടു അവരടുത്ത ദിവസംവരുമ്പോൾ വിശുദ്ധമാർക്കോസിലെ പതിനേഴാംഅദ്ധ്യായം വായിച്ചുകൊണ്ടുവേണം വരുവാൻ എന്നാവശ്യപ്പെട്ടു. അടുത്ത ദിവസം പ്രസംഗം തുടങ്ങുന്നതിനു മുമ്പായി അയാൾ എത്രപേർ മാർക്കോസിലെ പതിനേഴാമദ്ധ്യായം വായിച്ചു തയാറായി വന്നിട്ടുണ്ടെന്നു് ചോദിച്ചു. അഞ്ചാറുപേർ കൈപൊക്കി. ഒരു കള്ളച്ചിരിയോടെ ഉപദേശിപറഞ്ഞു, നിങ്ങളോടു തന്നെയാണു് എനിക്കു ഇന്നു സംസാരിക്കുവാനുള്ളതു്— മാർക്കോസിൽ പതിനേഴാമദ്ധ്യായമില്ല. കൈപൊക്കിയവർക്കു പോകാം. ഈയാൾക്കീ പാവങ്ങളെ കുററപ്പെടുത്താനുള്ള ആത്മധൈര്യം എവിടെനിന്നും ലഭിച്ചു? അയാൾതന്നെയല്ലേ പതിനേഴാമദ്ധ്യായം എന്നൊരു കള്ളം തട്ടിയുരുട്ടിവിട്ടതു്? അയാൾക്കു ഭയമില്ല. കള്ളം പറയുന്നവർക്കുള്ള നരകവും അയാൾ സൃഷ്ടിച്ചു കൊടുത്തിട്ടുള്ള കള്ളമാണു്, പിന്നെ എന്തിനയാൾ ഭയപ്പെടണം?

ഒരസത്യം ജനിക്കണമെങ്കിൽ രണ്ടു പേരുടെ ആവശ്യമുണ്ടു്—അസത്യം പറയുന്ന ആളും കേൾക്കുന്ന ആളും—ഒന്നച്ഛനാണെങ്കിൽ മറേറതമ്മ. എന്റെ ഒരു സ്നേഹിതനെപ്പററി ഞാനൊന്നോർത്തുകൊള്ളട്ടെ. അസത്യം പറയാനുള്ള അയാളുടെ സാമർത്ഥ്യം അസാധാരണമാണു്. ആ കഴിവിനെ സഹായിക്കാനെന്നവണ്ണം പററിക്കൂടിയവയാണു് അയാളുടെ ഓർമ്മക്കുറവു്, സൂക്ഷ്മക്കുറവു്, കുസൃതിത്തരം ആദിയായ ഗുണങ്ങൾ. ഒരിക്കൽ അയാൾ എന്നോടു പറഞ്ഞു: "ഞാൻ അവളുടെ പേരു പറയണമെന്നു വിചാരിക്കുന്നില്ല.'' 'നീ അവളെ അറിയും; അതുകൊണ്ടു് അവൾ എന്നെ സ്നേഹിച്ചു. ഞാൻ ഗൗനിച്ചില്ല അപ്പോഴാണു് അവളെനിക്കൊരെഴുത്തെഴുതിയതു്. സുധയുടെ എഴുത്തു് എന്നിലൊരു മാററം വരുത്തി—

"പേരുപറയുകയില്ലപോലും! അതു പറഞ്ഞുകഴിഞ്ഞിരിക്കുന്നു. പക്ഷേ ഏതാണു് ഈ സുധ? അങ്ങനെയൊരുത്തിയെ കാണുകയില്ലല്ലോ'' ഞാനാലോചിച്ചു. ഞാൻ അയാളുടെ സംസാരത്തിനു തടസ്സമുണ്ടാക്കിയില്ല.

അയാൾ തുടർന്നു, "ഞാനും അവസാനം അവൾക്കൊരെഴുത്തയച്ചു. അതിൽ ഞാനവളെ സ്നേഹിക്കുന്നെന്നും എഴുത്തു കിട്ടുന്ന അന്നുതന്നെ ആറുമണിക്കു പാർക്കിൽ വരണമെന്നും ഞാൻ അപ്പോൾ അവളെ അവിടെ വച്ചു കണ്ടുകൊള്ളാമെന്നും മററും എഴുതിയിരുന്നു. അതു ഞാൻ അഞ്ചലിലിട്ടു. എന്നാൽ മേൽവിലാസം എഴുതാൻ മറന്നുപോയി.'' അയാൾ പെട്ടെന്നെഴുന്നേററു് അടുത്തുണ്ടായിരുന്ന മേശ തുറന്നു ഒരു സിഗററൊട്ടെടുത്തു കത്തിച്ചു വലിച്ചുകൊണ്ടു പിന്നെയും പറഞ്ഞു, "അവളുടെ മറുപടിയിൽ, പാർക്കിൽ വരണമെന്നെഴുതി അവളെ വരുത്തിയതിനുശേഷം ഞാനവിടെ ചെല്ലാതെ അവളെ നിരാശപ്പെടുത്തിയതു നന്നായില്ലെന്നും മററും അവൾ—എന്താണെടാ നീ ചിരിക്കുന്നതു്?''

അയാൾക്കു കോപം വന്നു. ഞാൻ കുട്ടുകടാ ചിരിച്ചുകൊണ്ടേയിരുന്നു. അവസാനം വളരെ പുച്ഛമായ രീതിയിൽ 'ഒരു കള്ളം കേട്ടുകൊണ്ടിരിക്കാൻകൂടി നിന്നെക്കൊണ്ടാകൊള്ളുകയില്ല' എന്നു പറഞ്ഞു. എനിക്കെന്റെ കൊള്ളരുതായ്മയെപ്പററി വലിയകുറവു തോന്നി. ഒരു പാഠം ഞാനങ്ങിനെ പഠിച്ചു. അസത്യത്തിന്റെ മാതാപിതാക്കന്മാർ അന്യോന്യം സ്നേഹബദ്ധമാനസങ്ങളുള്ളവരായിരിക്കണമെന്നു്.

—o—

# നമ്മസല്ലാപം

എസ്. കെ നായർ, യൂണിവേഴ്സിററി ലക്ചറർ, മദിരാശി

**നമ്മുടെ ഭാഷയുടേയും സാഹിത്യത്തിന്റെയും പഴയതും പുതിയതുമായ ചരിത്രഘട്ടങ്ങളിലേക്ക് ഒരെത്തിനോട്ടം**

അതു കുറെ കടന്ന കയ്യായിപ്പോയി, ആ ചോദ്യം. ഭാഷയുടെയും സാഹിത്യത്തിന്റേയും ചരിത്രം ഒന്നാംവിടാതെ ഒന്നാകെ ചുരുക്കിപ്പറയാമോ എന്നല്ലേ? എത്രയെത്ര മഹാഗ്രന്ഥങ്ങളിൽ പറഞ്ഞൊപ്പിക്കേണ്ട കാര്യമാണതു്. പല പണ്ഡിതന്മാർ പറഞ്ഞതുമാണതു്. പക്ഷേ പറയുന്തോറും ഏടാകൂടം കൂടിക്കൂടി വരുന്നതുമാണു്. ഒരാൾ പറഞ്ഞതല്ല മറെറാരാൾ പറയുന്നതു്. എല്ലാവരുംകൂടി പറഞ്ഞതു ഒന്നിച്ചു ചേർത്താൽ, ഒന്നുമൊന്നും വിശ്വസിക്കാൻ വയ്യാതാകും. അത്രമാത്രം അവയെല്ലാം ഒന്നിനൊന്നു പുറംതിരിഞ്ഞു പിണങ്ങിയാണിരിക്കുന്നതു്. പിന്നെ ഞാൻ എങ്ങിനെ പറയും ഒരേ ശ്വാസത്തിൽ എല്ലാം കൂടി ഒന്നിച്ചു്? അല്ല; ഒന്നുചെയ്യാം. ഓരോന്നെടുത്തു ചോദിക്കൂ, പ്രധാനപ്പെട്ടവമാത്രം. രത്നച്ചുരുക്കം പറഞ്ഞു പറഞ്ഞു മുന്നോട്ടുപോകാം.

## മലയാളം തമിഴോ?

ഇതാണ് എല്ലാരേയും കൂടുതൽ വിഷമിപ്പിച്ചതു്. തമിഴിന്റെ അനിയത്തിയാണ്, മകളാണ് മകളുടെ മകളാണ മലയാളം എന്നൊക്കെയാണു ചിലർ കൂടിപ്പറഞ്ഞുവച്ചതു്. ഞാനതൊന്നും വിശ്വസിക്കില്ല. വിശ്വസിക്കാൻ ന്യായമില്ല. ദ്രാവിഡകുടുംബത്തിൽപ്പെട്ടതാണെന്നു പറഞ്ഞുകൊള്ളൂ. പതിമൂന്നാളം അംഗങ്ങളുള്ള ആ വലിയ തറവാട്ടിൽപ്പെട്ട പേരാറാനാരുവരിൽ ഒരാളാണ നമ്മുടെ അമ്മ, ഇവർ തമ്മിൽ സ്വത്തിലായിരിക്കാം വലിപ്പച്ചെറപ്പം, പ്രായത്തിലുണ്ടെന്നും പറയാം. പക്ഷേ തമിഴാണു മൂത്തതെന്നു പറയാൻ വരട്ടെ. സ്വത്തിൽ മൂപ്പുകൊടുക്കാം. പ്രായത്തിൻ മലയാളമാണെന്നു പറഞ്ഞാൽ തമിഴരാരും അതു പെട്ടെന്നു വകവച്ചുതരില്ല. എന്നാൽ ഒന്നവരും സമ്മതിക്കും. തമിഴിൽ പണ്ടുണ്ടായിരുന്നതും, ഇപ്പോഴില്ലാത്തതുമായ പല വാക്കുകളും മലയാളത്തിൽ ഇന്നും പ്രചാരത്തിൽ കാണുന്നു. ചെറമി, തിര, തുടങ്ങിയതു ഉദാഹരണം. അതുകൊണ്ടു മലയാളത്തിനു പ്രായാധിക്യം വന്നെന്നു പറയുന്നതെങ്ങനെ എന്നല്ലേ? മറിച്ചും പറഞ്ഞുകൂടേന്നോ. ഓഹോ പറയാം. ആ ചെറമിയും തിരയുമുള്ള തമിഴിനാണ മൂപ്പ്. സമ്മതിച്ചല്ലോ. അതെ, അതുതന്നെ ഞാനും പറയുന്നു. ആ ചെറമിയും തിരയുമുള്ള തമിഴിനെയാണ ഇന്നു മലയാളമെന്നു പറയുന്നതു്. അതൊന്നുമില്ലാത്ത പുത്തൻതമിഴാണ ഇന്നത്തെ തമിഴ്. ചെന്തമിഴ് പരിഷ്കാരമെന്നു കേട്ടിട്ടില്ലേ? പഴയ തമിഴിനെ ഒന്നു പരിഷ്കരിച്ചു ഒരു പുത്തൻ തമിഴുണ്ടാക്കി. അപ്പോൾ പുത്തൻ തമിഴിനെ പഴയ തമിഴിന്റെ മകളെന്നു പറഞ്ഞുകൂടേ? അതായതു കൊടുംതമിഴിന്റെ മകളാണ ചെന്തമിഴെന്നു്. അല്ലല്ലാ, പറഞ്ഞു പറഞ്ഞു മലയാളത്തിന്റെ മകളായോ തമിഴ്? ആവട്ടെ. അല്ലെങ്കിൽ വേണ്ട; മകളെന്നും തള്ളയെന്നും പറഞ്ഞു വെറുതേ കലശലുകൂട്ടേണ്ട. നേരുപറഞ്ഞാൽ തമിഴിന്റെ അയൽക്കാരിയാണ മലയാളം. ഏതു ഭാഷയെപ്പററിയും, അന്യോന്യബന്ധം പറയുമ്പോൾ അങ്ങിനെ പറയുകയാണ ഭേദം.

## മലയാളം മലയാളം മാത്രമോ?

അല്ലേ അല്ല. ഒരു ഭാഷയും ആ ഭാഷമാത്രമല്ല. അതെങ്ങിനെയാവാൻ. മനുഷ്യരു പല നാട്ടിലുള്ളവർ പലതിനുംവേണ്ടി തമ്മിൽ കൂടി കഴിയേണ്ടവരല്ലേ? കഴിഞ്ഞവരല്ലേ? അങ്ങനെ കഴിയുന്നതുമല്ലേ? അപ്പോൾ അവരുടെ ഭാഷകളും ഒന്നിച്ചുചേരും. അങ്ങിനെയാണ ഭാഷ വളരുന്നതു്. മലയാളത്തിൽ അങ്ങനെ എത്ര ഭാഷകൾ അലിഞ്ഞുചേർന്നിട്ടുണ്ടെന്നോ? തറവാട്ടിൽപെട്ടവയുടെ കഥപോകട്ടെ; പറയാനില്ലല്ലോ. അവ കൂടാതെയുണ്ട് ഒട്ടനേകം അറബി, ഉറുദു, പേർഷ്യൻ തുടങ്ങിയതു് ഒരുവക. ലന്തപറങ്കിയുമിങ്കിരിയസും പിന്നൊരുവക. സംസ്കൃതവും, പ്രാകൃതങ്ങളായ ഉത്തരേന്ത്യൻ ഭാഷകളും മൂന്നാമതൊരുവക. എന്തിനധികം? ലോകത്തിൽ ആരെല്ലാം എവിടെ നിന്നൊക്കെ മലയാളക്കരയുമായി ഏററക്കുറെ ബന്ധപ്പെട്ടിട്ടുണ്ട്, അവരിൽനിന്നും അവിടെനിന്നുമൊക്കെ അല്പാല്പംവീതം നമുക്കു കിട്ടിയിട്ടുണ്ട്. അങ്ങനെ നമ്മുടെ ഭാഷ പുഷ്ടിപ്പെട്ടു. എല്ലാ ഭാഷകളുടേയും സ്ഥിതി ഇതുതന്നെ. അപ്പോൾ മലയാളഭാഷയുടെ ഇന്നുവരെയുള്ള ചരിത്രം ചുരുക്കത്തിലേക്കാൻ വിഷമമില്ല. നാം ആരാരുമായി എന്നെന്നെല്ലാം എങ്ങനെയെല്ലാം ബന്ധം പുലർത്തി? അതിന്റെയൊക്കെ ചരിത്രമാണു നമ്മുടെ ഭാഷയുടെ ചരിത്രം! എന്താ! പോരേ?

## അപ്പോൾ സാഹിത്യം എപ്പോൾ?

അതു് ഭാഷയുണ്ടായപ്പോഴേ തുടങ്ങി. അതുവോ എന്നു സംശയിക്കുകയാണ്, അല്ലേ? ആ്; അതങ്ങനെതന്നെയാണ്. പക്ഷേ സാഹിത്യമെന്നു തികച്ചതിനെ പറയാമോ എന്നായിരിക്കും സംശയം. 'പെട്ടപാട്ടൊന്നു പാടാത്ത കഴുതയില്ല.' മൂളിപ്പാട്ടു പാടാത്ത മനുഷ്യനുമില്ല. അങ്ങനെ പാടാനുള്ള കഴിവും പറയാനുള്ള കഴിവുംകൂടി ഒത്തുചേർന്നപ്പോൾ ഗാനരൂപമായ സാഹിത്യം ഉണ്ടായി. അതാണോ ആദ്യത്തെ സാഹിത്യം? അല്ലെന്നിരിക്കട്ടെ; എന്നാൽ പിന്നെ ഏതു്? കഥയോ? നമുക്കു വല്ല പഴങ്കഥയും ഗദ്യത്തിൽ കിട്ടിയിട്ടുണ്ടോ? ഓർത്തുനോക്കൂ. ഇല്ല; എന്നാൽ ചില കഥകളുടെ ഒതുങ്ങിയ രൂപം കിട്ടിയിട്ടുണ്ട്; പഴമൊഴികളിലൂടെ. കഥയുംകാര്യവും ചേർന്നവയാണ പഴഞ്ചൊല്ലുകൾ. കൂട്ടത്തിൽ 'കേളി'യുമുണ്ട്; 'നാക്ക്' ചക്കര കയ്യ് കൊക്കര.' ഒരു കാര്യമുണ്ടിതിൽ; കഥയുമുണ്ട്. ഗദ്യവുമല്ലാ പദ്യവുമല്ലാ ഇപ്പറഞ്ഞതു്. പരത്തിപ്പറയാവുന്നതു പലതുംകൂടി ഇതിൽ ഒതുക്കിപ്പറഞ്ഞു; പറഞ്ഞതിനൊരു താളവുമുണ്ട്. ഒരാഖ്യാനെഴുപ്പത്തിനുള്ള എല്ലാ കരുക്കളും ഇതിലുണ്ട്. ഇങ്ങനെ പഴഞ്ചൊല്ലുകളെല്ലാം പരിശോധിക്കൂ. എന്താണവയുടെ നില? കളിയിൽനിന്നും കാര്യത്തിലേക്കുള്ള ഒരു കടക്കൽ; തനികാര്യത്തിലാണോ എന്നാൽ? രസമുള്ള ഒരു കാര്യത്തിലേക്ക്, അതുപോലെ ഗദ്യത്തിൽനിന്നും പദ്യത്തിലേക്കു ഒരുകാൽവെയ്പും, ഒന്നു തീരെവിടുകയും മറേറതു മുഴുവൻപിടിക്കയും ചെയ്യാതെയാണ നിലകൊള്ളുന്നതു്. ഈ പഴഞ്ചൊൽ ഘട്ടംകഴിഞ്ഞാൽ നാടോടിപ്പാട്ടുകളായി. എത്രലക്ഷം നാടോടിപ്പാട്ടുകൾ നമുക്കുണ്ട്, മറഞ്ഞും ഒളിഞ്ഞും. നമ്മുടെ പൂർവ്വസാഹിത്യ സമ്പത്തുകളാണ അവ!

## പാട്ടും കൂത്തും

പാട്ടുകൾ ചുമ്മാതങ്ങുണ്ടായി വളരുകയല്ലാ ചെയ്തതു്. പാടാൻ പഠിക്കുന്നതിനു മുമ്പു മനുഷ്യൻ ആടിത്തുടങ്ങിയിരുന്നു. ആട്ടത്തിനു പാട്ടുവേണമെന്നായി. എന്നാലേ പന്തിയാവുള്ളു. മലയാളസാഹിത്യത്തിന്റെ കഥയെടുത്താൽ പലതരംആട്ടങ്ങൾക്കുവേണ്ടി അങ്കുരിച്ചുതഴച്ച പാട്ടുകളാണ കൂടുതലായി കാണുന്നതു്. അങ്ങനെ നോക്കുമ്പോൾ നമ്മുടെ പഴയ കളികളെല്ലാം എന്തായിരുന്നെന്നു കാണണം. അവയോടു ചേർന്നുപോയ പാട്ടുകളും. വെറുതേ രസിക്കാനുള്ള വകയായി ഒരാട്ടവും പാട്ടും ഒരിടത്തുമുണ്ടായിട്ടില്ല. ഓരോ പുതുമയ്ക്കും അത്ഭുതത്തിനും മുന്നിൽ അവൻ ആടി, പാടി. ഓരോ കാര്യവും അവനതിൽനിന്നു നേടി. എങ്ങനെ? പഴയ ആചാരങ്ങളും നടപടികളും എടുത്തുനോക്കൂ. ദേവതാരാധനകൾ; ചികിത്സാസമ്പ്രദായങ്ങൾ; ജീവിതചര്യകൾ. മൂന്നിനുംവേണ്ടി ആട്ടങ്ങളുണ്ടായി, പാട്ടുകളുമുണ്ടായി. തീയ്യാട്ട്, ഊട്ട്, പൊറാട്ട്, കയ്യാംകളി, കളരിപ്പയററ്, കോലാട്ടം, തലയാട്ടം ഇങ്ങനെ പരസ്സതം കാണാം പലതിനും വേണ്ടിയുണ്ടായ കളികൾ. അവയോടുചേർന്ന ഗാനസമ്പത്താണ് നമ്മുടെ പ്രാചീനസാഹിത്യം. പടയ്ക്കുപോകുമ്പോഴും നമ്മൾ പാടിയിരുന്നു. പിറപ്പിലും ഇറപ്പിലും നമുക്കു് ആട്ടവും പാട്ടുമുണ്ടായിരുന്നു, ഉഴവിനും, വിതയ്ക്കും, കൊയ്ത്തിനും നമ്മൾ പാടി; ആടി. പൂക്കാലവും കുളിർകാലവും നാം ആടിപ്പാടിക്കൊണ്ടാടി. അങ്ങനെ പലതും.

അങ്ങനെ പഴയ സാഹിത്യപ്രസ്ഥാനങ്ങൾ ഏതുനോക്കിയാലും അതിനു പിന്നിൽ ഒരാട്ടംകാണാം. അവയിൽ മികച്ചുപോന്നതാണ് ആട്ടക്കഥയും, ചമ്പുവും, തുള്ളലും, നാടകവും. പിന്നെ ശാസ്താംപാട്ട്, ഊഞ്ഞാൽപ്പാട്ട്, കൈകൊട്ടിക്കളിപ്പാട്ട്, വേലൻപാട്ട്, കൃഷിപ്പാട്ട് മഞ്ഞപ്പാട്ട് തുടങ്ങി ഒട്ടനേകം വേറെയും കാണാം.

## പദ്യം മാത്രമോ?

അല്ല; ഗദ്യവുമുണ്ടായി പണ്ടു്. പക്ഷേ പദ്യത്തോളം കെട്ടുറപ്പും കുലീനതയും ഗദ്യത്തിനു് കണ്ടിരുന്നില്ല. പദ്യഗന്ധമുള്ള ഗദ്യമായിരുന്നു അധികവും. നല്ലഗദ്യമുണ്ടാവാൻ കാരണം നമ്മുടെ നാട്ടിലെ ക്രിസ്തുമതപ്രചരണമാണ്. വേദപുസ്തകത്തിന്റെ പരിഭാഷ അതിൽ പ്രമുഖം. പിന്നെ പല ക്രിസ്തുമതാവലംബികളുടെ പരിശ്രമവും കൂടിച്ചേർന്നപ്പോൾ (കരിയാട്ടി മെത്രാന്റെ വർത്തമാനപുസ്തകംമുതൽ) നമുക്കു ഗദ്യസാഹിത്യം ശരിക്കും പരിപുഷ്ടമായി. അടുത്തഘട്ടം വർത്തമാനപ്പത്രങ്ങൾ മൂലമായുണ്ടായ പോഷണത്തെ കുറിക്കുന്നു. അതിനും മുന്നേറിപ്രവർത്തിച്ചവർ നസ്രാണിദീപികക്കാരും മലയാളമനോരമക്കാരുമാണ്. വടക്ക് ആദ്യമായുണ്ടായ കേരളപത്രികയെ മറന്നല്ലാ ഇതു പറയുന്നതു്. എങ്കിലും ഒന്നാലോചിച്ചുനോക്കൂ; നമ്മുടെ സാഹിത്യത്തിനു് ഉൽകൃഷ്ടമായ ഒരു സരണിക്കു നിദാനമായിത്തീർന്നതു് ക്രിസ്തുമതമാണ്, പല സാഹിത്യചരിത്രകാരന്മാരും മറന്നുപോയ ഒരു പരമാർത്ഥം. ബിഷപ്പ് കാൽഡെ്വല്ലും, ബേസൽ മിഷനും, ഗുണ്ടർട്ടും, കൊള്ളിൻസും, സി. എം. എസ്. പ്രസ്സും മററും ഭാഷാപോഷണവ്യഗ്രത കാണിച്ചതിനു് കയ്യും കണക്കുമില്ല!

## മണിപ്രവാളം

മലയാളവും സംസ്കൃതവും ഒന്നരഞ്ഞുചേർന്നപ്പോൾ മണിപ്രവാളഭാഷയുണ്ടായി; അതും ആദ്യം പദ്യശാഖയിൽ. മിക്കദ്രാവിഡഭാഷയിലും ഗീർവ്വാണിയുടെ ഈ കയ്കടത്തലുണ്ടായി. എങ്കിലും മലയാളവും തെലുങ്കുമാണ് അതിൽ നിന്നും മുതലെടുത്തതു്. ശ്വാസംമുട്ടൽ കൂടാതെ, തെളിച്ചു്, നട്ടെല്ലുള്ളമട്ടിൽ എന്തുമേതും പറഞ്ഞൊപ്പിക്കാനുള്ള പാടവം ഭാഷയ്ക്കുണ്ടായതു് ഇപ്പോഴാണ്. മികച്ച സാഹിത്യശാഖകളും അതോടെ കരുത്തു. പക്ഷേ ഒരബദ്ധംപററി. മലയാണ്മ അതിന്റെ തന്മമാറി. പാവം! പണ്ടേ ദുർബ്ബല; പിന്നെ ഗർഭിണി. ആ വലിയ മുതലാളിയുടെ കെട്ടിലമ്മയായപ്പോൾ സ്വന്തമായതിനൊന്നും വിലയില്ലാതായി. അങ്ങനെ ഇന്നുവരെ നമ്മൾ ഒരുതരം സാംസ്കാരികമായ അടിമത്തത്തിൽ പെട്ടുപോയി. ഈയ്യിടെയാണ് അതിന്റെ ഗൗരവം നാം ഗ്രഹിച്ചതു്. ഈയ്യിടെമാത്രമാണ് നാം നമ്മളാവാൻ ശ്രമിച്ചതു്. ഇടക്കാലത്തെല്ലാം ഈശ്രമം ഇടയ്ക്കിടയ്ക്കുണ്ടായി. ഒരു പൂന്താനം, ഒരു കുഞ്ചൻനമ്പ്യാർ, കഷ്ടിച്ചു് ഒരെഴുത്തച്ഛനും. ഉം, എന്താ നെററി ചുളിക്കുന്നതു്? കഷ്ടിച്ചു് ഒരെഴുത്തച്ഛനെന്നു പറഞ്ഞതുകൊണ്ടാണോ? കാര്യമുണ്ട്. എഴുത്തച്ഛൻ ചെയ്തിടത്തോളം വിലയിരുത്തപ്പെടേണ്ട കാര്യങ്ങൾതന്നെ. പക്ഷേ അദ്ദേഹത്തിന്റെ ഭാഷാരൂപം പാതിയേ തനിമലയാളമായുള്ളു. അതിലാ ഭാഷാരൂപംമാത്രം. മററുള്ളതൊക്കെ വിസ്തൃതമായ ആര്യ സംസ്കാരത്തിന്റെ തനിപ്പകർപ്പുതന്നെ. അതത്യാവശ്യവുമായിരുന്നു നമുക്കു്. പൂന്താനവും നമ്പ്യാരും ചെയ്തതു് അങ്ങനെയല്ല; അവർ ആദ്യന്തം മലയാളികളും അങ്ങനെ വിപ്ലവകാരികളുമായി അക്കാലത്തു്. കേരളവർമ്മവരെ തെഴുത്തുവന്നിരുന്നു ഈ മണിപ്രവാളപ്രാഭവം. അതു അടിയോടെ മാററാൻ അക്കാലത്തേ ശ്രമമുണ്ടായി; അറിഞ്ഞുകൊണ്ടുള്ളതായിരുന്നോ എന്നേ സംശയമുള്ളു. കൊടുങ്ങല്ലൂർ കോവിലകവും അവിടെക്കൂടിയിരുന്ന സൂരിക്കവികളും അവരുടെ സ്വായത്തസംസ്കാരത്തെ തൽക്കാലമൊന്നു മറന്നു്, തനിമലയാളത്തിന്റെ സംസ്കാരം സ്വയം ഏറെറടുത്തു് സാഹിത്യസേവനംനടത്തി വെണ്മണിയും ശീവൊള്ളിയും അതിൽ മുമ്പന്മാരായിരുന്നു. അധികം സംസ്കൃതംകൂടാതെ ഏതുകാര്യവും ആർക്കും മനസ്സിലാവുന്ന രീതിയിൽ ഭംഗിയായിപ്പറയാമെന്നു് അവർ കാണിച്ചുതന്നു. ഇനി വിമ്മിട്ടംകൂടാതെ കഴിഞ്ഞു. പറയുന്നരീതിക്കേ ഈ മാററം വന്നുള്ളു; പറഞ്ഞ കാര്യം എല്ലാം മേപ്പടിതന്നെ!

## അതുംമാറി, ഇന്നു്

ആസ്ഥാനമഹാകവി വള്ളത്തോൾ ഒരു മൈൽക്കുററിയാണിതിനു്; ആദ്യമാദ്യം അദ്ദേഹവും ആ പഴയ ചേരിയിലായിരുന്നു. പിന്നെപെട്ടെന്നൊരു പരിവർത്തനം അദ്ദേഹത്തിനും, കവിതയ്ക്കും ഉണ്ടായി. കൂട്ടത്തിൽ കുറെയെല്ലാം ആശാനും. ഹേയ്, വീണ്ടും നിങ്ങൾ നെററിചുളിക്കുന്നോ? വള്ളത്തോളിനേക്കാൾ വിപ്ലവകാരി ആശാനായിരുന്നല്ലോ എന്നല്ലേ ചോദ്യം? നല്ലപോലെ ഓർത്തുപറയണം. ആരായിരുന്നു കൂടുതൽ പരിവർത്തനം വരുത്തിയതെന്നു്. ആശാനു് അവശതപലതുമുണ്ടായിരുന്നു; അവ തൻകാര്യംപോലെ കാവ്യത്തിലും പകർന്നു. തന്മൂലം തികഞ്ഞവിപ്ലവത്തിന്റെ നിറം അതിൽ തെളിഞ്ഞുകണ്ടു. എങ്കിലും ആര്യസംസ്കാരവും, അതിന്റെ ഒരു ശാഖയായി പിന്നീടു് പരിണമിച്ച ബൗദ്ധസംസ്കാരവും വിട്ടു് എവിടെ ആശാൻ ഏതിലെങ്കിലും മാറിയിട്ടുണ്ടോ? പറഞ്ഞകാര്യത്തെ സംബന്ധിച്ചു് ഇങ്ങനെ. പറയുന്ന രീതിയെ സംബന്ധിച്ചോ? വളരെ ദുർഘടംപിടിച്ച രീതിയായിരുന്നില്ലേ അതു്? കാലക്ഷേപക്കാരും നാടകക്കാരുമില്ലായിരുന്നെങ്കിൽ കാണാമായിരുന്നു. ഭിക്ഷുകിയും കരുണയും വ്യാഖ്യാനിച്ചു് തരാൻ ഒന്നാംകിടപണ്ഡിതന്മാർതന്നെ ഉടുത്തൊരുങ്ങിവരണമായിരുന്നു. പ്രരോദനാദി കാവ്യങ്ങളുടെ നിലനോക്കൂ. ഇന്നും അവ സാമാന്യജനതയ്ക്കു അപ്രാപ്യം! ഇതൊരുദോഷമാണെന്നല്ലാ പറയുന്നതു്. കുറെ തെററിദ്ധാരണകൾ ഈയ്യിടെ ആശാൻ കവിതകളെപ്പററി ചിലർകൂടി പറഞ്ഞു പരത്തിയിട്ടുണ്ടായിരുന്നു; അതേന്തു് ഇത്രയും വിസ്തരിച്ചതാണിപ്പോൾ. ഭാഷാകവിതയുടെ ഇന്നത്തെ പരിവർത്തനത്തിൽ ആശാനു് സ്ഥാനമില്ലെന്നോ? ഉണ്ടു്. മലയാളകവിതയ്ക്കു് സംവ്ദേശീയമായ സ്ഥാനം നൽകാനൊക്കുമെന്നു് ആശാന്റെ കാവ്യരീതി തെളിയിച്ചു. നാലപ്പാടനും ശങ്കരക്കുറുപ്പുംകൂടി അതു് പൂർണ്ണതയിലെത്തിച്ചു. ഇന്നത്തെ കവിതകളിൽ ഈ മൂന്നു പേരുടെമാത്രമാണ്, കേവലം പദനിഷ്ഠമല്ലാത്ത സാർവ്വദേശീയത്വം ഉൾക്കൊള്ളുന്നതു്. ഒന്നുകൂടി തെളിച്ചുപറഞ്ഞാൽ, ഇവരുടെ കവിത ഏതു ഭാഷയിലേക്കു് പകർന്നു വച്ചാലും അതിന്റെ ആത്മസൗന്ദര്യം അനശ്വരമായി നിൽക്കുമെന്നു സാരം. അന്താരാഷ്ട്രീയ കവിപ്പനേട്ടമാണ്

## മററുശാഖകളോ?

കവിതയെ സംബന്ധിച്ചുമാത്രമാണ് ഇത്രയും പറഞ്ഞതു്. പക്ഷേ നമ്മുടെ പ്രതീക്ഷ കവിതയേക്കാൾ മററു ശാഖകളാണ് അപഹരിച്ചിരിക്കുന്നതു്. വിശേഷിച്ചും കഥാസാഹിത്യം; അതിലും വിശേഷിച്ചു ചെറുകഥകൾ. ചെറുകഥാസാഹിത്യത്തിൽ മലയാളത്തിനു് തികച്ചും അഭിമാനംകൊള്ളാം. മററു ദ്രാവിഡഭാഷകൾ ഇക്കാര്യത്തിൽ മലയാളത്തിനു് പിന്നിലാണ്; വളരെ പിന്നിലാണ്, നോവലും ഗദ്യനാടകവും നമുക്കു വിരലിലെണ്ണാവുന്നതേയുള്ളു. വിമർശനം ഏറെക്കുറെ നന്നായി വരുന്നുണ്ട്. ശാസ്ത്രീയലേഖനങ്ങളും അങ്ങിങ്ങു് തലപൊക്കുന്നു. ഒരേ ഒരു ശാഖയിൽമാത്രമേ നമുക്കു ശുഭപ്രതീക്ഷകൾ വരാനുള്ളു; കവിതയിൽ! അത്ഭുതകരമല്ലേ? ഇന്നലെവരെ മലയാളത്തിൽ പദ്യശാഖയാണ തഴച്ചുവളർന്നതു്. പദ്യകർത്താവിനായിരുന്നു കവിബിരുദവും! ഇന്നാകട്ടെ, ചെറുകഥാകൃത്തുകളായി നമ്മുടെ കവികളും മഹാകവികളും! അതുകൊണ്ടു് ഒട്ടും സങ്കടപ്പെടാനില്ല. കാലം പോയപോക്കെന്നു് ആശ്വസിക്കാം.

## ഇനിയോ?

ഇനിയത്തെ കാര്യങ്ങളെങ്ങനെ എന്നല്ലേ? വളരെ ആലോചിച്ചു പറയേണ്ടുന്ന ഒരു കാര്യമാണ്. സ്വാതന്ത്ര്യഭാരതത്തിലെ പ്രാന്തീയഭാഷകളിൽ മലയാളത്തിനു ഒരു സ്ഥാനം കിട്ടിയിട്ടുണ്ട്. മലയാളത്തിനു കഷ്ടിച്ചു ഒരു സർവ്വകലാശാലയുമുണ്ട്. പക്ഷേ ഇന്നുവരെ ആ സർവ്വകലാശാല മലയാളത്തെ സംബന്ധിച്ചു് എന്തുചെയ്തെന്നു ചോദിച്ചാൽ 'പൂജ്യ'മാണതിനുത്തരം. മലയാളഭാഷയ്ക്കുയിരിക്കാൻ ഒരു കസേരപോലും അവിടെ തീർത്തിട്ടില്ലായിരുന്നു! പിന്നെയല്ലേ, മററുള്ള കഥകൾ! അധികൃതസ്ഥാനങ്ങളിൽ ഭാഷയ്ക്കും സാഹിത്യത്തിനും കിട്ടുന്ന പ്രോത്സാഹനം അങ്ങനെ. ഇനി ജനങ്ങളുടെ ഇടയിലേക്കുനോക്കൂ. എത്ര രാഷ്ട്രീയകക്ഷികളുണ്ടെന്നു എണ്ണിയാൽമതി, അത്രമാത്രം സാഹിത്യകക്ഷികളും ഇന്നു മലയാളത്തിലുണ്ട്. ചുരുക്കത്തിൽ സാഹിത്യം ഇന്നു അധികാരത്തിന്റെ പിന്നാലെ വാലാട്ടി നടക്കയാണ. 'രാഷ്ട്രീയം' എന്ന വൃക്ഷത്തിൽ 'അധികാര'മല്ലാതെ മററെന്താണ അന്തർലീനമായിരിക്കുന്നതു്? സാഹിത്യകാരനാണ യഥാർത്ഥത്തിൽ 'രാഷ്ട്രീയ'ത്തെ നയിക്കേണ്ടതു്. പകരം ഇന്നിതാ, മറിച്ചുനില വന്നിരിക്കുന്നു! ശോചനീയംതന്നെ! എന്നാൽ ഒരു പോംവഴിയുമില്ലേ ഇതിൽനിന്നും? ഉണ്ട്. സാഹിത്യകാരന്മാർ അവരുടെ വീക്ഷണഗതി ഒന്നു മാറിപ്പിടിക്കണം. ഇന്നവർ വെമ്പുന്നതു രാഷ്ട്രീയകക്ഷികയുടെ കയ്യിൽനിന്നും ടിക്കെററുവാങ്ങി സാഹിത്യസേവനം (അതോ കക്ഷിസേവനമോ!) ചെയ്യാനാണ്. മറിച്ചുള്ള നിലവരുത്തണം. സാഹിത്യകാരന്റെ ടിക്കററിലെ രാഷ്ട്രീയകക്ഷികൾ അധികാരമുദ്ര പിടിക്കാവൂ എന്നനില വരുത്തണം.

പക്ഷേ അതിനു കുറെ പാടുണ്ട്. ഒന്നാമതു സാഹിത്യം ജനതയുടെ ആവശ്യമറിഞ്ഞു്, ആരോഗ്യകരമായ ഒരു പന്ഥാവിൽക്കൂടെ ചരിക്കണം. ആ പന്ഥാവു കണ്ടുപിടിക്കാൻമാത്രം ബുദ്ധിയുള്ള സാഹിത്യകാരന്മാർ ഇന്നു് മലയാളക്കരയിലുണ്ടോ? ആവോ എനിക്കറിഞ്ഞുകൂടാ. ഒന്നു തീർച്ച. രാഷ്ട്രീയക്കാരുടെ പിന്നാലെ നടക്കുന്നവർ ബുദ്ധിശൂന്യർതന്നെ, മററു നില്ക്കക്കള്ളിയില്ലാത്ത പരോപജീവികൾ! ഒന്നിലും പെടാതെ, സ്വതന്ത്രരായി കലാസപര്യനടത്താൻ ധൈര്യമുള്ള അനുഗൃഹീതർ ഉണ്ടെങ്കിൽ അവരെ ഞാൻ ഭാവിലോകത്തിന്റെ വിധാതാക്കളായി എണ്ണും!

—:o:—


**റബ്ബർമുദ്രകൾ**

വിവിധ ഡിസൈനുകളിൽ ഉറപ്പും ഭംഗിയുമുള്ള റബ്ബർമുദ്രകൾ

മിതമായ നിരക്കിലും കൃത്യസമയത്തും ചെയ്തുകൊടുക്കുന്നതാണ്.

മാനേജർ, ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

# ഒടുവിൽ.....

സി. പി. ഗോപിനാഥൻനായർ M. A.

1

തളിരണിഞ്ഞുതാരംചേർന്ന
മിന്നുവാൻതുടങ്ങി,യാ-
ലളിതപ്രമോദര
പ്പൂച്ചെടി,യപ്പോഴെയ്യും
ഹൃദയ,നുദ്യോഗസ്ഥ
നാകുവാനാശിച്ചുതാ
മദ്രനാമകപുരീ
മദ്ധ്യത്തിലെത്തിച്ചേർന്നു-
അവളോ തൽഭാവിയെ
ബ്ഭാസുരമായിക്കണ്ടു-
നവമാം വിശ്ലേഷത്തെ
സ്സഹിച്ചാളൊരുമട്ടിൽ.
"ഘോരമാമാപത്തുന്നു
വന്നാലും കളയൊല്ലേ
സാരമാമസ്മൽപ്രേമ
സ്മാരകമിതെ"ന്നവൾ
ചൊല്ലവേ മണിമയഭൂഷണം
തദംഗുലീ
പല്ലവവിശ്ലേഷമ,
ന്നാദ്യമായറിഞ്ഞുപോയ്.

2

തമ്പിതൻ മനോഹര
ഭാവനാലതാഗ്രത്തി
ലനഘം വിരിയുന്ന
സുന്ദരപ്രതീക്ഷകൾ
ഒട്ടനാൾക്കകമേററം
മാന്യമാമൊരുജോലി-
കിട്ടുമാ, വിദൂരസ്ഥ-
നെന്നവൾ വിചാരിക്കും.
"രാമണീയകമേലും
നാഗരഹർമ്മ്യത്തിങ്ക-
ലാമണിപ്രാസാദാന്തേ
കാന്തനൊത്താഹ്ലാദിക്കാം,
ശീതളമന്ദാനില
ലാളനമേററുംകൊണ്ടു
ധൌതനിർമ്മല'വംഗ'
സാഗരമണൽത്തിട്ടിൽ
വാസരാത്യയ ശാന്ത
വേളയിലിരുന്നോരോ
വാസനാമധുരമാം-
നർമ്മസല്ലാപംചെയ്യാം"
ഓരോന്നാ, യിതിൻവണ്ണം
നവ്യജീവിതത്തിങ്കൽ
ചേരേണ്ടും പരിപാടി
നിർണ്ണയി,ച്ചാനന്ദത്താൽ,
ഭാവിയെച്ചിത്രീകരി
ച്ചത്യന്തം മദിക്കയാ-
ണാവിലാസിനീചിത്തം-
ദൈവത്തിൻ മതമെന്തോ!
മന്ദിരനേദിഷ്ഠമാം
കോവിലിൽ കുടികൊള്ളു-
മിന്ദിരാരമണന്റെ
പുണ്യസന്നിധിയിങ്കൽ
മാറിൽ മറെറാരുപൂമൊ-
ട്ടങ്ങിനെ വിരചിക്കും-
മാ,റിളംകരങ്ങളെ
ക്കൂപ്പിക്കൊണ്ടവൾനില്ക്കും.
മംഗളം നേർന്നീടുമ
ക്കാമുകനാവോളവും,
'മംഗല'ദിനംനീളാ-
തിരിപ്പാനഭ്യർത്ഥിക്കും.

3

നാലുമാസമായിടുന്ന-
യ്യാ്യുവാവൊരേടത്തും
വേലകിട്ടാതേദീന-
ദീനനായുഴലുന്നു!
മുമ്പു താനതിരമ്യ
സ്വപ്നസീമനികണ്ട
പൊൻപുരമെവിടെ? യീ-
വമരുസ്ഥലമെങ്ങോ?
അത്രതൻ ചിത്രങ്ങൾത-
ന്നെരടാശ്ശമരുപ്പച്ച-
യ്യേത്രനാ, ളെല്ലതാകും
തൻപരിക്ഷീണംതീർപ്പാൻ?
താന്തനാ, യവലംബ
ഹീനനായ്, നിരാശനായ്,
ഭ്രാന്തനെപ്പോലേചുററി
സ്സന്തതമലയുന്നു!

4

ക്ഷുത്തിനാലതിമാത്രം
പീഡിതനായിട്ടവ-
നിത്തിരിനേരം ചിന്തി-
ച്ചിരിപ്പൂ,യൊരുനാളിൽ,
പാദപത്തണലത്തു
പാതതൻ വക്കത്തായി
സ്സാദവും വിഷാദവും
കലരും മുഖത്തോടെ.
'ടാ'റിട്ടമിന്നുന്നോരാ-
'റോഡി'ലെന്നവൻനോക്കി

നേരിയ മരീചിക
മാത്രമേ കാണ്മാനുള്ളൂ.
മന്ദമാ, യിളംകാററാ-
നിഷ്പ്പചതരുപത്ര-
വൃന്ദത്തെക്കളിപ്പിക്ക
മൊച്ചയേ കേൾപ്പാനുള്ളൂ!
ആശയെത്തെളിയിപ്പാ-
നൊന്നുമില്ലവന്നു, നാ,-
ലാശയും നിശ്ശൂന്യമായ്-
തീർന്നതുപോലെതോന്നി-
ഗ്രാമഭൂവിനെവിട്ടു
പോന്നൊരസ്സുപ്രഹസ്സിൻ
ഭീമമാം പരിണാമ
മോർത്താത്ത സനിശ്വാസം
ഫാലദേശത്തെപ്പൊത്തും
കയ്യിനാൽത്തലോടവേ
ബാലതൻ സമ്മാനമാം
മോതിരം കണ്ണിൽപെട്ടു.

5

ഓർക്കയോ,യവ്ഌനിതു
വിററാലോ?" തൊടിക്കുള്ളി-
ലക്കുമാരികാരൂപം
ഹൃത്തിനു മുന്നിൽകാണായ്
നിർമ്മലസ്നേഹാജല
മാകുമാവചനങ്ങ-
ളോർമ്മയിലുദിച്ചുവാ
റൊന്നവൻ ഞെട്ടിപ്പോയി.
നടക്കാനുഴറിയ
കാലടി പിറന്നോട്ടവേ-
ച്ചുടനേ പൂർവ്വസ്ഥാന-
ത്തിരുന്നാനവൻവീണ്ടും-
സ്ഫീതമാം വികാരോഗ്ര
വാത്യയിൽ തന്മാനസ-
പോതകം വിചാരോർമ്മി-
മാലമേലുഴലുന്നു-
വിശപ്പാം രക്ഷസ്സിന്റെ
വിക്രമമടക്കമോ
വിശ്രുതോജ്ജ്വലപ്രേമ-
വല്ലകീമൃദുമന്ത്രം?
ഹാ! കഷ്ടം! നൎത്തിച്ചിത്ത
മല്ലാതെ മറെറാന്നില്ലേ,
ഭീകരവിധിക്കൊരു
പന്താക്കിക്കളിയാടാൻ?

6

സോദവാരിയിൽ മുങ്ങി-
പ്രേതകല്പനായ്,നഗ-
പാദനായ്, ദയനീയ
ദശനരൂപത്തോടെ,
നില്പതാരിവിടെ,യി-
സ്സുവർണ്ണവ്യാപാരിതൻ
ശില്പമോഹനമാകും
ശാലതൻ മുഖത്തായി?

കാമുക—നതേനിജ-
പ്രേമലാളിതമഞ്ജു-
ശ്രീമയവിഭൂഷണ-
വിക്രയോദ്യുക്തൻ—തന്നെ!
വണിക്കിൻ മഹാലോഭ-
ലോലമാം നേത്രങ്ങ,ളാ-
മണിഭൂഷണത്തിന്മേ-
ലഞ്ജസാകളിക്കുമ്പോൾ,
ക്ഷീണമാം തദീയാന്ത
രംഗമോ, ദൂരത്തെഴും
പ്രാണനാഢിയെച്ചെന്നു
കാണുകയത്രേ, കഷ്ടം!
സപിന്നമാം വിരലിന്മേ-
ലൊട്ടേറെ നേരംനോക്കും
പിന്നെയും ചിന്താലയ
മന്നവൻ നിലകൊള്ളും;
പിന്നെയും നോക്കും,ഹന്ത!
പിന്നെയും വിചാരിക്കും
തന്നെയും, തൻജീവന്റെ
ജീവനാമവളേയും!
സ്ഫാരമാ,യുടനടി
നിർഗ്ഗളിച്ചീടും ബാഷ്പ-
ധാരയിലനന്യച്ചതാ
യന്ത്രികപ്പാവയെപ്പോലപ്പം
ഒരുമ,ട്ടാഗസിതൻ
ഭാവമാ,ന്നൊട്ടവില-
ത്തരുണ,നഴിക്കയായ്
തൽപ്രേമമുദ്രാരത്നം!
"അരുതേ!" യെന്നത്തമ്പി-
മുന്നിൽവന്നുദേഗാത്തോ-
ടരുളുന്നതായ്കണ്ടു
വിരലിൽചേർത്തു വീണ്ടും!
"എ,ന്തിതു, വില്പാനുള്ള-
താ,ണെങ്കിൽ തത്രഭവാ-
മെന്തെടേവിലയേറും
സമയം പാഴാക്കാതെ."
എന്നുവാണിജനോട്ടും
വാക്കിലെപ്പരുഷത
മൊന്നുമേകണ്ണിന്നത്തിങ്ക-
ലേശിയി,ല്ലതേ നന്നായ്!
അംഗുലീയകമൂരി
യത്ഭുതമാം ഹൃദയത്തോ-
ടന്ത്യമാ,യണച്ചാപാ,-
യ്യതകിപ്പേക്കില്ലല്ലീ?
ആയതുവാങ്ങി ക്ഷണം
നികഷോപലത്തിന്മേ-
ലായവനതിൻ മാറെറാ-
ന്നുരച്ചുനോക്കീടുമ്പോൾ,
മുററമോർക്കുകയായീ
കാമുക, "നെൻപ്രേമത്തിൻ
മാററരയ്ക്കുകയാണോ
ദുർവിധിദുരാധർഷൻ?"
തി,ന്നനർഘമാം ദിവ്യ
മാണിക്യപ്രകാണ്ഡത്തി-
ന്നനവനർജ്ജിച്ചതോ
തുച്ഛമാം വിലമാത്രം!
നിസ്തുലപ്രണയത്തിൻ
കോമളമുഖത്തിലും
നിൻകരം കരിവാരി-
ത്തേച്ചിതോ, ദാരിദ്ര്യമേ!



"ഉണക്കപ്പാൽ"—യൂറോപ്പിലെയും, മദ്ധ്യദേശത്തെയും ഏഷ്യയിലെയും, അമേരിക്കൻറിപ്പബ്ലിക്കുകളിലെയും ശിശുക്കൾക്കു യു. എൻ-ൽനിന്നും ഏർപ്പെടുത്തപ്പെട്ടിട്ടുള്ള വ്യവസ്ഥകളനുസരിച്ചു ആഹാരം നൽകുന്നതിനായി 100000000 റാത്തൽ പാൽ അമേരിക്കയിൽനിന്നു കയററുമതി ചെയ്യുന്നു. പാൽപെട്ടിവിപ്പുകൾ കപ്പലിൽ കയററുന്ന ചിത്രം.

# *ചോളച്ചെടി

എസ്സ്. കെ. നായർ

നിറഞ്ഞനന്മനസ്സെഴമൊരുവന്റെ
കഥകളോർത്തുഞാനിരിക്കവെ,
സ്വരമൊന്നുകേട്ടുതിരിഞ്ഞുനോക്കിഞാൻ-
തൊടിയിലെച്ചോളച്ചെടികണ്ടായ്,
കുസുമച്ചെണ്ടുപോൽ വിരിഞ്ഞുനിന്നിടും
മണിനിറഞ്ഞതിൻ കലതന്നിൽ,
വനത്തിൽനിന്നൊരുശുകം പറന്നുവ-
ന്നതുലമോദമന്നിരിക്കയായ്.
നിറഞ്ഞതൻഫലഭരമദ്ധ്യത്തിലാ-
ച്ചെറുകിളിയതിലിരിക്കവെ,
ഉയർന്നുനിന്നൊരാച്ചെടിയുലഞ്ഞുപോയ്
ഇടംവലങ്ങളിലതിയായി.
അനുഭവമതുചെടിക്കനൽകുന്ന
തഴലോ ഹർഷത്തിൻപുളകമോ?
ഫലംവഹിച്ചുകൊണ്ടുയർന്നുനിന്നൊരാ
ച്ചെടിക്കുമാത്രമെയറിയാവൂ.

* പകർപ്പവകാശം രചയിതാവിനു്.

ഇല്ല,തു മൂടിക്കാണും
ചില്ലിലാ,ണല്ലാതെയാ-
പ്രോല്ലസദ്രത്നത്തിന്മേ-
ലിച്ചുളിപാറില്ലല്ലോ!

7

അനുമ,കോലായിലെ
ത്തിണ്ണമേലിരുന്നുകൊ-
ണ്ടൊന്നുമേ പരിസര
സ്ഥിതിയെഗ്ഗണിക്കാതെ,
തൻകവിൾത്തളിമത്തെ
ദക്ഷിണേതരപാണി-
പങ്കജതലംകൊണ്ടു
താങ്ങിയുമിടയ്ക്കിടെ
ലോലമാം നീലാളക
മാലയെത്തലോടിയും
ചാലവേ, വലത്തേതാ
ലങ്ങിനെ, മദ്ധ്യാഹ്നത്തിൽ
സഞ്ചരിക്കുകയത്രേ
പതിവിൻ പടിയാമൽ-
ചഞ്ചലവിലോചന
വിസ്ഫുരദ്വിചാരയായ്,
മോടിയാന്നിട്ടുമാശാ-
സാരഥിനിരങ്കുശ-
മോടിക്കും മനോരഥ
മേറി, യസ്സുകുമാരി.
മുഗ്ദ്ധയാളിടവിടാ-
തുള്ളില പ്രാണേശ്വര-
സ്നിഗ്ദ്ധമോഹനരൂപം
വരച്ചുങ്ങിരിക്കുമ്പോൾ,
ആ രസമധുകരി-
ച്ചീട്ടുമറെറാരുകത്തു
ചാരവേ നിക്ഷേപിച്ചു
പോയിതത്തപ്പാൽക്കാരൻ.
ആയിരം പ്രതീക്ഷക-
ളുയരും നെഞ്ചോടവൾ
വായിച്ചുനോക്കീ മന്ദം
കാമുകസന്ദേശത്തെ.—
"ഓമനേ! പൊറുത്താലു
മാദ്യമായർത്ഥിക്കുന്നേ-
നീമഹാപാപാത്മാവു
ചെയ്തതാമപരാധം-
വാമമാം വിധിലീല
വിസ്മയ-മിന്നോളവും
മാമകനവാഗ്രഹ
കുഡ്മളം വിരിഞ്ഞില്ലേ!
ചുരുക്കിപ്പറയട്ടെ
പട്ടിണിക്കിരയായ് ഞാ-
നരുതേ ഖേദം-വിററു
പോയിനി,നുപഹാരം.
ഹാ! മഹാദാരിദ്ര്യത്തിൻ
കുട്ടംകൈയ്യുനിവാഴ്വും
പ്രേമഭംഗത്തെത്തെല്ലും
തങ്കമേ! ശങ്കിക്കല്ലേ—"

—o—


## ശ്രീഭൂതനാഥസർവ്വസ്വം

൧-ം, ൨-ം, ൩-ം ഭാഗങ്ങൾ

ഗ്രന്ഥകർത്താ,

വിദ്വാൻ കുറുമള്ളൂർ നാരായണപിള്ള

ശബരിമലക്ഷേത്രം, അതിന്റെ പ്രാചീനത, ധർമ്മശാസ്താവിന്റെ ഉൽഭവം, മഹിഷീവൃത്താന്തം, മോഹിനീരൂപം, മഹിഷീമർദ്ദനം, മാളികപ്പുറത്തമ്മ, ശബരിഗിരിയാത്രാവിധി, പമ്പാമാഹാത്മ്യം, ശാസ്താവും അവതാരോദ്ദേശവും അയ്യപ്പൻ, വാവരു്, കടുത്തസ്വാമി എന്നുള്ള വിവിധവിഷയങ്ങളെ പുരസ്കരിച്ചു് പല താളിയോലഗ്രന്ഥങ്ങളും ചെമ്പുപട്ടയങ്ങളും മററും നോക്കി, തയാറാക്കിയിട്ടുള്ളതും, പൂജാവിധി, പൂജാമന്ത്രം, ഗായത്രി മുതലായവ അടങ്ങിയിട്ടുള്ളതുമായ ഉത്തമഗ്രന്ഥം.

വില ൧ രൂ. ൪ ണ.

മാനേജർ, ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.
ബ്രാഞ്ചുകൾ—തിരുവനന്തപുരം, ആലപ്പുഴ.

# കറുത്ത രാജാവും വെളുത്ത രാജ്ഞിയും

## വിൻഡ്സർ സിംസൺ പ്രേമചരിത്രത്തിന്റെ ആഫ്റിക്കൻ പതിപ്പ്?

### സെറെസ്റ്റെഖാമായുടെ പ്രേമനാടകം

ദക്ഷിണാഫ്റിക്കയിലെ മലാൻഗവൺമെന്റിന്റെ ഇരുണ്ടനിറമുള്ള വർഗ്ഗക്കാരോടുള്ള മനോഭാവം കുപ്രസിദ്ധമാണെല്ലോ. വെള്ളക്കാരല്ലാത്തവൎക്ക് പ്രസ്തുതഗവൺമെൻറ് സകല മൗലികാവകാശങ്ങളും നിഷേധിച്ചുകൊണ്ടാണ് ഭരണം നടത്തിവരുന്നതു്. ഈയിടെ ദക്ഷിണാഫ്റിക്കൻഗവൺമെൻറ് വലിയ രാഷ്ട്രീയപ്രാധാന്യം കൽപിച്ചുകാണുന്ന സംഭവം കറുത്തവർഗ്ഗക്കാരുടെ ഒരു രാജാവ് ആയ സെറെസ്റ്റെഖാമ (൨൭-വയസ്സ്)യും ലണ്ടനിലെ ഒരു ടൈപ്പിസ്റ്റ് ആയ റൂത്ത്‌വില്യംസ് (൨൪-വയസ്സ്) എന്ന ഇംഗ്ലീഷ് വനിതയുമായി നടന്ന വിവാഹമാണ്. ഒരു വെള്ളക്കാരിയെ വിവാഹംചെയ്ത കറുത്തരാജാവിന് രാജ്യഭരണത്തിനുള്ള അവകാശം നഷ്ടപ്പെട്ടുമെന്നും, നഷ്ടപ്പെടണമെന്നും, ആണ് മലാൻഗവൺമെൻറ് വാദിക്കുന്നതു്. ഈ സംഭവത്തെപ്പററി ഒരു അന്വേഷണംനടത്തി രാജ്യാവകാശം ഉണ്ടോ എന്ന് തീരുമാനിക്കുന്നതിന് ഒരു കമ്മിഷൻ നിയമിക്കണമെന്ന മലാന്റെ വാദം ബ്രിട്ടീഷുഗവൺമെൻറ് അംഗീകരിക്കുകയും അന്വേഷണം ആരംഭിക്കുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു. സെറെസ്റ്റെ ഇപ്പോൾ ഇതുസംബന്ധിച്ച് ഇംഗ്ലണ്ടിൽ എത്തി താമസിച്ചുവരികയാണ്. പത്നി അദ്ദേഹത്തെ അനുഗമിച്ചിട്ടില്ല.

### നാട്ടുരാജ്യങ്ങൾ മലാന് വിഴുങ്ങണം

സ്വാസിലാൻഡ്, ബെച്ചുവാനാലാൻഡ്, ബസുട്ടോലാൻഡ് എന്ന മൂന്ന് സംരക്ഷിത നാട്ടുരാജ്യങ്ങളാണ് ദക്ഷിണാഫ്റിക്കയിലുള്ളതു്. ൧൮൯൫-മുതൽ ആഭ്യന്തരകാര്യങ്ങളിൽ ഇവ സ്വതന്ത്രമാണ്. ഈ രാജ്യങ്ങളെ വിഴുങ്ങുന്നതിനുള്ള ഒരു പദ്ധതിയാണ് മലാൻ ഇപ്പോൾ സമാരംഭിച്ചിരിക്കുന്നതു്.

ഏകദേശം ഒരു വർഷത്തിനുമുമ്പാണ് സെറെസ്റ്റെഖാമായും റൂത്ത്‌വില്യംസുമായുള്ള വിവാഹം നടന്നതു്. പരമ്പരാസിദ്ധമായിട്ടുള്ള അവകാശപ്രകാരം ദക്ഷിണാഫ്റിക്കയിലെ ഒരു നാട്ടുരാജ്യത്തിന്റെ കിരീടാവകാശിയായ സെറെസ്റ്റെ ലണ്ടനിൽ ഒരു നിയമവിദ്യാർത്ഥിയായി താമസിച്ചുവരവെ, അവിടത്തെ ഒരു ആഫീസിലെ ടൈപ്പിസ്റ്റ്ജോലിയിൽ ഏർപ്പെട്ടിരുന്ന റൂത്ത്‌വില്യംസ് എന്ന യുവതിയുമായി പരിചയപ്പെടുന്നതിനിടയാകുകയും ക്രമേണ അതു് പ്രണയമായി വികസിക്കുകയുമുണ്ടായി. താമസിയാതെ അവർതമ്മിലുള്ള വിവാഹം കെൻസിംഗ്ടൺ രജിസ്ട്രാഫീസിൽവച്ച് നടത്തപ്പെട്ടു.

### പ്രേമനാടകത്തിലെ ഒരു പാത്രം—ദുഷ്ടനല്ല

പഴയ പ്രണയകഥകളിലെന്നപോലെ, കാമിനീകാമുകന്മാരുടെ ജീവിതം സുഖകരമല്ലാതാക്കുന്ന സംഭവങ്ങളുമായി അവൎക്ക് സമരം ചെയ്യേണ്ടതായിവന്നു. എന്തുതന്നെ സംഭവിച്ചാലും താൻ പത്നിയെ ഉപേക്ഷിക്കുകയില്ലെന്ന് സെറെസ്റ്റെ ശപഥംചെയ്തു. വിൻഡ്സർ പ്രഭുവിനെപ്പോലെ കിരീടം ഉപേക്ഷിക്കുന്നതിനും അദ്ദേഹം സന്നദ്ധനാണ്.

ഷെക്കടി എന്ന പേരോടുകൂടിയ ഒരു ചിററപ്പനാണ് ഈ കഥയിലെ മറെറാരു കഥാപാത്രം. അദ്ദേഹം സെറെസ്റ്റെയുടെ രാജ്യത്തിലെ റീജൻറാണ്. വിവാഹകാര്യം നേരത്തെ അറിഞ്ഞിരുന്നെങ്കിൽ നിയമതടസ്സങ്ങൾ അദ്ദേഹം ഉന്നയിക്കുമെന്ന് സെറെസ്റ്റെയ്ക്ക് അറിയാമായിരുന്നു. അതുകൊണ്ട് ഷെക്കടിക്ക് ഇടപെടാമായിരുന്ന സമയം കഴിഞ്ഞശേഷംമാത്രമാണ് അദ്ദേഹത്തെ വിവരം ധരിപ്പിച്ചതു്. അപ്പോഴേയ്ക്ക് വിവാഹവും കഴിഞ്ഞിരുന്നു.

മററുരാജ്യങ്ങളിലെന്നപോലെതന്നെ ബെച്ചുവാനാലാൻഡിലും രാജ്യാവകാശിയുടെ വിവാഹം രാഷ്ട്രീയപ്രാധാന്യമുള്ള ഒരു സംഭവമാണ്. രാജമാതാവ് ആരായിരിക്കണമെന്ന് നിശ്ചയിക്കുന്നതിനുള്ള അവകാശം നാട്ടിലെ മൂപ്പന്മാൎക്ക് (പ്രജകളിൽ പ്രമുഖർ) ഉള്ളതാണ്.

ഷെക്കടി ദുരുദ്ദേശ്യനല്ല; പക്ഷെ മാമൂൽ ലംഘിക്കുന്നതിൽ അദ്ദേഹംവിമുഖനാണ്. പുത്രനിർവിശേഷമായ സ്നേഹമാണ് അദ്ദേഹത്തിനു സെറെസ്റ്റെയോടുള്ളതു്. നാലുവയസ്സിൽ മാതാപിതാക്കന്മാരില്ലാതെ അവശേഷിച്ച രാജകുമാരന്റെ മാതാവും പിതാവും അദ്ദേഹംതന്നെയാണ്. അദ്ദേഹത്തിന്റെ നിർബ്ബന്ധത്താലാണ് സെറെസ്റ്റെഖാമാ നിയമംസംബന്ധിച്ചുള്ള ഉന്നതവിദ്യാഭ്യാസത്തിനായി ഇംഗ്ലണ്ടിൽ അയയ്ക്കപ്പെട്ടതും.

### ബമംഗ്വാട്ടോവർഗ്ഗം

സെറെസ്റ്റെയും ഷെക്കടിയും ബമംഗ്വാട്ടോവർഗ്ഗക്കാരാണ്. ഒരു ലക്ഷത്തോളമാണ് അവരുടെ ജനസംഖ്യ. ദക്ഷിണാഫ്റിക്കയും ദക്ഷിണറൊഡീഷ്യയുമാണ് അയൽരാജ്യങ്ങൾ. രണ്ടും ഭരിക്കുന്നതു വെള്ളക്കാരാണ്. അനേകലക്ഷം കറുത്ത വർഗ്ഗക്കാരുടെയിടയിലുള്ള വെള്ളക്കാർ അവരുടെ വർഗ്ഗത്തിന്റെ പരിശുദ്ധി പാലിക്കുന്നതിൽ ശ്രദ്ധാലുക്കളാണ്. കറുത്ത വർഗ്ഗക്കാർ ചെയ്തുകൊടുക്കുന്ന അനുകൂല്യങ്ങൾ തങ്ങളുടെ അഭിമാനത്തിനും അധികാരത്തിനും നാശം വരുത്തുമെന്നാണ് വെള്ളക്കാർ ഭയപ്പെടുന്നതു്. ബമംഗ്വാട്ടോവർഗ്ഗത്തിന്റെ പ്രാധാന്യത്തിന്റെ കാരണം അവരുടെ സംഖ്യാബലമല്ല; അവരെ ഭരിച്ചുവന്ന രാജാക്കന്മാരുടെ വ്യക്തിമാഹാത്മ്യമാണ്. ഖാമാ എന്ന പ്രശസ്തനായ രാജാവ് ഒരു തലമുറയോളം ഭരണംനടത്തിയശേഷം അദ്ദേഹത്തിന്റെ ഇളയപുത്രൻ രാജ്യത്തിന്റെ അനന്തരാവകാശിയായ സെറെസ്റ്റെഖാമായുടെപേരിൽ കഴിഞ്ഞ കാൽശതാബ്ദകാലമായി റീജൻസിഭരണം നടത്തിവരികയാണ്. ഷെക്കടിയാണ് റീജൻറ്. ഷെക്കടിയ്ക്കു ഇപ്പോൾ ൪൫ വയസ്സോളം പ്രായമുണ്ട്. സാധാരണയായി യൂറോപ്യൻരീതിയിലുള്ള വസ്ത്രങ്ങളാണ് അദ്ദേഹം ധരിക്കുന്നതു്. ഇംഗ്ലീഷുഭാഷ നല്ലവണ്ണം സംസാരിക്കുന്ന ഒരു നാട്ടുകാരനാണ് അദ്ദേഹം. യുദ്ധവിരാമത്തിനു മുമ്പുതന്നെ സെറെസ്റ്റെയ്ക്കു പ്രായപൂർത്തിയായെങ്കിലും യുദ്ധാനന്തരമുള്ള അവ്യവസ്ഥിതാവസ്ഥ ഒരുവിധം പരിഹരിക്കപ്പെടുന്നതുവരെ, ഒന്നോ രണ്ടോ സംവത്സരംകൂടി, സെറെസ്റ്റെ വിദ്യാഭ്യാസത്തിലേപ്പെട്ടും ലോകപരിചയം സമ്പാദിച്ചും തന്റെ സ്ഥാനത്തിനു അനുയോജ്യമായ യോഗ്യത സമ്പാദിക്കട്ടെയെന്നായിരുന്നു ഷെക്കടിയുടെ അഭിപ്രായം. തൽഫലമായാണ് സെറെസ്റ്റെ നിയമബിരുദംനേടുന്നതിനായി ആക്സ്ഫോർഡിലേക്കു തിരിച്ചതും.

### ആഫ്റിക്കയിലെ ഒരു ബാരക്ക് ഗ്രാമത്തിൽ

കം കൊട്ടാരത്തിലാണ് വസിക്കുന്നതു്. യൂറോപ്യൻ അതിഥികൾക്കായി പരിഷ്കൃതമാതൃകയിലുള്ള ഒരു കെട്ടിടവും രാജാവിന്റെ വകയായുണ്ട്. ഒരു അമേരിക്കൻ ജിപ്പിലാണ് ആഫ്റിക്കയിലെ കാട്ടുജാതിക്കാരുടെ അതിഥികളെ റെയിൽവേസ്റ്റേഷനിൽനിന്നു കയററി അതിഥിമന്ദിരത്തിലേയ്ക്കാനയിക്കുന്നതു്.

സെറെസ്റ്റെ തലസ്ഥാന"നഗരി"യിലെത്തി ബമംഗ്വാട്ടോയുടെ സഭകൂടി ചെയ്ത തീരുമാനം അദ്ദേഹത്തിനു അനുകൂലമായിരുന്നില്ല. അദ്ദേഹത്തിനു ഭരണാധികാരം നൽകുന്നതിനു സഭയ്ക്കു സന്തോഷമാണെങ്കിലും യൂറോപ്യൻപത്നിയെ തങ്ങളുടെ രാജ്ഞിയായി സ്വീകരിക്കുന്നതിനു അവർ വിസമ്മതിക്കുകയാണ് ചെയ്തതു്. സെറെസ്റ്റെ ആലോചിച്ചതിന്റെ തീരുമാനം അവരെ അറിയിക്കാമെന്നു സമ്മതിച്ചു ഇംഗ്ലണ്ടിലേയ്ക്കു മടങ്ങി.

### പാർലമെൻറ് തകിടംമറിയുന്നു

മാസങ്ങൾ കഴിഞ്ഞു. സെറെസ്റ്റെ വീണ്ടും ബമംഗ്വാട്ടോ സഭയെ അഭിമുഖീകരിച്ചു. സഭാംഗങ്ങൾ ഇന്നു സെറെസ്റ്റെയോടു അനുഭാവമാണ് പ്രകടിപ്പിക്കുന്നതു്. ഒന്നുകിൽ റൂത്തിനെ തന്റെ പത്നിയായി അംഗീകരിക്കുക, അല്ലാത്തപക്ഷം തനിക്കു കിരീടാവകാശം നിഷേധിക്കുക! എന്നുതന്നെ സെറെസ്റ്റെ സഭാംഗങ്ങളോടു സധീരം ആവശ്യപ്പെട്ടു. അമ്പതോളംപേരാണ് റൂത്തിനെതിരായി എഴുന്നേറ്റതു്. അനേകായിരം പേർ രാജാവിന്റെ ചിതത്തെ അനുകൂലിച്ചു ശബ്ദമുയർത്തി. സെറെസ്റ്റെ സഭയിൽ ജയംനേടി.

> ആഫ്റിക്കയിലെ ബമംഗ്വാട്ടോവർഗ്ഗത്തിന്റെ കിരീടാവകാശി സെറെസ്റ്റെഖാമായും ലണ്ടൻകാരിയായ റൂത്ത്‌വില്യംസുമായുള്ള വിവാഹം ദക്ഷിണാഫ്റിക്കൻ രാഷ്ട്രീയാന്തരിക്ഷത്തിൽ ഒരു കോളിളക്കമുണ്ടാക്കിയിരിക്കുന്നു. കറുത്തവർഗ്ഗക്കാരുടെ രാജ്യങ്ങളെ അപ്പാടെ വിഴുങ്ങുന്നതിന് ലാക്കുനോക്കിയിരിക്കുന്ന ഡാ: മലാനും ബമംഗ്വാട്ടോ റീജൻറും "വംശശുദ്ധി" പാലിക്കുന്നതിൽ നിഷ്കൃഷ്ടിക്കുന്നു. ഇംഗ്ലണ്ടിൽ നടക്കുന്ന ആലോചനകൾ സെറെസ്റ്റെ റൂത്ത് വിവാഹത്തെ അനുഗ്രഹിക്കുമോ? സെറെസ്റ്റെയെ കട്ടത്ത ഒരു വിൻഡ്സർ ആക്കി ഭാണ്ഡംകെട്ടിക്കുമോ?

### ബമംഗ്വാട്ടോയുടെ പാർലമെൻറ്

ഇംഗ്ലണ്ടിലെ താമസത്തിനിടയിൽ റൂത്ത് വില്യംസുമായി സെറെസ്റ്റെ പ്രേമബന്ധത്തിലേർപ്പെടുന്നതിനിടയായി. ബമംഗ്വാട്ടോയുടെ നിയമപ്രകാരം രാജാവിന്റെ വിവാഹത്തിനു നാട്ടുമൂപ്പന്മാരുടെ അനുമതി മുൻകൂട്ടിവാങ്ങിയിരിക്കേണ്ടതാണ്. ഏററവും പരിഷ്കൃതരാജ്യമെന്നഭിമാനിക്കുന്ന ഇംഗ്ലണ്ടിൽപോലും എഡ്വേർഡ് എട്ടാമൻ മിസ്സിസ് വാലീസ് വാർഫീൽഡ്സിംപ്സനെ വിവാഹം ചെയ്യുന്നതിനു പാലർമെൻറ് അനുവാദം നിഷേധിക്കുകയാണെല്ലോ ഉണ്ടായതു്. രാജാവ് കിരീടം ഉപേക്ഷിക്കേണ്ടതായിവന്നു. ബമംഗ്വാട്ടോ വർഗ്ഗവും ബ്രിട്ടീഷുജനതയും തമ്മിൽ പരിഷ്കാരത്തിൽ ധ്രുവസമാനമായ അന്തരമാണുള്ളതെങ്കിലും രാജാവിന്റെ വിവാഹകാര്യത്തിൽ ഇംഗ്ലണ്ടിലെ വെള്ളക്കാരും ആഫ്റിക്കയിലെ കറുത്ത ബമംഗ്വാട്ടോ വർഗ്ഗക്കാരും തുല്യനിലയാണ് അവലംബിച്ചതു്. സെറെസ്റ്റെയുടെ കാമുകിയെ സ്വഗ്രഹത്തിൽനിന്നു ബഹിഷ്കരിക്കുന്നതാണെന്നു അവളുടെ കുടുംബാംഗങ്ങൾ ഭീഷണിപ്പെടുത്തുകയുംകൂടിയുണ്ടായി.

### കിരീടമോ പ്രേമമോ?

സെറെസ്റ്റെ എഡ്വേർഡ്‌രാജാവിനെ അനുകരിക്കുന്നതിനുതന്നെ നിശ്ചയിച്ചു. കിരീടം നഷ്ടപ്പെട്ടാലും തന്റെ പ്രേമഭാജനത്തെ ഉപേക്ഷിക്കുകയില്ലെന്നു അദ്ദേഹം ദൃഢപ്രതിജ്ഞ ചെയ്തു.

ഉടൻതന്നെ ബമംഗ്വാട്ടോ വർഗ്ഗത്തിന്റെ തലസ്ഥാനമായ സെറൂയിയിൽ എത്തിക്കൊള്ളണമെന്നു ഷെക്കടിയുടെ ആജ്ഞയെ ആദരിച്ചു സെറെസ്റ്റെ ആഫ്റിക്കയിലേയ്ക്കു പറന്നു.

മൺഭിത്തികൊണ്ടുള്ള കുടിലുകളുടെ ഒരു സമൂഹമാണ് സെറൂയി. പല കുടിലുകൾ തൊട്ടുതൊട്ടായിക്കെട്ടിയവയിൽ ഒരു കുടുംബത്തിലെ പല അംഗങ്ങൾ അധിവസിക്കുന്നു. പ്രസ്തുത കുടുംബംവക കുടിലുകളെ അന്യകുടുംബങ്ങളുടേതിൽനിന്നു വേർതിരിക്കുന്നതിനുയർന്ന വേലികളാണുള്ളതു്. രാജാവും കുടുംബവും പ്രത്യേ

### വിഷമം തീരുന്നില്ല

പക്ഷെ സഭയുടെ അഭിപ്രായം വിഷമതകൾക്കു വിരാമമിടുന്നതിനു മതിയായില്ല. ഷെക്കടി മാമൂലിൽ മുറുകെപ്പിടിച്ചു നിൽക്കുകതന്നെ ചെയ്യുന്നു. റൂത്തു രാജ്ഞിപദത്തിൽ ആരോഹണം ചെയ്യുന്നതോടെ ഷെക്കടി സ്വവർഗ്ഗത്തിലെ പ്രമുഖാനുതാക്കന്മാരുമായി രാജ്യം വിടുമെന്നാണ് ഭീഷണിപ്പെടുത്തുന്നതു്. ഷെക്കടിയുടെ ഭരണം ശക്തവും പുരോഗമനോന്മുഖവുമാണ്. ഒരു പരിഷ്കൃതഗവൺമെൻറ് ജനങ്ങളുടെ മേൽ നികുതി ഏർപ്പെടുത്തുന്നു. ഷെക്കടിയോടു സാമാന്യജനങ്ങൾക്കുള്ള വിരോധമാണ സെറെസ്റ്റെയുടെ വിജയത്തിനു കാരണം. ഭരണം പുരോഗമനപരമെങ്കിലും സമുദായകാര്യങ്ങളിൽ ഷെക്കടി യാഥാസ്ഥിതികനാണ്. സ്വവർഗ്ഗത്തിന്റെ പരിശുദ്ധി പാലിക്കുന്നതിൽ അദ്ദേഹത്തിനു നിർബ്ബന്ധമാണുള്ളതു്.

### വിൻഡ്സർനാടകത്തിന്റെ ആവത്തനമോ?

സെറെസ്റ്റെയെ അനുകൂലിക്കുന്നവരെപ്പോലും വിഷമിപ്പിക്കുന്നതു ഭാവിയിൽ തങ്ങളെ ഖാമായുടെ സിംഹാസനത്തിൽ ആരൂഢനായി ഭരിക്കുന്നതു വംശശുദ്ധിയില്ലാത്ത ഒരുവനായിരിക്കുമല്ലോ എന്ന ചിന്തയാണ്.

സെറെസ്റ്റെയുടെ പ്രേമനാടകം അവസാനിച്ചുകഴിഞ്ഞില്ല. ബ്രിട്ടീഷ്ഗവൺമെൻറ് സെറെസ്റ്റെ റൂത്തുകാര്യത്തിൽ ഇപ്പോൾ ഇടപെട്ടിരിക്കുകയാണ്. പ്രസ്തുത പ്രശ്നത്തെ സംബന്ധിച്ചുള്ള ചച്ചകൾക്കായി സെറെസ്റ്റെ ഇപ്പോൾ ഇംഗ്ലണ്ടിൽ എത്തി താമസിച്ചുവരികയാണ്.

വിൻഡ്സർസിംപ്സൺനാടകത്തിന്റെ ഒരു ആഫ്റിക്കൻപതിപ്പായി ഈ പ്രേമനാടകം പര്യവസാനിക്കുമോ?

—:o:—



ബഞ്ചമിൻ ഫ്രാങ്ക്ളിൻ—യു. എസ്സിലെ തത്വചിന്തകനും രാജ്യതന്ത്രജ്ഞനും സയിൻറിസ്ററും പ്രസാധകനുമായ ഇദ്ദേഹം ൧൭൦൬ ജനവരി ൧൭-ാംതീയതി ബോസ്റ്റനിലെ മാസച്ചുസെട്ട്സിൽ ജനിച്ചു. തന്റെ ജീവിതകാലം കൂടുതലായും കഴിച്ചുകൂട്ടിയ ഫിലഡെൽഫിയിയുടെയും രാഷ്ട്രത്തിന്റെ മുഴുവന്റെയും സംസ്കാരികവും മററുമായ പുരോഗതിക്കു ബഞ്ചമിൻചെയ്തിട്ടുള്ള സംഭാവനകൾ വൻപിച്ചതാണ്. പെൻസിൽവേനിയൻ സർവ്വകലാശാലയായി രൂപാന്തരപ്പെട്ട അമേരിക്കൻ ഫിലഡിപ്പിക്കൽ സൊസൈററി സ്ഥാപിക്കുവാൻ സഹായിച്ചതു് അദ്ദേഹമാണ്. വടക്കേ അമേരിക്കയിലെ ഒന്നാമത്തെ പബ്ളിക്കലൈബ്രറിയും അദ്ദേഹമാണ് സ്ഥാപിച്ചതു്. പോസ്റ്റൽ സർവീസും അഗ്നിശമനസംഘങ്ങളും പോലീസ് സമ്പ്രദായവും അദ്ദേഹമാണ് ആരംഭിച്ചതു്. പ്രമുഖ അമേരിക്കൻപത്രമായ പെൻസിൽവേനിയാഗസററിന്റെ പ്രസാധകൻ യു. എസ്. ഭരണഘടന തയാറാക്കിയ ൧൭൮൭-ലെ ഫെഡറൽ കൺവെൻഷനിലെ ഒരംഗവും ആയിരുന്ന ഫ്റാങ്കളിൻ വിദ്യുച്ഛക്തികൊണ്ട് പരീക്ഷണങ്ങൾ നടത്തി മിന്നലും വിദ്യുച്ഛക്തിയും ഒരുപോലെയാണെന്നു് തെളിയിക്കുകയും പിന്നീട് ലൈററ്നിംഗ്‌റാഡ്, 'ഹീററിംഗ് സ്റ്റൗവ്' തുടങ്ങിയ പലവിധ ശാസ്ത്രീയമായ ഉപകരണങ്ങൾ കണ്ടുപിടിക്കുകയും ചെയ്തു. ൧൭൯൦ ഏപ്രിൽ ൧൭-ന് അദ്ദേഹം ഫിലഡെൽഫിയായിൽവച്ചു മൃതിയടഞ്ഞു.




ഭയപ്പെടേണ്ടാ!

ജമ്മിയുടെ ലിവർക്യൂർ

വൈഷമ്യനിലയിലെത്തിയ കുട്ടികളുടെ കരൾ രോഗങ്ങളെ സൌഖ്യമാക്കുന്നു.

മരണത്തോട് വളരെ സമീപിച്ച അനേകായിരം രോഗികൾക്കു സുഖം നൽകീട്ടുള്ള ഈ മരുന്ന് കരൾകട്ടരോഗങ്ങൾക്കുള്ള ഏക ഔഷധം തന്നെയാണ്.

ജമ്മി വെങ്കിട്ടരമണയ്യാ ആൻഡ് സൺസ്,

മൈലാപ്പൂർ, മദ്രാസ്, (ഫോൺ 8139)

സാൻഡോസ്റ്റ് റോഡ്, ബോംബെ 4. (ഫോൺ 41593)

ഹാരിസൺ റോഡ്, കൽക്കട്ടാ. (കൂടാതെ ലക്ക്നൌ, ബാംഗളൂർ, തൃശ്ശിനാപ്പള്ളി.)

J. 235 Malayalam



ഹരിശ്ചന്ദ്രഘട്ടം—പുരാണപ്രസിദ്ധമായ പ്രസ്തുത സ്ഥലത്തു് ഒരു ശവം ദഹിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ എടുത്ത ഫോട്ടോ.



ദശാശ്വമേധഘട്ടം—ഇതു ഗംഗാപ്രാന്തത്തിലുള്ള ഒരു പരിപാവനഘട്ടമാണ്. ഇവിടെ സദാസമയവും ഭാരതത്തിന്റെ നാനാഭാഗത്തുനിന്നും എത്തിച്ചേരുന്ന ഭക്തജനങ്ങളുടെ തിക്കുംതിരക്കുമാണ്.



മണികർണ്ണികാഘട്ടം—വിശ്വനാഥക്ഷേത്രത്തിനു് ഏററവുമടുത്തുള്ള സുപ്രസിദ്ധഘട്ടമാണിതു്.



ബനാറീസ് ഹിന്ദു യൂണിവേഴ്സിററിയിലുള്ള ആകെ കോളേജുകളുടെ ഒരു പൊതുദർശനം.



ബനാറീസ് ഹിന്ദുസർവകലാശാലയിലെ അഗ്രിക്കൾച്ചറൽകാളേജ് "ഗ്ലാസ്ഹൗസ്" ഇതിൽ കാണാം.



ഹിന്ദുസർവകലാശാലയിലെ വിമൻസ്കാളേജിന്റെ ഒരു ദർശനം.

# കാശി വിശ്വവിദ്യാലയം

ടി. വി. ബാലകൃഷ്ണപിള്ള, ബനാറിസ്

കാശി ഭാരതപ്രസിദ്ധമാണ്. അതിനു പല കാരണങ്ങളുണ്ട്. ൨൫൦൦ കൊല്ലംമുൻപ് ത്യാഗവരേണ്യനായ ഗൗതമബുദ്ധൻ ദിവ്യസന്ദേശമരുളിയതു് കാശിയിലെ സാരനാഥം ആണ്, അതു വിശ്വവിഖ്യാതമാണ്. അതിനു് ൧൦൦൦ കൊല്ലത്തിനുശേഷമാണ് ശ്രീശങ്കരാചാര്യർ ഇവിടത്തെ വാരനാശി സന്ദർശിച്ചതു്. മഹാത്യാഗിയായ തുളസീദാസൻ തുളസീരാമായണം എന്ന വിശ്വമഹാകാവ്യം എഴുതിയതു് കാശിവിശ്വവിദ്യാലയം ഉൾക്കൊള്ളുന്ന അതിന്റെ പുണ്യഭൂമിയിൽവച്ചാണ്. അങ്ങനെ വിശ്വനാഥക്ഷേത്രംകൊണ്ടും മററും പൗരാണികമായ കാശി ഭാരതീയമാണെങ്കിൽ ഒരു വിശ്വവിദ്യാലയംകൊണ്ട് അതു ലോകപ്രസിദ്ധവുമാണ്.

മദനമോഹനമാളവ്യജി—ആ നാമധേയം ഒരു പാവനസ്മരണയോടുകൂടിയല്ലാതെ ആർക്കും ഉച്ചരിക്കുവാൻ സാദ്ധ്യമല്ല. അദ്ധ്യാപകൻ, അഭിഭാഷകൻ, സ്വാതന്ത്ര്യഭടൻ, നിയമസഭാസാമാജികൻ, മതാചാര്യൻ, ഇൻഡ്യൻ നാഷനൽകോൺഗ്രസ്സിന്റെ നാലുപ്രാവശ്യത്തെ പ്രസിഡൻറ് എന്നീ വിവിധനിലകളിൽ ഭാരതീയരുടെ സവിശേഷമായ ആരാധനയ്ക്കു തികച്ചും പാത്രീഭൂതനായ ഒരു മഹാത്മാവാണു മാളവ്യജി. അദ്ദേഹത്തിന്റെ സ്വർഗ്ഗീയസ്വപ്നം തിരുവുടലെടുത്തതാണ് കാശിവിശ്വവിദ്യാലയം.

പരിപാവനമായ ഗംഗാനദിയുടെ തീരം—അതു് അമരാവതിയായി മാറി, ഒരു മാന്ത്രികശക്തിയാലെന്നവണ്ണം. മാന്ത്രികൻ മാളവ്യാജി ആയിരുന്നു. ഈ സർവകലാശാലയെപ്പററി ജിയോർണയൽ-ഡി-ഇററാലിയാ എന്ന റോമാക്കാരൻ എഴുതിയിട്ടുള്ള അഭിപ്രായമാണ് ഞാൻ താഴെ ഉദ്ധരിക്കുന്നതു്. "ഈ വിദ്യാലയത്തിന് ഹൃദയാകർഷകമായ ഒരു ചൈതന്യമുണ്ട്. ഭാരതത്തിലെ സുന്ദരങ്ങളായ കാടും മലയും ഞാൻ കയറി ഇറങ്ങിയിട്ടുണ്ട്. പക്ഷെ, ഈ വിശ്വവിദ്യാലയത്തിലെ രമ്യഹർമ്മ്യങ്ങളുടെ ദേവാലയസൗന്ദര്യമാണ് എന്നെ വശീകരിച്ചുകളഞ്ഞതു്".

൧൯൦൫-ലാണ് മാളവ്യാജി ഒരു സർവകലാശാലസ്ഥാപനകാര്യം പലരുടെയും ശ്രദ്ധയിൽപ്പെടുത്തിയതു്. അന്നത്തെ വിലപ്പെട്ട നേതാക്കന്മാരുടെ ഒരു യോഗം ബനാറസ് ടൗൺഹാളിൽ വിളിച്ചുകൂട്ടി. ബാബു സുരേന്ദ്രനാഥബാനർജി, ഗോപാലകൃഷ്ണഗോഖലേ, ലോകമാന്യ ബാലഗംഗാധരതിലക്, ബാബു അരബിന്ദഘോഷ്, ലാലാലജ്പത്റായ്, ഗംഗാപ്രസാദ്വർമ്മ, വി. കൃഷ്ണസ്വാമിഅയ്യർ മുതലായ നേതാക്കന്മാർ അതിൽ സംബന്ധിച്ചു.

"മൂലധനമില്ല. ഒരു കലാശാല സ്ഥാപിക്കണം." മാളവ്യാജിയുടെ കൂസലില്ലാത്ത പ്രസ്തുത പ്രസ്താവനകേട്ട് ആശ്ചര്യംകൊണ്ടു ചൂളിപ്പോയി ഈ നേതാക്കന്മാരെല്ലാം.

പക്ഷെ, ഊർജ്ജസ്വലനായ ആ നാല്പത്തഞ്ചുകാരന്റെ ചിരകാലപ്രതീക്ഷ വെറും സ്വപ്നമായിരുന്നില്ല. മാളവ്യാജിയുടെ ഒരുവർഷത്തെ സഞ്ചാരപരിപാടി കഴിഞ്ഞപ്പോൾ മുപ്പതുലക്ഷംരൂപാ മൂലധനമുണ്ടായി. അദ്ദേഹത്തിന്റെ അഭ്യർത്ഥനയുടെ മുൻപിൽ കുബേരകുചേലഭേദമെന്യേ സകലരും സംഭാവനചെയ്തു. ഒരു രാജകൊട്ടാരവും അദ്ദേഹത്തിനുവേണ്ടി തുറക്കാതിരുന്നില്ല. സകല ഖജനാവിന്റെ വാതിലും അദ്ദേഹത്തിനുവേണ്ടി തുറക്കപ്പെട്ടു. അദ്ദേഹം ചോദിച്ചു; ചോദിച്ചതെല്ലാം കിട്ടി. മഹാത്മജിയും പറയാറുണ്ടായിരുന്നു മാളവ്യാജി ദിവ്യനാണെന്നു്.

൧൯൧൧-ലാണ് ബനാറീസ് ഹിന്ദുസർവകലാശാലയുടെ പ്രോസ്പക്ടസ് ആദ്യമായി പ്രസിദ്ധീകരിച്ചതു്. ൧൯൧൬-ആയപ്പോഴേയ്ക്കും മുപ്പതുലക്ഷമായിരുന്ന മൂലധനം ൧൦൦-ലക്ഷത്തോളമായി വർദ്ധിച്ചു. ലോകത്തിന്റെ നാനാഭാഗത്തുനിന്നും സംഭാവനകൾ കിട്ടി. ൧൯൧൬-ഫെബ്രുവരി ൪-ാംനുയായിരുന്നു ഈ യൂണിവേഴ്സിററിയുടെ ശിലാസ്ഥാപനകർമ്മംനിർവഹിച്ചദിവസം. അന്നു വസന്തപഞ്ചമിയായിരുന്നു. ഇന്നും ഇവിടത്തെ മഹോത്സവമാണതു്. ശിലാസ്ഥാപനം എന്ന ആ പുണ്യകർമ്മം നിർവഹിച്ചതു് അന്നത്തെ വൈസ്രോയി ആയിരുന്ന ഹാർഡിൻജ് (Hardinge)പ്രഭു ആയിരുന്നു.

ഈ മഹാവിദ്യാലയത്തിന്റെ ഉൽഘാടനം നിർവഹിച്ചതു് ൧൯൨൧-ലാണ്. ആ ഉൽഘാടനകർമ്മത്തിന്റെ പിൻപിൽ രസകരമായ ഒരു കഥയുണ്ട്. മാളവ്യാജി നിശ്ചയിച്ചു ഉൽഘാടനം പ്രിൻസ് ഓഫ് വെയിൽസിനെക്കൊണ്ടു് നടത്തുവാൻ. അതിനെ എതിർത്തു് പല പ്രമുഖനേതാക്കന്മാരും ആക്ഷേപങ്ങൾ പുറപ്പെടുവിച്ചു. പക്ഷെ പണ്ഡിറ്റ്ജി അതുകൊണ്ടൊന്നുമിളകിയില്ല. അദ്ദേഹത്തിനു് അദ്ദേഹത്തിന്റേതായ ഒരു പ്രസ്താവനയുണ്ടായിരുന്നു. ഒരു വിശദീകരണം. അതിങ്ങനെ ആയിരുന്നു. പ്രിൻസ് ഓഫ് വെയിത്സിന്റെ കുറെ പണമടിക്കാം; അയാളെക്കൊണ്ട് ഇതുൽഘാടനംചെയ്യിക്കാമെങ്കിൽ എന്നു്. ആ പ്രസ്താവനകേട്ടപ്പോൾ എല്ലാവർക്കും തോന്നി, അതുശരിയാണെന്നു്. വാമപക്ഷക്കാർ അങ്ങനെ തലതാഴ്ത്തി. യൂണിവേഴ്സിററിയുടെ മൂലധനത്തിൽ ൩൦-ലക്ഷം കൂടെ വർദ്ധിച്ചു.

യൂണിവേഴ്സിററിയുടെ പരിധി വൻമതിലുകളാൽ കെട്ടിയടയ്ക്കപ്പെട്ടിരിക്കുകയാണ്. അർദ്ധവൃത്താകൃതിയിലുള്ള പ്രസ്തുത സ്ഥലത്തിനു ഏതാണ്ടു് ൧൩൦൦-ഏക്കറോളം വിസ്തീർണ്ണംവരും. അതിന്റെ ഉള്ളിൽ സഞ്ചരിക്കുന്നതു മുപ്പതു മൈൽ റോഡാണ്. ആകാശത്തിന്റെ നീലിമയോളമെത്തുന്ന നിരവധി രമ്യഹർമ്മ്യങ്ങൾകൊണ്ടു് അതിനകം ഒരു വലിയ പട്ടണംപോലെ ഗംഭീരമാണെങ്കിൽ, പച്ചപ്പരവതാനി വിരിച്ച സമതലപ്രദേശങ്ങൾകൊണ്ടും, പൂത്തും തളിർത്തും നിൽക്കുന്ന പച്ചിലമരങ്ങൾകൊണ്ടും, അവിടവിടെക്കാണുന്ന സുന്ദരങ്ങളായ ആരാമങ്ങൾകൊണ്ടും അവിടം താരുണ്യംതുളുമ്പുന്ന ഒരു ഗ്രാമംപോലെ ചേതോമോഹനവുമാണ്.

മാനംമുട്ടുന്ന കോളേജ്കെട്ടിടങ്ങൾ നിരനിരയായി അങ്ങനെ നിൽക്കുകയാണ്. വിമൻസ്കോളേജ്, ആയുർവേദകോളേജ്, ഓറിയൻറൽലേണിംഗ് ആൻഡ് തീയോളജി (Oriental learning & Theology) കോളേജ് ഓഫ് സയിൻസ്, ആർട്ട്സ്, ടെക്നോളജി, സാൻസ്ക്രിററ് അഗ്രിക്കൾച്ചറൽ റിസേർച്ച് ഇൻസ്റ്റിററ്യൂട്ട്, കോളേജ് ഓഫ് എൻജിനീയറിംഗ് എന്നിങ്ങനെ പല കോളേജുകൾ. ലോകത്തിലുള്ള മിക്ക പരീക്ഷകളിലും ഇവിടെ അഭ്യസനം നടത്തുന്നുണ്ട്.

കോളേജ് കഴിഞ്ഞാൽ അവയോടുതൊട്ട് അതാതു ഹോസ്റ്റലുകൾ ആണ്. ടാററാ, ബർലാ മുതലായവരുടെ പേരിനെ അനുസ്മരിപ്പിക്കുന്ന ഹോസ്റ്റലുകൾ. ആകെ പന്ത്രണ്ടു ഹോസ്റ്റലുകൾ ഇപ്പോൾതന്നെയുണ്ട്. ഇനിയും പല ഹോസ്റ്റലുകൾ പണിതുകൊണ്ടുമിരിക്കുന്നു. എല്ലാം വൻപിച്ച രണ്ടുനിലക്കെട്ടിടങ്ങളാണ്. അവയുടെ മദ്ധ്യത്തിൽ സുന്ദരങ്ങളായ ആരാമങ്ങളും. ഓരോ ഹോസ്റ്റലിനും മുന്നൂറിൽ കുറയാതെ മുറികൾവരും. കുറഞ്ഞതു് ൩൦൦ വിദ്യാർത്ഥികളെങ്കിലും ഓരോ ഹോസ്റ്റലിലും ഉൾക്കൊള്ളുന്നുണ്ടായിരിക്കും.

അടുത്ത നിരമുഴുവൻ പ്രൊഫസന്മാർക്കും മററും അധിവസിക്കുവാനുള്ള മനോഹരങ്ങളായ ക്വാർട്ടേഴ്സുകളാണ്. വിജ്ഞാനത്തിന്റെ ഒരു കലാലയമാണ് ഇവിടത്തെ ലൈബ്രറി. എല്ലാം ഭാഷയിലുമുള്ള വിശേഷതരസാഹിത്യഗ്രന്ഥങ്ങൾ അതിലുണ്ട്. മലയാളത്തിലെ മിക്ക സാഹിത്യഗ്രന്ഥങ്ങളും അവിടെക്കിട്ടുമെന്നുള്ളതു് പ്രത്യേകം പ്രസ്താവയോഗ്യമാണ്. പിന്നീട്, ഒരു സ്വിമ്മിംഗ്പൂൾ. ഇതിൽ ഒരു പ്രാവശ്യം വെള്ളം നിറയ്ക്കുവാൻ ഏതാണ്ടു എഴുന്നൂറു രൂപാ ചെലവുവരും. ഒരുപ്രാവശ്യം നിറയ്ക്കുന്ന വെള്ളം മൂന്നുദിവസത്തിൽ കൂടുതൽ ഇട്ടേക്കാറില്ല. ഗംഗാജലമാണു നിറയ്ക്കാറുള്ളതു്. ഓരോ കൊല്ലത്തിലും ഓരാളെങ്കിലും അതിൽ കുടിച്ചുചാകാറുണ്ടെന്നുള്ളതും വെറും വാസ്തവം മാത്രമാണ്. സ്വിമ്മിംഗ്പൂളിനു് തൊട്ടടുത്താണു ഹൃദയാവർജ്ജകമായ ഒരു പാർക്ക് ഉള്ളതു്.

ബാങ്കും പോസ്റ്റാഫീസും ഇതിനുള്ളിൽതന്നെയുണ്ട്. ഇതിനുള്ളിൽത്തന്നെയാണ് ഇവിടേക്കാവശ്യമായ വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കുന്നതു്. പരാശ്രയമെന്യേ ജലവിതരണം ആദ്യ

(ശേഷം പതിമൂന്നാംപേജിൽ)



ഹിന്ദുസർവകലാശാലയിലെ വിമൻസ്കാളേജിന്റെ ഒരു ദർശനം.
ബനാറീസ് ഹിന്ദുസർവകലാശാലയിലെ ഓറിയൻറൽകോളേജ്.



ബ്രോച്ചാഹോസ്റ്റൽ—ഈ സർവകലാശാലയിലെ ഒരു ഹോസ്റ്റലാണിതു്. ഇതിനു് [illegible] മുറികളുണ്ട്. ഉദ്ദേശം ൩൦൦ വിദ്യാർത്ഥികളാണ് ഇതിലധിവസിക്കുന്നതു്.



ബനാറസ് സിററി—അറംഗസീബ് ടവ്വറിന്റെ മുകളിലത്തെ നിലയിൽനിന്നു കാണുന്നതു്.



പണ്ഡിത മദനമോഹനമാളവ്യ വടിയുംഊന്നി നടക്കുന്നു—വലത്തുവശത്തു് പുത്രനായ പണ്ഡിതഗോവിന്ദമാളവ്യ



ധനരാജഗിരി ഹോസ്റ്റൽ—ഈ മനോഹരമായ ഹോസ്റ്റലിൽ ൪൦൦ വിദ്യാർത്ഥികളുണ്ട്. രമണീയകമായ ഇതിലെ ഉദ്യാനമാണ് കഴിഞ്ഞവർഷത്തിൽ ഒന്നാംസമ്മാനത്തിനു അർഹമായതു്.



അറംഗസീബ് ടവ്വറിന്റെ മറെറാരു ദർശനം.



ബനാറീസ് ഹിന്ദുയൂണിവേഴ്സിററിയിലേക്കുള്ള പ്രവേശനദ്വാരം.



ബനാറീസ് സർവകലാശാലയിലെ എൻജിനീയറിംഗ്കോളേജ്. ഈ യൂണിവേഴ്സിററിക്കാവശ്യമുള്ള വിദ്യുച്ഛക്ത്യുല്പാദനത്തിന്റെ ഉത്തരവാദിത്വം ഈ കോളേജിനാണ്.



വിശ്വമോഹനമായ അറംഗസീബ്പള്ളി. വിശ്വനാഥക്ഷേത്രവും ഈ പള്ളിയും തമ്മിൽ വലിയ അകലമില്ല. ഇതും ഗംഗാതീരത്തിലാണ്. ഇയ്യിടെയാണ് ഈ മനോഹരമന്ദിരത്തിന്റെ ഒരു ഭാഗം അടർന്നുവീണതു്.



ബനാറീസ് സർവകലാശാലയിലെ ലൈബ്രറി. ഇൻഡ്യയിലെ ഏററവും മികച്ച ലൈബ്രറികളിലൊന്ന്.



ലൈബ്രറിയുടെ മറെറാരു ദർശനം.

ചെറുകഥ

# പിശാചു പിടിച്ചു!

കെ. എൻ. ദാമോദരൻനായർ

സമയം പാതിരാ കഴിഞ്ഞിരിക്കുന്നു. അവരുടെ വാദപ്രതിവാദം ഇനിയും അവസാനിച്ചിട്ടില്ല. ആ യുവസ്നേഹിതന്മാർ എന്നും എന്തെങ്കിലും ഒരു വിഷയത്തെപ്പററി വാദപ്രതിവാദം നടത്താറുണ്ട്. പക്ഷെ അവരാരെന്നും ഇത്ര നീണ്ടുനിന്നിട്ടില്ല. അവരുടെ ചിന്തയെ ഇത്രമാത്രം കുഴക്കിയ ഒരു വിഷയവും ഉണ്ടായിട്ടില്ല. ഭൂതങ്ങളെന്നും പ്രേതങ്ങളെന്നും പിശാചുക്കളെന്നും ആളുകൾ പറകയും പലരും വിശ്വസിക്കുകയും ചെയ്യുന്നവ യഥാർത്ഥത്തിൽ ഉള്ളവയാണോ? അന്ധവിശ്വാസികളുടേയും ഭീരുക്കളുടേയും ലോകത്തിൽ മാത്രമേ അവയ്ക്കു സ്ഥാനമുള്ളോ? ഇതായിരുന്നു അവരുടെ വാദപ്രതിവാദവിഷയം.

"ഭൂതപിശാചുക്കൾ ഉണ്ടെന്നുള്ളതു് യുക്തിവിരുദ്ധമായ ഒരു വാദമാണ്; എന്നാൽ ആളുകളുടെ വിശ്വാസം അതിനു് അനുകൂലവുമാണ്" എന്ന ഡാ: ജാൺസന്റെ പ്രസ്താവനയെ അടിസ്ഥാനമാക്കിയാണ് ആ വാദം ആരംഭിച്ചതു്. പണ്ഡിതനായ ജാൺസന്റെ വാദം ശരിയാണെന്നായിരുന്നു ആ സുഹൃത്സംഘത്തിലെ ഭൂരിഭാഗത്തിന്റേയും അഭിപ്രായം. തങ്ങൾ ഭൂതപ്രേതങ്ങളിൽ വിശ്വസിക്കുന്നില്ലെന്നു് ആദ്യമാദ്യം വാദിച്ചിരുന്ന ചിലർ സ്നേഹിതന്മാരുടെ ചില അനുഭവങ്ങളും അവർ കേട്ടിട്ടുള്ള കഥകളും വിവരിച്ചുകേട്ടപ്പോൾ കുറേശ്ശെ വിശ്വസിക്കുവാൻ തുടങ്ങിയെന്നു തോന്നുന്നു. ഒന്നുമില്ലെങ്കിൽ അവർ അഭിപ്രായം പറയാതിരിക്കുകയെങ്കിലും ചെയ്തു. പക്ഷെ രവിയുടെ അഭിപ്രായത്തിനുമാത്രം മാററം ഉണ്ടായില്ല. അയാൾ തുറന്നുപറഞ്ഞു. "ഭൂതപ്രേതപിശാചുക്കൾ ഉണ്ടെന്നു വിശ്വസിക്കുന്ന ആളുകൾ ഇക്കാലത്തും ജീവിച്ചിരിക്കുന്നല്ലോ എന്നുള്ളതാണ് സങ്കടം. അജ്ഞരും അന്ധവിശ്വാസികളും ആയ പഴമക്കാർ പിശാചുക്കളെന്നു പറഞ്ഞു് ഭയപ്പെട്ടിരുന്നെങ്കിൽത്തന്നെ ക്ഷമിക്കത്തക്കതാണ്. ഇക്കാലത്തു് ആരെങ്കിലും പിശാചുക്കളെ കണ്ടിട്ടുള്ളതായി പറയുമെന്നു തോന്നുന്നില്ല. പണ്ടു് പിശാചുക്കളുണ്ടായിരുന്നെങ്കിൽ ഇപ്പോഴും കാണേണ്ടതല്ലേ? അതിനാൽ അവ ഒരിക്കലും ഉണ്ടായിരുന്നില്ല എന്നതു് തീർച്ചതന്നെ. മനുഷ്യന്റെ അജ്ഞതയും ഭയവുംനിമിത്തം അവൻ ഏതുരൂപത്തേയും പിശാചായി സംശയിച്ചിരുന്നുവെന്നുള്ളതാണ് വാസ്തവം."

രാമുവാണ് പിശാചുക്കൾ ഉണ്ടെന്നു വിശ്വസിക്കുന്നവരിൽ പ്രമാണി. അയാൾക്കു് അങ്ങിനെ ചെയ്യാതെ നിവൃത്തിയില്ല. എന്തെന്നാൽ അയാൾ അനുഭവസ്ഥനാണ്. ഒന്നല്ല, പലപ്രാവശ്യം. അയാൾ തീപ്പിശാചിനെ കണ്ടിട്ടുണ്ട്; ഈനാംപേച്ചിയെ കണ്ടിട്ടുണ്ട്; അറുകൊലയുടെ ക്രിയകൾ കേട്ടിട്ടുണ്ട്; നീർപിശാചിനെ കണ്ടിട്ടുണ്ട്; കൂടാതെ ചാമുണ്ഡി, മറുത തുടങ്ങിയ ദുർഭൂതങ്ങളെ സംബന്ധിച്ച അനുഭവകഥകളും വളരെ വിശ്വസിക്കാവുന്നവരിൽ നിന്നു് അയാൾ കേട്ടിട്ടുണ്ട്.

തീപ്പിശാചിനെ കണ്ടതു് പകലാണ്. അയാൾക്കു് അന്നു വയസ്സു് അഞ്ചേ ഉള്ളു. കർക്കടകമാസക്കാലം. കോരിച്ചൊരിയുന്ന മഴയത്തു് അയാൾ ഒരു ഓലക്കുടയുംപിടിച്ചു് വിറച്ചുകൊണ്ടു്, വീട്ടിൽനിന്നു് ഒരുമൈൽ അകലെയുള്ള കുടിപ്പള്ളിക്കൂടത്തിലേയ്ക്കു് രാവിലെ പോകുകയാണ്. ധാരാളം പുന്നവൃക്ഷങ്ങളുള്ള വിശാലമായ ഒരു വെളി അയാൾ കടന്നുകഴിഞ്ഞു. ആ വെളിയുടെ അരികിൽ ഒരു പാടമാണുള്ളതു്. പക്ഷെ അവിടെ ആരും കൃഷി ചെയ്യുകയില്ല. ഈ വയലിൽ ഒരുകാലത്തു് അരി വിളഞ്ഞിരുന്നതാണത്രെ. ശാപംകിട്ടിയതുകാരണം അതിനെ വാഴാപ്പാടം എന്നാണ് ആളുകൾ വിളിക്കുന്നതു്. ആ വയലിൽ പാഴ്പ്പുല്ലുകളും പായലും മാത്രമേ കാണാനുള്ളു. ആ പാടത്തിന്റെ കരയിലുണ്ടു് ഒരു രൂപം നില്ക്കുന്നു! നല്ലവണ്ണം കറുത്തിട്ടു്. അഞ്ചര, ആറടി പൊക്കംവരും. കരിമ്പാലത്തെ ഒരു പഴന്തുണി അരയിൽ ചുററിയിട്ടുണ്ടു്. ഒരു സ്ത്രീരൂപമാണ്. മാറുമറച്ചിട്ടില്ല. നക്രതുണ്ഡിയുടെ മാതിരിയുള്ള കുചങ്ങൾ പേടിപ്പെടുത്തിക്കൊണ്ടു് എഴുന്നുനിൽക്കുന്നു. അഴിച്ചിട്ടിരിക്കുന്ന ചെമ്പിച്ചു ചിടകെട്ടിയ മുടി കാൽവണ്ണവരെ എത്തിയിട്ടുണ്ടു്. രാമുവിനെ കണ്ടപ്പോൾ ആ സത്വരൂപം ഒന്നിളിച്ചുകാണിച്ചു. വായിൽ തീ എരിയുന്നുവോ എന്നൊരു സംശയം. അയാളുടെ പ്രാണൻ നിറുകയിൽ കയറിപ്പോയി. ഉടുത്തിരുന്ന ചുട്ടിമുണ്ടും പാദങ്ങളും നനഞ്ഞു് മലിനമായി കണ്ണുമിഴിച്ചു്, വായ് പൊളിച്ചു് അയാൾ അവിടെ തരിച്ചുനിന്നു. അല്പം കഴിഞ്ഞപ്പോൾ അയാൾക്കു ഒരുവിധം ശ്വാസംവീണു. പിന്നെ അയാൾ മുമ്പോട്ടുപോയില്ല. അല്പനേരം നിന്നനിലയിൽ തന്നെ നിന്നിട്ടു് കുറേശ്ശെ, കുറേശ്ശെ പുറകോട്ടുനടന്നു് കുടയും എഴുത്തോലയും മുണ്ടും അവിടത്തന്നെ ഇട്ടിട്ടു് വീട്ടിലേയ്ക്കു് ഒരോട്ടംവച്ചുകൊടുത്തു. വീട്ടിൽ ചെന്ന തിരിഞ്ഞുനോക്കിയുള്ളു. അതിൽപിന്നെ അയാളെ ആ പള്ളിക്കൂടത്തിൽ അച്ഛനമ്മമാർ അയച്ചിട്ടില്ല. തങ്ങളുടെ ഓമനമകനെ തിരിച്ചുകിട്ടിയല്ലോ, എന്നോർത്തു് അവർ വളരെവളരെ സന്തോഷിച്ചു. പേടിപോകാൻ മന്ത്രികന്മാരെക്കൊണ്ടു് കർമ്മങ്ങളും നടത്തിച്ചു.

ഈ സംഭവം നടന്നിട്ടു് വർഷം നാല്പതുകഴിഞ്ഞിട്ടുണ്ടു്. എങ്കിലും ഇക്കാര്യം പറയുമ്പോൾ രാമു വിറയ്ക്കുകയും സംഭ്രമിക്കുകയും ചെയ്തിരുന്നു. അയാളുടെ ഈ അനുഭവകഥ കേട്ടു മററുള്ളവരും അനങ്ങാതിരുന്നു. അത്ര തന്മയത്വമായിട്ടാണ് അയാൾ അതുപറഞ്ഞതു്. പക്ഷെ രവിക്കുമാത്രം വിശ്വാസംവന്നില്ല. അയാളഭിപ്രായപ്പെട്ടു. "പുല്ലുപറിക്കാനോ, ചുള്ളി ഒടിക്കാനോ പോയ വല്ല പുലച്ചിയേയോ, പറച്ചിയേയോ ആയിരിക്കും രാമുച്ചേട്ടൻ കണ്ടതു്. പിശാചിനെപ്പററി തന്നെ ഓർത്തുകൊണ്ടുപോയ രാമുച്ചേട്ടനു് അവളൊരു തീപ്പിശാചാണെന്നുതോന്നി. അത്രമാത്രം. അവൾ ഇളിച്ചുകാണിച്ചതു് രാവിലെ എഴുത്തുപള്ളിയിൽപ്പോകുന്ന കൊച്ചമ്പ്രാനെക്കണ്ടിട്ടായിരിക്കണം."

രാമുവാണ് അക്കൂട്ടത്തിൽ പ്രായമുള്ളയാൾ. അയാൾ ഒരു ചിറവദ്യോഗസ്ഥനാണ്. മററുള്ളവരെല്ലാം പല സ്ഥലങ്ങളിൽനിന്നും വന്നിട്ടുള്ള വിദ്യാർത്ഥികളും അയാളുടെ പകുതിയിൽ താഴെമാത്രം പ്രായംവരുന്നവരുമാണ്. രാമുവിനു് അവരുടെ കൂട്ടത്തിൽ ചേർന്നുപോകുന്നതിൽ ഒരു അസഹ്യതയുമില്ല. അവരുടെ എല്ലാ നേരമ്പോക്കുകളിലും അയാൾ ലയിച്ചുചേർന്നിരുന്നു. അവർക്കും അയാളെ വലിയ കാര്യമായിരുന്നു. അയാൾ ധാരാളം വായിച്ചിട്ടുള്ളയാളാണ്. വളരെദിക്കിൽ സഞ്ചരിക്കുകയും ചെയ്തിട്ടുണ്ടു്. ഏതുകാര്യത്തെപ്പററിയും എപ്പോഴും അയാൾക്കു് എന്തെങ്കിലും പറയാനുണ്ടാകും. അയാളുടെ അഭിപ്രായങ്ങളെ അവർ മതിക്കുകയും ചെയ്തിരുന്നു. രവിയും ഇതിൽനിന്നു് വ്യത്യസ്തനായിരുന്നില്ല. പക്ഷെ പിശാചിനെപ്പററിയുള്ള കഥകൾമാത്രം അയാൾക്കു വിശ്വസിക്കുവാൻ കഴിഞ്ഞില്ല. യുക്തിയുക്തമായേ അയാൾ ഏതുകാര്യത്തെയും കൈകാര്യംചെയ്യുകയുള്ളു. അതിനാൽ ഭൂതപ്രേതപിശാചുക്കൾ ഉണ്ടെന്നുപറയുന്നതിനെ വിശ്വസിക്കുവാൻ അയാൾക്കുകഴിഞ്ഞില്ല.

രാമു പിന്നെയും പല കഥകൾ പറഞ്ഞു. അതിലൊന്നു് ഒരു നീർപിശാചിനെ കണ്ടതാണ്. അതു് അയാൾ ഇംഗ്ലീഷ് സ്കൂളിൽ പഠിക്കുന്നകാലത്താണ് നടന്നതു്. സ്കൂളിലെ വാർഷികാഘോഷങ്ങളിൽ സംബന്ധിച്ചതിനുശേഷം ഒരു രാത്രി വളരെ ഇരുട്ടിയിട്ടു് മൂന്നുമൈൽ അകലെയുള്ള വീട്ടിലേയ്ക്കു അയാൾ പോകുകയായിരുന്നു. നല്ല തെളിഞ്ഞ വഴിയുണ്ടായിരുന്നെങ്കിലും എളുപ്പംഓർത്തു് പാടങ്ങളും ചിറകളുംനിറഞ്ഞ ഒരു കുറുക്കുവഴിയെ അയാൾ വിട്ടു. അരികിൽ കൈതവച്ചു പിടിപ്പിച്ച ഒരു തോട്ടുവരമ്പിൽ എത്തിയപ്പോൾ അയാൾ മുൻവശം അകലെയായി ഒരു പ്രകാശം കണ്ടു. ആ പ്രകാശം ചുട്ടുവീശി മിന്നുകമ്പോലെ രണ്ടുമൂന്നുപ്രാവശ്യം മിന്നുകയും അല്പനേരത്തേയ്ക്കു് അണയുകയും ചെയ്തിരുന്നു. തോട്ടിൽകൂടി തന്റെനേർക്കു് ആയതു് അടുത്തുവരുന്നതുപോലെയും തോന്നി. അയാൾക്കു മുമ്പോട്ടു് പോകുവാൻ ധൈര്യം ഉണ്ടായില്ല. അതിനാൽ അയാൾ തിരിച്ചുനടന്നു് രാജപാതയിൽ എത്തി വീട്ടിലേയ്ക്കു് പോയി. വീടുവരെ ആ വഴി ഉള്ളതിനാൽ അയാൾക്കു ഭയത്തിനു് അവകാശമില്ലായിരുന്നു. എന്തെന്നാൽ ക്ഷേത്രപ്രസാദം കൈയിലുള്ളവരേയും, സർക്കാർനിരത്തുകളിൽ സഞ്ചരിക്കുന്നവരേയും ദുർഭൂതങ്ങൾ ഉപദ്രവിക്കുകയില്ലെന്നു് അയാൾ കേട്ടിട്ടുണ്ടായിരുന്നു.

ഇതുകേട്ടിട്ടു രവി പറഞ്ഞു. "ആരെങ്കിലും മീൻകൊതിയന്മാർ ഓറാലോ, അരിവാളോ കൊണ്ടു് തോട്ടിൽനിന്നു മീൻപിടിച്ചതായിരിക്കണം. വർഷകാലത്തു്, നാട്ടിൻപുറങ്ങളിൽ ഇത്തരം നീർപിശാചുക്കളെ ഇപ്പോഴും കാണാം.

രാമു:—രവിക്കു് എന്തിനും ന്യായംപറയാനുണ്ടു്. അക്കണ്ടതു് മീൻപിടിക്കാൻ വന്നവർ തന്നെയായിരിക്കട്ടെ. ഞാൻ ഈനാംപേച്ചിയെ കണ്ടിട്ടുണ്ടു്. അതിനെപ്പററി എന്തു പറയുന്നു? എന്റെ വീട്ടിനു അല്പം തെക്കുവശം താമസിച്ചിരുന്ന ഒരു സാധുസ്ത്രീ ഗർഭിണിയായിരിക്കുമ്പോൾ മരിച്ചു. അങ്ങിനെയുള്ളവരെ ദഹിപ്പിക്കുകയില്ല. താമസിച്ചിരുന്നതിനടുത്തുതന്നെയാണ് അവളെ കുഴിച്ചിട്ടതു്. അവൾ ഈനാംപേച്ചിയാകുമെന്നറിയാമായിരുന്നു. അങ്ങിനെ വരാതിരിക്കുവാൻ ഒരു മാർഗ്ഗമേഉള്ളു. ശവത്തിന്റെകൂടെ കുറെ കടുകും ഇട്ടേയ്ക്കുക. ആ കടുക എണ്ണിത്തീരുന്നതുവരെ ഈനാംപേച്ചിക്കു പുറത്തുവരാൻ ഒക്കുകയില്ല. ഈ സ്ത്രീയെ കുഴിച്ചിട്ടകൂട്ടത്തിൽ കടുകു് ഇടാഞ്ഞതുകൊണ്ടോ വേണ്ടത്ര ഇടാഞ്ഞതുകൊണ്ടോ അവളൊരു ഈനാംപേച്ചിയായി. അവളെ കുഴിച്ചിട്ടിരുന്നതിനു സമീപത്തുകൂടി രാത്രികാലങ്ങളിൽ സഞ്ചരിച്ചിട്ടുള്ള പലരും കർർ! കർർ! എന്നു് ഒച്ചയിട്ടുകൊണ്ടു ഈനാംപേച്ചി ഓടിപ്പോകുന്നതു കണ്ടിട്ടുണ്ടു്.

രവി:—വല്ല പെരുച്ചാഴിയോ മററോ ആയിരുന്നിരിക്കും.

രാമു—രവി ഇങ്ങിനെ ഒന്നും വിശ്വസിക്കുകയില്ലെന്നുവച്ചാൽ വിഷമിച്ചുപോകയേ ഉള്ളു. എന്റെ കുട്ടിക്കാലത്തു് ഞാൻതന്നെ അതിനെ കണ്ടിട്ടുണ്ടു്. ഒരുരാത്രി ഞാനും മുത്തിയുംകൂടി അതിലെ പോകുകയായിരുന്നു. ഒരു വിധം മങ്ങിയ നിലാവുണ്ടു്. ഞങ്ങളുടെ പറെറുകളുടെ ഒച്ചയിട്ടുകൊണ്ടു് അതു പാഞ്ഞുപോയി. സ്വല്പം കഴിഞ്ഞപ്പോൾ മണ്ണുവാരി തെറിച്ചു കരിയിലയിൽ വീഴുന്നതുകേട്ടു. ഏതാനുംതരി ഞങ്ങളുടെ ദേഹത്തും വീണു. പിന്നെ അതിനെ കണ്ടില്ല. അതവിടെത്തന്നെ താഴ്ന്നുകളയുകയാണു ചെയ്തതു. ഈനാംപേച്ചി ഇറങ്ങിക്കുളിച്ച പല കുളങ്ങളിലേയും വെള്ളം ചീത്തയായിപ്പോയതായും എനിക്കറിയാം. എന്റെ കുഞ്ഞിനെത്താരണെ! എന്റെ കുഞ്ഞിനെത്തരണേ! എന്നു നിലവിളിച്ചുകൊണ്ടു് അടുത്തുള്ള വീടുകളുടെ മുററത്തു് ഈ ഈനാംപേച്ചി ചുററിത്തിരിഞ്ഞു നടക്കുന്നതായും മുത്തിതന്നെ എന്നോടു പറഞ്ഞിട്ടുണ്ടു്.

രവി:—ഇവിടേയും രാമുച്ചേട്ടനു് ഒരു തെററിദ്ധാരണ ഉണ്ടായിരിക്കുകയാണ്. രാമുച്ചേട്ടൻ കണ്ടതു് ഈനാംപേച്ചിയല്ല. മുൻപു് അളക് എന്നോമററോ പേരുള്ള ഒരു ജന്തു നമ്മുടെ നാട്ടിലുണ്ടായിരുന്നു. അതിന്റെ വംശവിച്ഛേദം വന്നുപോയെന്നാണ് തോന്നുന്നതു്. ഈനാംപേച്ചിക്കുണ്ടെന്നു പറയുന്ന സ്വഭാവവിശേഷങ്ങളെല്ലാം അതിനുമുണ്ടു്. അതു വെള്ളത്തിലിറങ്ങിയാൽ ആ വെള്ളത്തിനു നാററം ഉണ്ടാകുമെന്നും കേട്ടിട്ടുണ്ടു്.

സ്വാനുഭവത്തിൽനിന്നും കേട്ടുകേൾവിയിൽനിന്നും പിശാചുക്കൾ ഉണ്ടെന്നുള്ളതിനു് അനേകം ദൃഷ്ടാന്തങ്ങൾ പറഞ്ഞിട്ടും രവിയുടെ നിലയ്ക്കു മാററം സംഭവിക്കാത്തതിൽ അവർക്കെല്ലാം വ്യസനംതോന്നി. രവി ആണ് അവരുടെ കൂട്ടത്തിൽ ചെറുപ്പം. കാഴ്ചയിൽ ഉണ്ടായിരുന്ന മനോഹാരിത്വം സ്വഭാവത്തിനും ഉണ്ടായിരുന്നു. അയാളുടെ ബുദ്ധിസാമർത്ഥ്യവും, പഠിപ്പും, സംഭാഷണചാതുരിയുമെല്ലാം ആ സ്നേഹിതന്മാരുടെ മതിപ്പിനു കാരണമായിരുന്നു. അവർക്കെല്ലാം അയാളോടു് ഒരു പ്രത്യേകവാത്സല്യവും ഉണ്ടായിരുന്നു. എങ്കിലും അയാളുടെ ഇപ്പോഴത്തെ നിർബ്ബന്ധബുദ്ധിയിൽ അവർക്കു് നൈരാശ്യവും അനുകമ്പയും തോന്നി.

പല സംഭവങ്ങളും ആ സ്നേഹിതന്മാർ വിവരിച്ചു. മുതുകുപൊള്ളയായ യക്ഷിയെക്കണ്ടു പേടിച്ചതു്, ചാമുണ്ഡി പശുവിനെ അടിച്ചുകൊന്നതു്, വേതാളം ആകാശംമുട്ടെ വളന്നതു്, പിശാചുക്കൾ പുറത്തോട്ടുചാടാംചേർന്നു പാഞ്ഞുപോയതു് എന്നിങ്ങനെ പല കഥകളും വിശ്വസിക്കാവുന്നവരിൽനിന്നു കേട്ടിരുന്നതു് അവർ ഓരോരുത്തരായി പറഞ്ഞു. ഗോപാലന്റെ അച്ഛനെ മറുത വഴിചുററിച്ചതു് അച്ഛൻതന്നെ പറഞ്ഞു് അയാൾ കേട്ടിട്ടുണ്ടു്. ഒരു ബന്ധുവീട്ടിൽപോയി മടങ്ങിവരുന്നവഴി മറുതയുടെ ഉപദ്രവംനിമിത്തം തന്റെ അച്ഛനു് വീട്ടിനു അരമൈൽ അകലെമാത്രം ഉള്ള ഒരു വെളിയിൽ ഒരുരാത്രി മുഴുവൻ കറങ്ങിത്തിരിയേണ്ടിവന്ന കഥ അയാൾ വിവരിച്ചുപറഞ്ഞു. ഈ മറുത തന്നെ ആ വെളിയിൽകൂടി സഞ്ചരിച്ച മററു പലരേയും വഴിചുററിച്ച കഥകളും അയാൾ വിസ്തരിച്ചു.

കുട്ടൻപിള്ളയെ അറുകൊല ബാധിച്ചതാണ് പാച്ചൻമേനോനു പറയാനുള്ളതു്. കുട്ടൻപിള്ളയെ അയാൾക്കു് അടുത്തറിയാം. അറുകൊലബാധിച്ച ഘട്ടങ്ങളിൽ മേനോൻ അയാളെ കണ്ടിട്ടുണ്ടു്. അയാൾ കാണാത്തതു പലതും പറഞ്ഞുകേട്ടിട്ടുമുണ്ടു്. എല്ലാം അത്ഭുതപ്പെടുത്തുന്ന കഥകൾ. തനിക്കു് ഈ ബാധോപദ്രവം എങ്ങിനെയാണുണ്ടായതെന്നു് കുട്ടൻപിള്ളതന്നെ വിവരിച്ചുപറഞ്ഞതും അയാൾ കേട്ടിട്ടുണ്ടു്. അതിനാൽ ആരു നിഷേധിച്ചാലും, എന്തെല്ലാം യുക്തിവാദം കൊണ്ടുവന്നാലും ഫലമൊന്നുമില്ല. അയാൾ അത്രയ്ക്കു് അനുഭവസ്ഥനാണ്.

ഒത്തഉടലായവും, ബലവും, നല്ല ധൈര്യവും ഉള്ളയാളായിരുന്നു കുട്ടൻപിള്ള. ആരെയും വകവയ്ക്കാത്ത പ്രകൃതം. അതിനാൽ ഒരുമാതിരിയുള്ളവർക്കൊക്കെ അയാളെ ഭയമാണ്. ചട്ടമ്പികളും, ധിക്കാരികളും അയാളെ എപ്പോഴും അനുസരിച്ചിരുന്നു. അനുസരിക്കാത്തവരെ അയാൾ അനുസരിപ്പിക്കും. ആനയെപ്പോലും അയാൾ എറിഞ്ഞു് ഇരുത്തും. സുഗ്രീവശാസനം നടത്തിയിരുന്ന കാരണവർക്കുപോലും കുട്ടനെ ഭയമാണ്, ആരോടും മുഖംനോക്കാതെ അയാൾ കാര്യംപറയും. എവിടെ ആർക്കു് ആപത്തു സംഭവിച്ചാലും അയാൾ അവിടെ ഓടിയെത്തും. ശത്രുവെന്നോ, മിത്രമെന്നോ ഇക്കാര്യത്തിൽ അയാൾക്കു നോട്ടമില്ല. രാപകൽ തുടർച്ചയായി ഉറക്കമിളച്ചിരുന്നു് രോഗികളെ ശുശ്രൂഷിക്കുവാൻ അയാൾക്കു് ബഹുഉത്സാഹമാണ്. അടിയന്തിരങ്ങൾ നടക്കുന്ന വീടുകളിൽ സകലകാര്യങ്ങളിലും അയാളാണ് പ്രമാണി.

ഒരു വെള്ളിയാഴ്ച രാത്രി അയാൾ ഒരു അടിയന്തിരവീട്ടിൽനിന്നു് ഭാര്യാഗൃഹത്തിലേയ്ക്കു പോകുകയായിരുന്നു. അങ്ങോട്ടു മൂന്നുമൈൽ ദൂരമുണ്ടു്. ഇടയ്ക്കു് ആൾതാമസവും സഞ്ചാരവും ഇല്ലാത്ത വെളിയാണുള്ളതു്. മുഴുവൻ പുന്നവൃക്ഷങ്ങൾ നിറഞ്ഞതു്. എങ്കിലും മദ്ധ്യേകൂടി ഒരു നല്ല തെളിഞ്ഞ വഴിയുണ്ടു്. ആ വെളിയിലെത്തി അല്പം നടന്നപ്പോൾ കുറെയകലെയായി ഒരു വൃക്ഷത്തിന്റെ മുകളിൽ ഒന്നു് ഒന്നരയാൾ പൊക്കത്തിലായി തീ കത്തുന്നതുകണ്ടു. അയാൾ അടുത്തുചെന്നു. അടുക്കുന്തോറും മന്ത്രോച്ചാരണംപോലെ ഒരു ശബ്ദവും കേൾക്കാനുണ്ടു്. പിന്നെയും അയാൾ അടുത്തു. തീ പിടിച്ചിരിക്കുന്നതിനടുത്തു് ഒരാൾരൂപം കാണാനുണ്ടു്. ഒന്നുകൂടി അടുത്തപ്പോൾ ആ വെളിയിൽ സാധാരണ കാണാറുള്ള ഒരു ഭ്രാന്തനാണതെന്നയാൾക്കു മനസ്സിലായി. വല്ല ദുർഭൂതവും ആയിരിക്കുമെന്നു് അയാൾക്കു സംശയംതോന്നിയാണ് അടുത്തു ചെല്ലാമെന്നുവച്ചതു്. ഏതു പിശാചിനോടും സംസാരിക്കാൻ താൻ തയ്യാറാണെന്നു് അയാൾ എത്രയോപ്രാവശ്യം വീരവാദംചെയ്തിട്ടുണ്ടു്. തന്റെ ധൈര്യം പ്രകടിപ്പിക്കുവാൻ ഒരവസരം നഷ്ടപ്പെട്ടല്ലോ എന്നയാൾ നിരാശപ്പെട്ടു. മരം തീവെച്ചു നശിപ്പിക്കുന്ന ആ ഭ്രാന്തനെ ശകാരിച്ചിട്ടു് അയാൾ യാത്ര തുടർന്നു. അല്പംകൂടി നടന്നപ്പോൾ അയാളുടെ വശത്തുകൂടി ഒരാൾ വേഗംനടന്നു് മുമ്പിൽകയറി. ആരാതു് എന്നു ചോദിച്ചു. ഉത്തരമില്ല. അയാൾ വീണ്ടും ചോദിച്ചു. അതിനുമില്ല ഉത്തരം. അപ്പോഴേയ്ക്കും ആ രൂപം കുറെ മുമ്പിൽ കയറിക്കഴിഞ്ഞിരുന്നു. ആ പ്രദേശത്തു് ചില വിരോധികൾ കുട്ടൻപിള്ളയ്ക്കുണ്ടു്. പലപ്രാവശ്യവും അയാളെ ചതിവിൽ ഉപദ്രവിക്കുവാൻ അവർ ശ്രമിച്ചിട്ടുണ്ടു്. ആ സന്ദർഭങ്ങളിലെല്ലാം കുട്ടൻപിള്ളയാണ് ജയിച്ചിട്ടുള്ളതു്. അക്കൂട്ടരിൽ ഒരാളായിരിക്കണം മുമ്പേ കടന്നതെന്നുള്ളതു തീർച്ചയാണ്. അയാൾ ക്രുദ്ധനായി സന്തതസഹചാരിയായ മുട്ടൻവടി ഓങ്ങി "എന്താടാ വായിൽ നാക്കില്ലേ, എന്നു ചോദിച്ചു. എന്തത്ഭുതം! ആ രൂപത്തെ കാൺമാനില്ല. കുട്ടൻപിള്ളയ്ക്കു ഒരു സംശയം; എങ്കിലും ധൈര്യം വിടാതെ അയാൾ നടന്നു. രണ്ടുഫർലാങ്ങു് നടന്നപ്പോഴുണ്ടു് അതാ അല്പം മുൻവശം വഴിയിൽനിന്നു് ഒഴിഞ്ഞു് ഒരു കുളക്കരയിൽ ഒരു രൂപം നില്ക്കുന്നു. ആ കുളം ഒരു ഭയങ്കരദുഷ്കർമ്മത്തിനു സാക്ഷിയാണ്. രണ്ടു മുഷ്കന്മാർചേർന്നു് ഒരാളെ വെട്ടിക്കൊന്നിട്ടു പായിൽ പൊതിഞ്ഞു കെട്ടി ആ കുളത്തിൽ താഴ്ത്തിയിട്ടുണ്ടു്. ആ സംഭവത്തിനുശേഷം രാത്രി അതിലെ സാധാരണ ആരും സഞ്ചരിക്കാറില്ല. സഞ്ചരിച്ചിട്ടുള്ള പലരും ഭീമാകൃതിയായ ഒരു രൂപത്തെ കുളക്കരയിൽവച്ചു കണ്ടിട്ടുണ്ടു്. ആ ആൾരൂപം കണ്ടപ്പോൾ കുട്ടൻപിള്ളയ്ക്കു് ഒരു സംശയം. അതു് ആളുകൾ കാണാറുള്ള ആ രൂപം ആയിരിക്കുമോ? ആ രൂപം വളർന്നുവളർന്നു പൊങ്ങിത്തുടങ്ങി. കുട്ടൻപിള്ളയ്ക്കു് മുമ്പോട്ടുപോകാൻ അല്പം ശങ്കതോന്നി. എങ്കിലുംപോകാതെ തരമില്ലല്ലോ. അയാൾ ധൈര്യം അവലംബിച്ചു നടന്നു. രൂപം നിന്നിരുന്ന സ്ഥാനവുംകഴിഞ്ഞു് അയാൾ കുറെദൂരം മുമ്പോട്ടുപോയി. അപ്പോഴേയ്ക്കു് ഒരു വലിയ തടി കൊണ്ടെന്നപോലെ നിലത്തു് ആഞ്ഞടിക്കുന്ന ശബ്ദം അയാൾ കേട്ടു.

പിന്നീടുണ്ടായതൊന്നും അയാൾക്കു് ഓർമ്മയില്ല. പിറേറദിവസം ഭാര്യവീട്ടിലുള്ളവർ പറഞ്ഞതാണ് അയാൾക്കു് എന്താണ് സംഭവിച്ചതെന്നു മനസ്സിലായതു്. അയാൾ പന്ത്രണ്ടു മണിയോടുകൂടി ഭാര്യവീട്ടിലെത്തി. അകത്തുകയറിയതും കട്ടിലിൽ തലകുത്തിനിന്നുകൊണ്ടു് അട്ടഹസിക്കാനും അലറാനും തുടങ്ങി. വീട്ടുകാരെല്ലാം പരിഭ്രമിച്ചുപോയി. അയാളുടെ ഈ സാഹസത്തിൽനിന്നു് അപേക്ഷിച്ചും കേണുപറഞ്ഞും വിനിവർത്തിപ്പിക്കാൻചെയ്ത ശ്രമങ്ങളെല്ലാം വിഫലമായി. അപ്പോഴാണ് എന്തോ ഉപദ്രവം ഉണ്ടായിട്ടുണ്ടെന്നു അവർക്കു മനസ്സിലായതു്. വീട്ടിൽ കൂട്ടക്കരച്ചിൽ നിലവിളിയായി. എന്തോ ആപത്തു സംഭവിച്ചുവെന്നുകരുതി അയൽക്കാർ ഓടിക്കൂടി.

അവരിൽ കരുത്തന്മാരായ അഞ്ചാറുപേർ ചേർന്നിട്ടും തലകുത്തി തൂണുപോലെനിന്ന കുട്ടൻപിള്ളയെ ഇളക്കാൻപോലും കഴിഞ്ഞില്ല. ഒന്നൊന്നരമണിക്കൂർ കഴിഞ്ഞപ്പോൾ അയാൾ കട്ടിലിൽ വീണു. അയാൾ മൂർച്ഛിച്ചുകഴിഞ്ഞിരുന്നു. പിറേറദിവസം രാവിലെവരെ മയങ്ങിത്തളർന്നു കിടന്നു. പുലർച്ചയോടെ അയാൾക്കു ബോധം ഉണ്ടായി. അപ്പോൾ ആളുകൾ പറഞ്ഞതാണ് നടന്ന കാര്യങ്ങൾ അയാൾ അറിയുന്നതു്. ബോധമില്ലാതെയിരുന്നതിനുമുമ്പു് എന്താണുണ്ടായതെന്നു അയാളും പറഞ്ഞു. കുളത്തിൻകരയിലെ അറുകൊലബാധിച്ചതാണ് ഈ ഉപദ്രവത്തിനെല്ലാം കാരണമെന്നു അയാൾക്കും മററുള്ളവർക്കും ബോധ്യമാവുകയും ചെയ്തു.

ഇതിനുശേഷവും കുട്ടൻപിള്ളയ്ക്കു പല പ്രാവശ്യം അറുകൊലബാധയുണ്ടായിട്ടുണ്ടു്. അപ്പോഴെല്ലാം പല അമാനുഷികങ്ങളായ കൃത്യങ്ങൾ അയാൾ ചെയ്തിട്ടുമുണ്ടു്. കവിയൂർ ക്ഷേത്രത്തിൽ ഒരു മണ്ഡലക്കാലം ഭജനം ഇരുന്നതിൽ പിന്നെയാണ് ഈ ഉപദ്രവത്തിൽനിന്നു അയാൾക്കു ആശ്വാസം ലഭിച്ചതു്.

രവി ഒഴിച്ചുള്ള എല്ലാവരും ഈ കഥകളെ

ല്ലാം അനക്കമില്ലാതെ കേട്ടുകൊണ്ടിരുന്നു. ചുരുണ്ടുകൂടി ക്യാൻവാസിൽ കിടന്നിരുന്ന ഗോപാലന്റെ ഭയം എത്രമാത്രമെന്ന് മുകളിലോട്ടു ചുളിഞ്ഞുപൊയ്യോണ്ടിരുന്ന നെററിയിൽനിന്നും, കണ്ണാടിക്കടിയിൽ മിഴിച്ചു നിന്നിമേഷമായി നിന്നിരുന്ന കണ്ണുകളിൽനിന്നും ഊഹിക്കാമായിരുന്നു. മേശയുടെ മൂലയ്ക്കു് കാൽ താഴത്തേയ്ക്കു് തൂക്കിയിട്ടു്, താടിക്കൈകൊടുത്തു് വായും പിളിച്ചുപാടെ കഥകൾ കേട്ടുകൊണ്ടിരുന്ന വടക്കേക്കര എന്ന സ്ഥലപ്പേരിനാൽ വിളക്കപ്പെടുന്ന ചെമ്പിച്ച കണ്ണുകളുള്ള മഹേശ്വരൻ തരിച്ചു് ഇരുന്നുപോയി. മററുള്ളവരും ഒന്നും മിണ്ടാതെ നിശ്ചലരായിരുന്നു.

പാച്ചൻമേനോന്റെ വിവരങ്ങൾ, ഒരു ബെഞ്ചിൽ കൊട്ടംകൈകുത്തി കിടന്നുകൊണ്ടാണ് രവി കേട്ടുകൊണ്ടിരുന്നതു്. മേനോനെ അയാൾ ഇടയ്ക്കു ശല്യപ്പെടുത്തേണ്ട എന്നുവച്ചു. കഥ അവസാനിച്ചപ്പോൾ അയാൾ നിവന്നിരുന്നു. ഈ കഥകളെല്ലാം കേട്ടിട്ടും ഭൂതപ്രേതപിശാചുക്കൾ എന്നൊരു വകയുണ്ടെന്നു വിശ്വസിക്കുവാൻ അയാൾക്കുകഴിഞ്ഞില്ല. യുക്തിക്കുവിരുദ്ധമായ ആവക കാര്യങ്ങൾ അഭ്യസ്തവിദ്യരായ തന്റെ സ്നേഹിതന്മാർ വിശ്വസിക്കുന്നല്ലോ എന്നോർത്തു അയാൾക്കു് അവരോടു സഹതാപം തോന്നി.

അയാൾ പറഞ്ഞു— "നിങ്ങളുടെ ഈ വിവരണങ്ങളെല്ലാം കേട്ടിട്ടും എനിക്കു് ആദ്യ അഭിപ്രായം തന്നെയാണുള്ളതു്. പിശാചുക്കൾ ഉണ്ടെന്നുപറയുന്നതു ഞാൻ വിശ്വസിക്കുന്നില്ല. ഭയവും സംശയവുംകൊണ്ടാണ് വല്ലരൂപത്തെയും പിശാചായും അറകുലയായും ആളുകൾക്കു തോന്നുന്നതു്. രജ്ജുഖണ്ഡത്തിലെ പന്നഗഭീതിയാണതു്. നാം ടൗൺഹാൾവഴി വരുമ്പോൾ ഫുട്ബാൾഗ്രൗണ്ടിനുസമീപമുള്ള ഫാക്ടറിയിലെ രണ്ടുപുകക്കുഴലില്ലേ. ഭൂതപ്രേതങ്ങളിൽ വിശ്വസിക്കുന്ന ഒരാൾ അസമയത്തു അതു കാണുകയാണെന്നിരിക്കട്ടെ. അവയെ അറകുലയാണെന്നേ അയാൾ കരുതുകയുള്ളു. മൂടികളോടുകൂടിയ ഒരു പുകക്കുഴലിന്റെ നിഴൽ ഹാറവച്ച ഒരാളിന്റെ നിഴലായി ശങ്കിച്ചതിനുള്ള ഉദാഹരണം നാം ഇന്നാൾ വായിച്ച പാവങ്ങളിലുമുണ്ടല്ലോ. അതുപോലെ വെറും ശങ്കയിൽനിന്നാണ് ഈ സത്വങ്ങൾ രൂപമെടുക്കുന്നതു്. നാം ധൈര്യമായിട്ടു ശരിക്കു ചിന്തിച്ചുനോക്കിയാൽ എന്തുവിശേഷസംഭവങ്ങൾക്കും ഒരു കാരണം കണ്ടുപിടിക്കുവാൻ കഴിയും. അഥവാ കണ്ടുപിടിക്കുവാൻ കഴിയുന്നില്ലെങ്കിൽ നമ്മുടെ ആലോചനാശക്തി പോരെന്നു ധരിക്കുകയാണു ഭേദം. ആട്ടെ, ഞാനൊരു ഉദാഹരണം പറയാം. ആ കൺട്രാക്ടർ ശർമ്മ എത്ര മോഹിച്ചാണ് ഈ കെട്ടിടം വച്ചതെന്നു നിങ്ങൾക്കു അറിയാം. ഒരു മൂന്നാഴ്ച അദ്ദേഹത്തിനു ഇതിനകത്തു താമസിക്കാൻ കഴിഞ്ഞോ? ബാധോപദ്രവമുള്ളതാണെന്നുകണ്ടു അദ്ദേഹം ഇട്ടിട്ടുപോയില്ലേ്? പിന്നീടു വാടകയ്ക്കു താമസിക്കുവാൻ വന്ന രണ്ടുകൂട്ടരും രണ്ടുദിവസംപോലും താമസിക്കാതെ ജീവനുംകൊണ്ടു പോകുകയാണു ചെയ്തതു്. അതിൽപിന്നെ ആരും താമസിക്കാതെയാണു അഞ്ചുകൊല്ലമായി ഈ വീടു് ഇട്ടിരുന്നതു്. വെറുതെ കൊടുക്കാമെന്നു പറഞ്ഞിട്ടുപോലും ഈ വീടു് എടുക്കാൻ ആളുണ്ടായില്ല. അപ്പോഴാണു ഞാൻ ഒന്നു പരീക്ഷിക്കാനായി ഇതിൽ താമസിക്കാമെന്നു വച്ചതു്. ശർമ്മാസ്വാമിയോടു ചോദിച്ചപ്പോൾ വെറുതെ തരാമെന്നാണു അദ്ദേഹം പറഞ്ഞതു്. എങ്കിലും ൧൦ രൂപാ കൊടുക്കാമെന്നു ഞാൻ പറഞ്ഞു. ൧൦൦ രൂപ കൊടുത്താലും കിട്ടാത്ത ഈ വീടു് എന്താണു ആ പണക്കൊതിയൻ ശർമ്മ തന്നതു എന്നു അറിയുമോ? അങ്ങനെയെങ്കിലും ആൾസഞ്ചാരം ഉണ്ടായിക്കൊള്ളട്ടെ എന്നു അദ്ദേഹം കരുതി. തനിക്കും ധൈര്യമുണ്ടെന്നു കാണിക്കാനാണു ശംഭു എന്റെകൂടെ ചേർന്നതു്. തുടർന്നു നാരായണനും വന്നു. ഒടുവിൽ മററുള്ളവരെല്ലാം വന്നു. നമുക്കു എന്തെങ്കിലും ആപത്തു വന്നുവോ? നമ്മെ എത്ര പേർ വിലക്കി. പണ്ടു തൂക്കുമരം നിന്നതു ഇതിനടുത്താണ്, ശ്മശാനത്തിനു ഇവിടെനിന്നു മൂന്നുനാലുഫർലാംഗേ ദൂരമുള്ളു, ശ്മശാനത്തിനു അപ്പുറത്തായി കാണുന്ന ആ വലിയ ആൽമരത്തിൽ ഭൂതപ്രേതങ്ങളെ ആവാഹിച്ചിരുത്തിയിട്ടുണ്ട്, രാത്രികാലങ്ങളിൽ ഈ പ്രദേശത്തുകൂടി ആരും സഞ്ചരിക്കാറില്ല എന്നെല്ലാം ആളുകൾ പറഞ്ഞു. പക്ഷെ, കെട്ടിടം കിട്ടാൻ ആളുകൾ കിടന്നു വിഷമിക്കുന്ന ഇക്കാലത്തു തുച്ഛമായവാടകയ്ക്കു കൊട്ടാരസദൃശമായ ഈ വീട്ടിൽ നാം താമസിക്കുന്നു. നാം വന്നുതാമസിച്ചപ്പോൾ രണ്ടുമൂന്നു ദിവസം അടുപ്പിച്ചുണ്ടായ വിശേഷസംഭവം നാം കണ്ടുപിടിക്കുകയും പരിഹാരം ഉണ്ടാക്കുകയും ചെയ്തു. രാത്രികാലങ്ങളിൽ നാം ഉറക്കംതുടങ്ങി കുറെക്കഴിയുമ്പോൾ ഈ പങ്കാ ആരോ ഇടുമായിരുന്നു. മൂന്നുദിവസം ഇങ്ങിനെ സംഭവിച്ചു. നാലാംദിവസം ഇതിന്റെ കാരണം എന്തെന്നു കണ്ടുപിടിക്കണമെന്നു നാം നിശ്ചയിച്ചു. അപ്പോഴാണു പങ്കാ കറങ്ങുന്നതിന്റെ കാര്യം മനസ്സിലായതു്. ലൂസായികിടന്ന സ്വിച്ചിന്റെ മുകളിൽകൂടിപോകുന്ന എലിയുടെ കനംകൊണ്ടു് സ്വിച്ച് ഓൺ ആകുകയും പങ്കാ കറങ്ങുകയും ചെയ്തു. എലി മുതലായ ജന്തുക്കൾക്കു് ഒരു പ്രത്യേകസ്വഭാവമുണ്ടു്. അവ ദിവസവും കൃത്യസമയത്തു് ഒരു പ്രത്യേകമാർഗ്ഗത്തിൽകൂടി സഞ്ചരിക്കും. അങ്ങിനെ സഞ്ചരിച്ച എലിയാണു പങ്കാ പ്രവർത്തിപ്പിച്ചതു്. നാം ആലോചിച്ചതുകൊണ്ടു അതു കണ്ടുപിടിക്കുവാൻ കഴിഞ്ഞു. ബലമുള്ള സ്വിച്ച് ഇട്ടപ്പോൾ അതിനു പരിഹാരം ഉണ്ടാകുകയുംചെയ്തു. പ്രധാന സ്വിച്ച് ആഫ് ചെയ്തിരുന്നെങ്കിലും ഇങ്ങിനെ സംഭവിക്കുകയില്ലായിരുന്നു. ബുദ്ധിയും ധൈര്യവും ഉള്ള ശർമ്മയും അല്പം ഒന്നു ആലോചിച്ചിരുന്നെങ്കിൽ അദ്ദേഹത്തിനു് ഇവിടെനിന്നു പോകാതെ കഴിക്കാമായിരുന്നു. പങ്കാ ഇടുന്നതു് ഈ വീട്ടിൽ പാർപ്പുള്ള ഏതോ പിശാചാണെന്നാണു് അദ്ദേഹം ധരിച്ചുപോയതു്.

രവിയുടെ യുക്തിവാദം അവർക്കെല്ലാം ബോദ്ധ്യപ്പെട്ടു. പക്ഷെ പിശാചില്ലെന്നു വിശ്വസിക്കുവാൻ അവരെക്കൊണ്ടു കഴിഞ്ഞില്ല. ജാൺസന്റെ അഭിപ്രായത്തിൽതന്നെ അവർ ഉറച്ചുനിന്നു. രവിക്കു് നൈരാശ്യവും സഹതാപവും വർദ്ധിച്ചുവന്നു. അവരുടെ വാദത്തിന്റെ നിരർത്ഥകത്വത്തെ തെളിയിച്ചുകൊടുക്കുവാൻ കഴിവുള്ളതെല്ലാം ചെയ്യാൻ അയാൾ തയ്യാറായിരുന്നു. പിശാചുണ്ടെന്നുപറയുന്ന എവിടെയും ഏതു് അസമയത്തും പോയി നിരപായം തിരിച്ചുവരാമെന്നു് ആയാൾ ആവേശത്തോടെ പറഞ്ഞു. അങ്ങിനെയുള്ള ഒരു സ്ഥലം കാണിച്ചുകൊടുക്കുവാൻ അയാൾ സ്നേഹിതന്മാരെ വെല്ലുവിളിച്ചു.

കേശുവിനു ചൊടിച്ചു. അയാൾ നിവന്നിരുന്നു. എല്ലാവരെയും പ്രതിനിധീകരിച്ചുകൊണ്ടെന്നപോലെ അയാൾ പറഞ്ഞു. "രവിയുടെ വെല്ലുവിളി ഞങ്ങൾ സ്വീകരിച്ചിരിക്കുന്നു. ശ്മശാനത്തിനപ്പുറത്തു നിൽക്കുന്ന ആ വലിയ ആലിനെപ്പററി രവി ഇപ്പോൾ പറഞ്ഞതില്ലേ. അതിനു സമീപംവരെ ഒന്നു് ഇപ്പോൾതന്നെ പോയിട്ടുവരാൻ രവിക്കു ധൈര്യമുണ്ടോ.

രവി—ഒന്നല്ല പത്തുപ്രാവശ്യം പോയിട്ടു വരാം.

കേശു-പത്തുപ്രാവശ്യവുംമററും പോകേണ്ട. ഒററപ്രാവശ്യം മതി.

'അത്രയോ ഉള്ളോ, ദാ പോയി വന്നുകഴിഞ്ഞു.' എന്നു പറഞ്ഞുകൊണ്ടു രവി ബെഞ്ചിൽനിന്നെഴുന്നേററു വാതിലിനെ ലക്ഷ്യമാക്കി നടന്നു.

"വരട്ടെ, വരട്ടെ." കേശു പറഞ്ഞു. 'നിങ്ങൾ അവിടെവരെ പോയി എന്നു ഞങ്ങളെങ്ങിനെ വിശ്വസിക്കും.'

"നിങ്ങൾക്കു എന്നെ അത്രയ്ക്കു വിശ്വാസമില്ലെന്നോ."

"ഞങ്ങൾക്കെല്ലാം രവിയെ വലിയ വിശ്വാസമാണ്. സത്യത്തെ ഇത്രത്തോളം മാനിക്കുകയും പാലിക്കുകയുംചെയ്യുന്ന ഒരാൾ ഞങ്ങളുടെ കൂട്ടത്തിലില്ലെന്നു് ഞങ്ങൾക്കറിയാം. മററ് എവിടെയെങ്കിലും കാണുമൊ എന്നും ഞങ്ങൾക്കു് സംശയമുണ്ടു്. പക്ഷെ ഇക്കാര്യത്തിൽ രവിയെ വിശ്വസിക്കുവാൻ നിവൃത്തിയില്ല."

'എന്നാൽ നിങ്ങൾ ആരെങ്കിലും രണ്ടുപേർ എന്റെകൂടെ പോന്നുകൊള്ളു."

അതതിൽവിശേഷം. എന്തിനു രണ്ടുപേർ. എല്ലാവരും ഇരിക്കട്ടെ. ഒരാൾമാത്രം കൂടെയുണ്ടെങ്കിൽ ഞാൻ പോയിട്ടുവരാമല്ലോ."

"പിന്നെ ഞാനെന്തു വേണമെന്നാണു പറയുന്നതു്?"

"നിങ്ങൾ അവിടെ പോയി എന്നുള്ളതിനു് എന്തെങ്കിലും അടയാളം ഉണ്ടാക്കിയിട്ടുവരണം. ആ ആലിന്റെമൂട്ടിൽ മുഴച്ചുനിൽക്കുന്ന ഒരു വേരില്ലേ, അതിൽ ഒരു ആണി തറച്ചിട്ടു പോരണം."

"അത്രയെ ഉള്ളോ! അതിൽ തല ചായ്ച്ചുറങ്ങാമല്ലോ. പിന്നെയാണു ഒരാണിതറയ്ക്കാൻ. പക്ഷെ ആണിക്കു് ഇപ്പോൾ എവിടെപ്പോകും."

"അതിനു് സമാധാനം ഉണ്ടാക്കാ"മെന്നു പറഞ്ഞു് ഭിത്തിയിൽ പെഗ് താച്ചിരുന്ന ഒരു വലിയ ആണി ഊരിയെടുത്തു് കേശു രവിയുടെ കൈയിൽ കൊടുത്തു.

"അപ്പോൾ ഇതു തറയ്ക്കാനോ? ചുററികയില്ലേല്ലോ."

"അതിനും സമാധാനം ഉണ്ട്." കേശു പറഞ്ഞു. "രവിയുടെ ഡംബെൽസ് ഒരെണ്ണം കൈയിൽ ഇരുന്നുകൊള്ളട്ടെ."

"നല്ലതുതന്നെ. പിശാചിന്റെ മൂക്കുനോക്കി കൈനോക്കാതെ ഇടിക്കാമല്ലോ."

രവി യാത്രയായി. അയാളുടെ മുഖത്തു് ശങ്കയോ, ഭീതിയോ തീണ്ടിയിട്ടില്ലായിരുന്നു. അഴകും ആരോഗ്യവും ദ്യോതിപ്പിക്കുന്ന ആ മുഖം എപ്പോഴത്തെയുംപോലെ അപ്പോഴും പ്രസന്നമായിരുന്നു. അയാൾ വാതുക്കൽവരെ ചെന്നിട്ടു് മടങ്ങിവന്നു. "നല്ല മഞ്ഞുണ്ടു വെളിയിൽ. തലയിൽ കെട്ടാൻ രാമുവിന്റെ ടൗവൽകൂടി ഇരുന്നോകൊള്ളട്ടെ" അയാൾ രാമുവിന്റെ തോളിൽക്കിടന്ന ടൗവൽ തലയിൽ ചുററിക്കൊണ്ടു് സാവധാനത്തിൽ കോവണി ഇറങ്ങിപ്പോയി. അയാൾ വരാന്തയിൽനിന്നു നിലത്തിറങ്ങുന്ന ശബ്ദം അവർ കേട്ടു. രാമു ജനലിങ്കൽവന്നുനോക്കി. വെളുത്ത മുണ്ടും ബനിയനും ധരിച്ച ആ യുവാവു് തന്റെ ടൗവൽ കൊണ്ടു് തലയിലിട്ടു് ഒരു കെട്ടുംകെട്ടി ഉത്സാഹത്തോടെ ഉദ്യാനത്തിനിടയിലുള്ള നടവഴിയിൽക്കൂടി പോകുന്നു. അല്പസമയത്തിനുള്ളിൽ അയാൾ ഇരുട്ടിൽ മറഞ്ഞു.

രാമു തിരിച്ചുവന്നു കട്ടിലിൽ ഇരിപ്പായി. അയാൾ ചിന്താമഗ്നനായി കാണപ്പെട്ടു. രവിയെ അയച്ചതു് കഷ്ടമായിപ്പോയി എന്നു് അയാൾ വിചാരിക്കുന്നുണ്ടായിരിക്കണം. മററുള്ളവരും അയാളുടെ ചിന്താഗതിയോടു് യോജിച്ചുവെന്നുതോന്നുന്നു. എന്തെന്നാൽ അവരും ഒന്നും മിണ്ടിയില്ല.

അതാ, ആ ഗേററ്വാതിൽ കറിയിൽ തിരിഞ്ഞുകരയുന്ന ശബ്ദം. രവി പുറത്തുകടക്കുവാൻ ഗേററുതുറക്കുകയാണ്. അയാൾ പുറത്തു കടന്നു. പിന്നെയും എട്ടുപത്തുമിനിട്ടുകഴിഞ്ഞു. പട്ടികൾ തുടരെത്തുടരെ കുരയ്ക്കുന്നു. ആളനക്കം കേട്ടു് ശ്മശാനത്തിലെ ക്രൂരൻനായ്ക്കൾ കുരയ്ക്കുകയാണ്. രവി ശ്മശാനത്തിന്റെ സമീപം എത്തിയെന്നുള്ളതു് തീർച്ച. മറെറാരു ഉപദ്രവവും ഉണ്ടായില്ലെങ്കിൽത്തന്നെ ആ പട്ടികൾ ഇരുട്ടത്തുപോകുന്ന അയാളെ ഉപദ്രവിച്ചാലൊ. ഓ, പക്ഷെ പേടിക്കാനില്ല. പട്ടികളെ അയാൾക്കു പേടിയില്ല. രണ്ടാഴ്ചയ്ക്കുമുമ്പു നടന്ന ഒരു സംഭവം രാമു ഓർത്തു. അയാളും രവിയുംകൂടി കടൽക്കരയ്ക്കുപോകുകയായിരുന്നു. അവർ റോഡുവിട്ടു് അല്പം മുമ്പോട്ടുപോയപ്പോൾ ഒരു തടിയൻപട്ടിയുണ്ടു് അവരുടെ നേരെ കുരച്ചുകൊണ്ടു് വരുന്നു. ആ പട്ടിയുടെ ഉപദ്രവത്തെപ്പററി രാമു കേട്ടിട്ടുണ്ടായിരുന്നു. അയാൾ തിരിഞ്ഞു് വേറെവഴിക്കു് നടക്കാൻതുടങ്ങി. രവിക്കു് കൂസലൊന്നും ഉണ്ടായില്ല. അയാൾ നേരെതന്നെ നടന്നു. ഏതാനുംചുവടു് നടന്നപ്പോഴേയ്ക്കു് പട്ടി കുരച്ചുകൊണ്ടു് അയാളുടെനേരെ പാഞ്ഞെടുത്തു. രവി പെട്ടെന്നു് അവിടെ ഇരുന്നു. എന്നിട്ടു് നിലത്തുനിന്നു രണ്ടുകൈകൊണ്ടും മണ്ണുവാരി കുരയ്ക്കാനായി വാതുറക്കുന്ന ഓരോപ്രാവശ്യവും പട്ടിയുടെ തൊള്ളയിൽ ഇട്ടുകൊടുത്തു. പട്ടി കുഴഞ്ഞുപോയി എന്നുപറഞ്ഞാൽ കഴിഞ്ഞല്ലോ. ചീററിയുംതുമ്മിയുംകൊണ്ടു് പട്ടി വാലും താഴ്ത്തി അവിടെനിന്നു ഓടി. അതിൽപിന്നെ രവിയെ കണ്ടാൽ ആ ക്രൂരൻപട്ടി പമ്പകടക്കും. തന്റെ വിപദിധൈര്യംകൊണ്ടാണ് രവിക്കു പട്ടിയിൽനിന്നു് രക്ഷപ്പെടാൻ കഴിഞ്ഞതു്.

അതിനാൽ ശ്മശാനത്തിലെ പട്ടികളെ അയാൾ പേടിക്കുകയില്ലെന്നു തീർച്ച. അയാൾക്കു് ഇരുട്ടത്തും നല്ല കാഴ്ചയുണ്ടു്. പോരെങ്കിൽ കൈയിൽ ഡംബെൽസുമുണ്ടല്ലോ.

പ്രേതങ്ങളെ ആവാഹിച്ചിട്ടുള്ള ആലിൽ ഇരുന്നുകൊണ്ടു് പുള്ളുകൾ തുടർച്ചയായി കൂവിക്കൊണ്ടിരുന്നു. കുത്തിച്ചൂട്! കുത്തിച്ചൂട്!! ഹൂ ഹൂ തള! എന്നും ഉള്ള അവയുടെ വിളികൾ കേട്ടാൽ ഏതുധൈര്യശാലിയും ഞെട്ടിപ്പോകും. കാലൻകോഴി എന്നുള്ള അതിന്റെ പേരു് എത്ര അന്വർത്ഥം! ഈ ലാഡ്ജിൽ താമസമാക്കിയതുമുതൽ അവരും ഈ പക്ഷിയുടെ ശബ്ദം കേൾക്കാറുണ്ടു്. ആദ്യമൊക്കെ അവർക്കും ഭയമുണ്ടായിരുന്നു. ഇപ്പോൾ കേട്ടുകേട്ടു ശീലമായിപ്പോയി. ഓ, പുള്ളിന്റെ കരച്ചിൽ പെട്ടെന്നു നന്നല്ലോ. രവി ആലിൻചോട്ടിൽ എത്തിയതാണ്. രാമു മരവിച്ചപോലെ ഇരിപ്പായി. ആലിൽനിന്നു് പറന്നുപോന്ന രണ്ടു കാലൻകോഴികൾ ലോഡ്ജിന്റെ മുററത്തു് മാവിൽ വന്നിരുന്നു് കൂകിവിളിക്കാൻ തുടങ്ങി. അവരെല്ലാം ആകെ പേടിച്ചുവിറച്ചു.

രവി പോയിട്ടു് ഇരുപതുമിനിട്ടോളം ആയി. അയാൾ അവിടെ എത്താൻ ഇത്രയും സമയംമതി. ഇനിയും ഇരുപതുമിനിട്ടിനകം അയാൾ മടങ്ങി എത്തണം. രവി പോയതിൽ പിന്നെ ആരും ഒന്നും മിണ്ടിയിട്ടില്ല. മിക്കവരെയും ഒരുമാതിരി ഭയം ബാധിച്ചിരിക്കുകയാണ്. ഉറക്കക്കാരനായ ഗോപാലൻ ക്യാൻവാസ്സിൽ ചുരുണ്ടുകൂടി മാണ്ടുകഴിഞ്ഞു. മഹേശ്വരൻ മേശമേൽതന്നെ കൈയും താടിക്കുതാങ്ങി ഇപ്പോഴും ഇരിപ്പുതന്നെയാണ്.

അരമണിക്കൂർ പിന്നെയും കഴിഞ്ഞു. ആലിൽ പുള്ളു പിന്നെയും കരയാൻതുടങ്ങി. കേശുവും രാമുവും ഒഴിച്ചുള്ള രവിയുടെ സഹൃത്തുക്കൾ ഇരുന്നിരുന്ന സ്ഥാനങ്ങളിൽതന്നെ ചരിഞ്ഞും മേശമേൽ കൈമുട്ടുകുത്തിയിരുന്നും മററും ഉറങ്ങിക്കഴിഞ്ഞു. കേശു കട്ടിലിൽ നിവർന്നുതന്നെയാണു കിടക്കുന്നതു്. പക്ഷെ അയാൾക്കു് ഉറക്കംവരുന്നില്ല. രാമു ഇരുന്നപാടെതന്നെ കണ്ണുമിഴിച്ചു് ഇരിപ്പുണ്ടു്.

അല്പസമയംകൂടി കഴിഞ്ഞപ്പോൾ രാമു പറഞ്ഞു: "കേശു! രവിയെ ഇനിയും കണ്ടില്ലല്ലോ. എന്താ വേണ്ടതു്."

"അവൻ നമ്മെ പററിക്കാൻ നോക്കുകയായിരിക്കണം. കുളിമുറിയിലോ, വരാന്തയിലോ മറേറാ പതുങ്ങിയിരിക്കുന്നുണ്ടായിരിക്കണം."

"അങ്ങിനെയാണെങ്കിൽ ഗേററുതുറക്കുന്ന ശബ്ദം കേൾക്കേണ്ടെ. ഞാൻ ചെവി വട്ടംപിടിച്ചുകൊണ്ടിരിക്കുകയായിരുന്നു."

"അതിനാണു വിഷമം! അവൻ ബുദ്ധിയുള്ളവനാണ്. നമ്മെ പററിക്കാൻ മതിൽകയറി കടന്നിരിക്കണം."

"അവൻ അവിടെനിന്നു തിരിച്ചുപോന്നില്ല എന്നാണ് എന്റെ ഊഹം. മടങ്ങിപ്പോരുമ്പോഴും പട്ടി കുരയ്ക്കേണ്ടതായിരുന്നല്ലോ?"

കേശു ഒന്നും മിണ്ടിയില്ല. രാമുവും പിന്നെയൊന്നും ചോദിച്ചില്ല. രണ്ടുപേരും ചിന്താഗ്രസ്തരായി കഴിച്ചുകൂട്ടി.

അല്പം കഴിഞ്ഞപ്പോൾ അവർ താമസിക്കുന്ന വീടിനുപിന്നിലുള്ള റോഡിൽകൂടി ഒരു വണ്ടി പോകുന്ന ശബ്ദം കേട്ടപ്പോൾ രാമു ചിന്തയിൽനിന്നു ഉണർന്നു.

അയാൾ പറഞ്ഞു "കേശു നമുക്കു് ഇനിയും താമസിച്ചുകൂടാ. ആ പോയതു് നാലുമണിക്കുള്ള അഞ്ചൽബസ്സാണ്. രവി ഇനിയും വന്നിട്ടില്ല. നമുക്കു ഒന്നു് അന്വേഷിക്കാതെ നിവൃത്തിയില്ല."

ടോർച്ചും എടുത്തുകൊണ്ടു് അവർ കുളിമുറിയും, വരാന്തയും പറമ്പിലെ ഒഴിഞ്ഞ ഭാഗങ്ങളും ഒക്കെ നോക്കി. അവിടെയെങ്ങും രവി വന്ന ഒരു ലക്ഷണവും അവർ കണ്ടില്ല.

അവർ വീണ്ടും മുകളിലെ നിലയിൽ വന്നു. മററുള്ളവരെ വിളിച്ചുണർത്തി. എല്ലാവരും ഒരുമിച്ചു് രവിയെ അന്വേഷിച്ചു പോകാൻ തന്നെ തീർച്ചയാക്കി. പട്ടിയെ തല്ലാനെന്ന വ്യാജേന ഗോപാലൻ ദൃഢംത്തടി കൈയിലെടുത്തു. മഹേശ്വരൻ പറമ്പിൽനിന്നു് ഒരു കാട്ടുകമ്പും.

അവർ മിണ്ടാതെയും ശബ്ദമുണ്ടാക്കാതെയും ആലിനെ ലക്ഷ്യമാക്കി നടന്നു. ആലിനോടു് അടുക്കുംതോറും ഓരോരുത്തരുടേയും ഗതിവേഗം നിലച്ചുവന്നു. ആ ക്രൂരൻമരത്തിന്റെ പത്തിരുപതുവാര അടുത്തപ്പോൾ മൂട്ടിലായി ഒരു വെള്ളായം അവർ കണ്ടു. കുറെക്കൂടെ അടുത്തപ്പോൾ അതൊരു ആൾരൂപമാണെന്നും അവർക്കുതോന്നി. കൂട്ടത്തിൽ ധൈര്യമുള്ള കേശു പതുക്കെ പറഞ്ഞു. "കള്ളൻ! അവൻ പറഞ്ഞപോലെ പററിച്ചു. ആലിൻവേരിൽ തലചായ്ച്ചുറങ്ങുകയാണ്." കുറെക്കൂടി അടുത്തപ്പോൾ മൂട്ടിനു് എതിരായിട്ടാണ് തലവച്ചിരിക്കുന്നതെന്നു് അവർ കണ്ടു. രാമു ശംഭുവിന്റെ കൈയിൽനിന്നു ടോർച്ചുവാങ്ങി അടിച്ചുനോക്കി. രവി കമഴ്ന്നാണ് കിടക്കുന്നതു്. ഓമനത്തം തികഞ്ഞ ആ മുഖം ഒരുവശത്തേയ്ക്കു് ചരിഞ്ഞു് ആരേയും ഭയപ്പെടുത്തത്തക്കവിധം സംഭ്രമവും ഭയവും പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നു. പല്ലിളിച്ചിട്ടുണ്ടു്!

ടോർച്ച് താഴെവച്ചിട്ടു് രാമു നഗ്നമായ ഭുജത്തിലും മുഖത്തും കൈകൊടുത്തുനോക്കി. അതാ സകലം തണുത്തു മരവിച്ചുപോയി. ജീവനുള്ള ഒരു ലക്ഷണവും ആ ശരീരത്തിൽ ഉണ്ടായിരുന്നില്ല.

നിലത്തിരുന്ന ടോർച്ച് എടുത്തു കേശു തെളിച്ചുനോക്കി. വലതുകൈയിൽ പിടിച്ചിരുന്ന ഡംബെൽസ് ചുരുട്ടിപ്പിടിച്ചപാടേ ഇരിക്കുന്നു. ആണിവേരിൽ താഴ്ത്തിത്തറച്ചിട്ടുണ്ടു്.

പക്ഷെ മുണ്ടിന്റെ തുമ്പുംചേർത്താണ് ആണിതറച്ചിട്ടുള്ളതു്. പിടിച്ചുവലിച്ചാലെന്നപോലെ മുണ്ടിന്റെ തുമ്പു വലിഞ്ഞുനില്ക്കുകയും ചെയ്തിരുന്നു!

—o—

രസായനമുറയിൽ തയ്യാർചെയ്യപ്പെട്ട
പരിശുദ്ധമായ ആവണക്കെണ്ണ

K. P.

കെ. പി. മാർക്ക് ആവണക്കെണ്ണ ഡാക്ടർകളാലും, കെമിസ്റ്ററുകൾ, ഗവമ്മെൻറു് ആസ്പത്രികൾ, നാട്ടുവൈദ്യർകളാലും സർട്ടിഫിക്കെററു കൊടുക്കപ്പെട്ടതു്.
കെ. പി. മാർക്ക് ഉണ്ടോഎന്നു നോക്കിവാങ്ങുവിൻ! മൊത്തമായി വീപ്പകളിലും കുപ്പികളിലും കിട്ടുന്നതാണ്.

അപേക്ഷിക്കുക:—

K. P. CASTOR OIL WORKS,
R. S. PURAM, COIMBATORE.

# പ്രാചീനപ്രേമഗീതങ്ങൾ

അഥവാ

# മണിപ്രവാളം

(Ancient Love Lyrics in Malayalam)

ഡാക്ടർ, പി. കെ നാരായണപിള്ള, എം. എ. പി. എച്ച്. ഡി.

II

ശൃംഗാരരസപുഷ്ടങ്ങളായ മണിപ്രവാളകൃതികൾ പലതും രചിച്ചിരുന്നതു് കേവലം വായിച്ചു രസിക്കുവാനുള്ള ഉദ്ദേശ്യത്തിൽ മാത്രമായിരുന്നില്ല. സരസകളും വിദുഷികളുമായ നായികമാരെ രസിപ്പിക്കുവാനും കവികൾ മണിപ്രവാളമെഴുതുകയും അവരുടെ സാന്നിധ്യത്തിൽ അതു ചൊല്ലുകയും ചെയ്തിരുന്നതായി അനുമാനിക്കാൻ ന്യായമുണ്ടു്. കാവ്യരസികത്വമാസ്വദിക്കുവാൻ സാമർത്ഥ്യമില്ലാത്ത നാട്ടുകാരിയോടു് മണിപ്രവാളം പറഞ്ഞു വിഡ്ഢിയായ ഒരു കവിയുടെ പരിദേവനം നോക്കുക:—

ശ്ലോകഃ, കിം വേർമരുന്നോ കിമിമേലമരുന്നോ
കവത്തോ വെളുത്തോ
കിംവാ നീണ്ടിട്ടിരിപ്പോൻറഥ ച കറിയതോ-
ൻറുഷ്ണമോ ശീതമോതാൻ
ഉൺമാനായാൻറുട്ടപ്പാനിതിപുനരറിയാ-
പ്രേതയിൽ പ്രേമമേകാൻ
നാണംതേ നാട്ടനാൎയ്യും പ്രിയസഖ! കവിചൊ-
ല്ലുൻറിനിക്കേ നമോസ്തു.

ഉത്തരാചന്ദ്രികയുടെ വർണ്ണനയിൽ, കാമുകന്മാർ നായികമാരെ സമീപിച്ചു് ശ്ലോകങ്ങൾ കൊണ്ടു് അവരുടെ അംഗവർണ്ണനം ചെയ്യുന്നപതിവു് വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു.

ചാരത്താമ്മാറുവന്നിച്ചരണതളിർ വണ-
ങ്ങ്യുള്ളഴിഞ്ഞാമലംഗം
വാരെത്തും പദ്യജാലൈരഴകൊടുപുകഴും-
നേരവും നീലനേത്രേ!
തേറിക്കൊള്ളിൻറിതുള്ളിൽ കനിവിവനുകല-
ന്നില്ലയെൻറില്ലസൗഖ്യം
പേറിക്കൊൾകൾകരുന്നിൽ പ്രതിദിനമിനിമേ-
ലുത്തരാചന്ദ്രികേ! തേ-
(പദ്യരത്നം ശ്ലോ: ൧൮)

സ്ത്രീകളും പുരുഷന്മാരും കൂടിയിരിക്കുന്ന സദസ്സിൽ മണിപ്രവാളകൃതികൾ ചൊല്ലി പാഠകം പറഞ്ഞിരുന്നതായി വിശ്വസിക്കുവാനും തെളിവുകളുണ്ടു്.

മണിപ്രവാളവിദ്യയം പാഠകപ്രതിഷ്ഠിത
ലംബശിപ്രിപരീവാരം മഹിളാളിമഹാസ്പദം.

എന്ന പ്രാചീനപദ്യത്തിൽ മണിപ്രവാളവിദ്യയെ വിവരിച്ചിരിക്കുന്നതുനോക്കുക. മഹിളാളിമഹാസ്പദയായ മണിപ്രവാളവിദ്യ ലംബശിപ്രിപരീവാരയായി പാഠകങ്ങളിൽ അവസ്ഥിതിചെയ്യുന്നു. അങ്ങനെയാണു് ആ ചക്രവത്തിനിയുടെ മഹത്വം. മഹിളമാരെ ആസ്പദമാക്കി വിരചിതമായ മണിപ്രവാളത്തെ ആശ്രയിച്ചു് തൊങ്ങൽക്കിരീടം ധരിക്കുന്ന പ്രവാചകന്മാർ പാഠകം പറഞ്ഞിരുന്നു എന്നു വേണമല്ലോ ഇതുകൊണ്ടു് അർത്ഥമാക്കാൻ.

മണിപ്രവാളകൃതികൾ പലതും തോഴനോടോ സഖാവിനോടോ പറയുന്ന രീതിയിൽ രചിച്ചുകാണുന്നതിൽ ഈ സന്ദർഭത്തിൽ പ്രത്യേകം ശ്രദ്ധേയമായിരിക്കുന്നു. ലീലാതിലകത്തിലെ ഒരു പദ്യത്തിൽ തോഴനെ സംബോധനചെയ്തുകൊണ്ടു് കാമുകൻ തന്റെ വികാരചാപല്യത്തെ പരാമർശിച്ചിരിക്കുന്നു.

ഈട്ടിക്കുട്ടിയിരുട്ടുകൊണ്ടുമദനൻ
നിർമ്മിച്ചപൂമ്പായലും
മാട്ടേക്കാട്ടിലിരട്ടിവിങ്ങിനിതരാം
പൊങ്ങിന്റെ പോർകൊങ്കയും
കാട്ടിക്കാട്ടിയൊരായതാക്ഷിവടിവിൽ
പോനാളതിന്നിൻറു ഞാൻ
കാട്ടിക്കൂട്ടിനകോട്ടി ചൊല്ലരുതെന്നി-
ക്കെൻറില്ലടോ തോഴരേ!

'പദ്യരത്നത്തിൽ' കൗണോത്തരയുടെ ഭാവഹാവാദികളെ സഖാവിനോടു് വർണ്ണിച്ചുകേൾപ്പിക്കുന്നു.

'ചെറിയച്ചി'യെ വർണ്ണിക്കുന്ന കാവ്യത്തിൽ സഖാവിനെ സംബോധനചെയ്യുന്നതു നോക്കുക:—

പ്രിയസഖ!ചെറിയച്ചീദേവസേനക്ഷപാങ്ങായ്-
ത്തരുണദിതിജസൈന്യം വെൻറവിഖ്യാത-
(കീർത്തഃ
കുസുമശരമുരാരേഃ ശംഖചക്രങ്ങളെൻറ
കുന്തളവനദയാസ്ത വ്യാപൃതൗ ചന്ദ്രസൂര്യൗ.
(പദ്യരത്നം ശ്ലോ: ൧൪൦)

ഈ രീതിയിൽ 'തോഴ'എന്നും 'സഖേ' എന്നും ഉള്ള സംബോധനകൾ കാണുന്ന കാവ്യങ്ങൾ എത്രവേണമെങ്കിലും ചൂണ്ടിക്കാണിക്കാം. കൂത്തിനും പാഠകത്തിനും ഉപയോഗിച്ചുവരുന്ന രാമായണാദി ചമ്പുക്കളിലും തോഴനോടായിട്ടല്ലേ കഥ പറയുന്നതു്? രാമായണചമ്പുവിൽ ബാലകാണ്ഡത്തിന്റെ പ്രാരംഭത്തിലുള്ള ശ്ലോകഭാഗം വിശദീകരണാർത്ഥം ഉദ്ധരിക്കാം.

വാരാന്നാസ്ഥാനരംഗേ വിരവിലിവിടെവ-
ന്നിങ്ങനേ നമ്മിലെത്തു-
ന്നേരം തോഴം! വിളങ്ങും മനസിമമ സഭാ-
കമ്പിതേ വൻപ്രസാദം...
(രാവണോത്ഭവം ശ്ലോ-൩)

ചമ്പുക്കളും പ്രസ്തുത മണിപ്രവാളകൃതികളും തമ്മിൽ കാണുന്ന ഈ സാദൃശ്യം മണിപ്രവാളകാവ്യങ്ങൾ പാഠകത്തിനു് ഉപയോഗിച്ചിരിക്കാമെന്ന നിഗമനത്തെ ബലപ്പെടുത്തുന്നതാണെല്ലോ.

ഈ നിഗമനത്തിനു് ഉപോദ്ബലകമായി ഒരു വസ്തുതകൂടി ചൂണ്ടിക്കാണിക്കാം. കാമുകൻ സഖാവിനോടു് പറയുന്നതായു് മാത്രമല്ല സഖാവു് കാമുകനോടു് പ്രതിവചനം ചെയ്യുന്നതായും ചില കാവ്യങ്ങളിൽ കാണുന്നുണ്ടു്. ഇളയച്ചിയെക്കുറിച്ചുള്ള കൃതിയിലെ ഒരു പദ്യത്തിൽ പൂർവ്വാർദ്ധം കാമുകനും ഉത്തരാർദ്ധം സഖാവും പറയുന്നതായി കാണുന്നു.

കാമുകൻ:—
"ഏതുമരുതേതുമരുതേ മലർചരാനേ-
റാധിപെരുതാധിപെരുതാതുരതരോഞാൻ."
സഖാവു്:—
"മാതർമണി തയ്യിലിളയച്ചി പുണരാഞ്ഞോ
ചേതസി സഖേ! കൊടിയവേദനേ വരിൻറൂ?"

ഇതു് രംഗത്തു് പ്രയോഗിക്കാനുദ്ദേശിച്ചിട്ടുള്ളതാണെന്നു് അനുമാനിക്കാം.

കാവ്യാലാപത്തിനും രംഗപ്രയോഗത്തിനുമായി രചിച്ചിരുന്ന ഇത്തരം കൃതികളിലെ അന്തരീക്ഷം ഒന്നുവേറെതന്നെയാണു്. സർവ്വതോമുഖമായ സൗഭഗം, വിഭവസമൃദ്ധമായ ജീവിതം, കാമത്തിന്റെ കളിയാട്ടം, പ്രേമത്തിന്റെ പ്രകാശനം, രസികതയുടെ സാന്ദ്രത, കലയുടെ നർത്തനം—എന്നെല്ലാം പറഞ്ഞാലും അവയുടെ പ്രവണതകൾ വേണ്ടവോളം വിശദമാകയില്ല. മന്മഥവൈജയന്തികളായ നായികമാരുടേയും, രസകോവിദന്മാരായ കവികളുടേയും, സുഖഭോഗതൽപരരായ രാജാക്കന്മാരുടേയും ലോകമാണു് ഈ കൃതികളിൽ ചിത്രീകൃതമായിക്കാണുന്നതു്. സുഖലാലുപവും നിരുത്തരവാദപരവുമായ ജീവിതത്തിന്റെ—വിശേഷിച്ചും നമ്പൂതിരിമാരുടെ കാമചാപല്യത്തിന്റെ - സന്തതികളായി ഇങ്ങനെയുള്ള കൃതികൾ പരിഗണിക്കപ്പെടാറുണ്ടു്.

മധുരമധുരമായ ഭാവനകൾ, മനമലിയിക്കുന്ന രസചിത്രീകരണം, നിപുണമായ അലങ്കാരപ്രയോഗം, മനോഹരമായ മണിപ്രവാളശൈലി തുടങ്ങിയ ഗുണങ്ങൾ ഇണങ്ങിയിരിക്കുന്ന ഈ കൃതികൾ അപക്വമതികളും അശിക്ഷിതബുദ്ധികളുമായ ചപലയുവാക്കളുടെ കാമാവേശത്തിന്റെ പ്രകാശമെന്നു വിധിക്കുന്നതു് വെറും സാഹസമായിരിക്കും.

അത്യുൽകൃഷ്ടങ്ങളായ ഈ കലാശില്പങ്ങൾ വെറും കാമചാപല്യത്തിന്റെ കനികളാണെന്നു് വിധിക്കുവാൻ പാടില്ല. ഈ കൃതികൾ സൂക്ഷിച്ചു പരിശോധിച്ചാൽ അവയുടെ രചയിതാക്കൾ കാമസംതൃപ്തിക്കായി ഓടിനടന്ന 'മൂരിക്കുട്ട'ന്മാരല്ലെന്നും നേരേമറിച്ചു് ശാസ്ത്രപരിചയവും സാഹിത്യനൈപുണിയും തികഞ്ഞ പ്രൗഢന്മാരായ കലാകാരന്മാരാണെന്നും കാണാവുന്നതാണു്. മധുരമധുരമായ ഭാവനകൾ, മനമലിയിക്കുന്ന രസചിത്രീകരണം, നിപുണമായ അലങ്കാരപ്രയോഗം, മനോഹരമായ മണിപ്രവാളശൈലി തുടങ്ങിയ ഗുണങ്ങൾ ഇണങ്ങിയിരിക്കുന്ന ഈകൃതികൾ അപക്വമതികളും അശിക്ഷിതബുദ്ധികളുമായ ചപലയുവാക്കളുടെ കാമാവേശത്തിന്റെ പ്രകാശനമെന്നു വിധിക്കുന്നതു് വെറും സാഹസമായിരിക്കും. കാമാർത്ഥങ്ങൾ എന്ന പുരുഷാർത്ഥങ്ങളുടെ സിദ്ധിക്കായി സാഹിത്യത്തിനു് അനുഷ്ഠിക്കാവുന്ന കൈങ്കര്യം നിർവ്വഹിക്കണമെന്ന പ്രേരണയോടുകൂടി പ്രൗഢന്മാരും രസികന്മാരുമായ കവികൾ അനുരൂപമായ പരിസരത്തിൽ രചിച്ചിട്ടുള്ള കൃതികളായി ഇവയെ ഗണിക്കുന്നതു് ഉചിതമായിരിക്കും. ഇവയിൽ എവിടെനോക്കിയാലും കാമത്തിന്റെയും അർത്ഥത്തിന്റെയും ചിത്രീകരണമാണു കാണുന്നതു്. അനുരക്തകളായ നായികമാർ കാമവിവശരായ നായകന്മാർ, ബഹുവിധങ്ങളായജീവിതസൗകര്യങ്ങൾ, മണിമാളികകൾ ഉദ്യാനങ്ങൾ, മനോഹരവേഷങ്ങൾ, ആഭരണങ്ങൾ, അലങ്കാരങ്ങൾ, തോഴിമാർ, സഖാക്കൾ, ആശ്രിതന്മാർ എന്നുവേണ്ട സുഖഭോഗസമൃദ്ധമായ ജീവിതത്തിന്റെ നിഴലാട്ടം ഈ കൃതികളിൽ സർവ്വാംഗീണമായി സ്ഫുരിക്കുന്നു. കാമസാഫല്യവും, സമ്പത്സമൃദ്ധിയും, യശോലബ്ധിയുമാണു് ഈ കൃതികളിൽക്കൂടി ആശംസിക്കപ്പെട്ടിരിക്കുന്നതു്. നായികമാരെ ഉദ്ദേശിച്ചു ചെയ്യുന്ന ഭാവുകാശംസകളിൽ ചിലതു ഇതിനുമുമ്പു ഉദ്ധരിച്ചിട്ടുണ്ടല്ലോ. സന്ദർഭാനുഗുണമായി ഒരു ആശംസകൂടി ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു.

നാഥേ! നിങ്കൽകളിച്ചീടുക നളിനമലർ-
ത്തനപി നീണാളനംഗ-
പ്രാധാന്യംചേക്ക ചേൽക്കൺമുന, വലകതുലോം
മൈന്തർ വന്നന്തികേ തേ;
ചേതോരമ്യാംഗി! തയ്യിത്തലമെഴമിളയ-
ച്ചീ! യശഃശ്രീവിലാസം
മീതേമീതേ തഴച്ചീടുക; വിലസുക നീ
നീളനാളിക്ഷമായാം.
(പദ്യരത്നം —ശ്ലോ: ൧൯)

ഈ രീതിയിൽ കാമാർത്ഥലബ്ധിക്കായുള്ള എത്രയോ ആശംസകൾ മണിപ്രവാളകൃതികളിൽ കാണാം.

കേരളത്തിൽ ചാക്യാർക്കൂത്തു ചിലപ്പതികാരകാലത്തിനു മുമ്പുതന്നെ നടപ്പിലിരുന്ന സാംസ്കാരികപ്രസ്ഥാനമാണു്. കൂത്തിൽ ചാക്യാർ നടത്തുന്ന പ്രവചനം, ധർമ്മം, മോക്ഷം എന്നീ രണ്ടു പുരുഷാർത്ഥങ്ങളെ അധികരിച്ചിരിക്കുന്നു. നാട്യവും സാഹിത്യവും ഒത്തിണങ്ങി ധർമ്മമോക്ഷങ്ങളിലേയ്ക്കു ജനങ്ങളെ പ്രേരിപ്പിപ്പിക്കുന്ന വിശിഷ്ടമായ ഈ പ്രസ്ഥാനത്തിനു സമാന്തരമായി കാമാർത്ഥങ്ങൾക്കു പ്രാധാന്യം കല്പിക്കുന്ന ഒരു പാഠകപദ്ധതി ഉണ്ടായിരുന്നിരിക്കാമെന്നും അതിന്റെ ആവശ്യത്തിനായിട്ടായിരിക്കാം പല മണിപ്രവാളകൃതികളും രചിച്ചിട്ടുള്ളതെന്നും അഭ്യൂഹിക്കാം.

സംഘകാലത്തെ തമിഴ് സാഹിത്യത്തിൽ അകവും പുറവും എന്ന കാവ്യവിഭജനം പ്രസിദ്ധമാണല്ലോ. നമ്മുടെ മണിപ്രവാളം അകത്തിനോടു സാദൃശ്യംവഹിക്കുന്നു എന്നുകൂടി പ്രസ്താവിച്ചുകൊണ്ടും ഈ ലേഖനം ഉപസംഹരിക്കുന്നു.

—൦—



നാവികസേനാനായകന്മാർ—അഡ്മിറാൽറ്റി ഫസ്റ്റ് ലാർഡു് ഹാമപ്രഭുവും നാവികസേനയുടെ ചീഫ് ആയ അഡ്മിറൽ ഫ്രേസറും സുപ്രധാനമായ ഒരു യോഗം കഴിഞ്ഞു പ്രധാനമന്ത്രിയുടെ വസതിയിൽനിന്നിറങ്ങിവരുന്നതു്.


## ഹിന്ദീ സ്വയംശിക്ഷക്

പരസഹായംകൂടാതെ ഹിന്ദി പഠിക്കാവുന്ന ഒരുത്തമഗ്രന്ഥം

വില രൂ. 1 ണ. 8.

ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം

## SUN BEAMS

ഞങ്ങളുടെപക്കൽ പുതിയ സ്റ്റോക്കു സ്വർണ്ണവേലയ്ക്കുള്ള എല്ലാവിധ പണിസാധനങ്ങളും മൊത്തമായും ചില്ലറയായും വില്പനയ്ക്കുണ്ടു്.

| | | | |
|---|---|---|---|
| പിച്ചളബ്രഷ്സ്പെഷൽ ഒന്നുക്കു | 2 | 4 | 0 |
| ടി 1-ാംതരം " | 2 | 0 | 0 |
| ടി 2-ാംതരം " | 1 | 8 | 0 |
| കാർബൊറണ്ടം സ്റ്റോൺസ്" | 6 | 0 | 0 |
| കട്ടിസെറ 5 തോലസെററിനു് | 2 | 8 | 0 |
| ടി 10 " " | 3 | 8 | 0 |
| ടി 5 പവൻ " | 2 | 4 | 0 |
| ടി 10 " " | 3 | 4 | 0 |
| നൂൽഅച്ചു് ഇഞ്ചിനു് | 0 | 6 | 0 |
| മോതിരഅളവു 1-ാംതരം സെററിനു് | 2 | 0 | 0 |
| ടി 2-ാംതരം " | 1 | 8 | 0 |
| ചെയിൻ കുഴൽ ഒന്നുക്കു് | 1 | 0 | 0 |
| പ്ലാസ്റ്റിക്ക്പെണ്ടൻറു് ഡസനു് | 4 | 0 | 0 |
| വെള്ളിഇനാമൽമോതിരം " | 9 | 0 | 0 |

സൺബീം ഡയമൺസ്,
റി. ബി. റോഡ്, കോട്ടയം.

# ഈ ആഴ്ചയിലെ നക്ഷത്രഫലം

൧൫-൭-൧൧൨൫-മുതൽ ൨൨-൭-൧൧൨൫-വരെ

തകഴി കെ രാമവാര്യർ

(27-2-1950—5-3-1950)

അശ്വതി—കർത്തവ്യകർമ്മങ്ങൾക്കുവേണ്ടിയുള്ള കുഴമറിച്ചിലുകൾ നടത്തുകയും പരുഷവചനങ്ങൾക്കിടവരുത്തുകയും വിഭ്രമക്ഷോഭവും അകാലഭോജനവും വർണ്ണസംകരത്തിൽ പ്രതിപത്തിയും മാറ്റം ഫലമെങ്കിലും കാര്യങ്ങൾ ഏതുവിധേനയും നടത്തും.

ഭരണി—സജ്ജനസംസർഗ്ഗവും ഈശ്വരകാര്യത്തിൽ നിരതത്വവും ഭരണീയജനഭരണത്തിൽ ശ്രദ്ധയും നല്ലകാര്യങ്ങൾ നടത്തുന്നതിനിടയാകയും മധുരസംഭാഷണത്തിൽ ഏർപ്പെടുകയും സാമുദായികപ്രസക്തിയും സുഹൃത്തുക്കളുടെ സമ്മേളനവും സുഖലോലുപത്വവും ഫലം.

കാർത്തിക—വിവേകരഹിതമായ പ്രവർത്തികളിൽ ഏർപ്പെട്ടും ഇതരകാര്യപ്രതിബന്ധത്തിന് തുനിയും പശ്ചാത്താപത്തിനിടയാകും സമുദായത്തിന്റെ ഉന്നതിക്കു പ്രയത്നിക്കും ഈവാരം പൊതുവേ ഉന്മേഷംക്കുറിയിരിക്കും സന്താനങ്ങളുടെ ആഡംബരത്തിൽ ശ്രദ്ധപതിയും.

രോഹിണി—സന്തോഷകരമായ സമ്മേളനങ്ങളിൽ പങ്കുകൊള്ളും സൽക്കാരങ്ങൾക്കു ചെലവുകൂട്ടും ഇഷ്ടസഹവാസം തൃപ്തികരമായ ഭക്ഷണം ഇവയ്ക്കുവേണ്ടിയുള്ള ക്ലേശം സഹിക്കും വസ്ത്രധാരണവിഷയത്തിലും വിഷമതകൾ ഇല്ലാതില്ല.

മകയിരം—എല്ലാ കാര്യത്തിലും വെറുപ്പും വിരക്തിയും തോന്നുകയും എരിവുള്ളതും ചൂടുള്ളതുമായ ആഹാരസാധനത്തിൽ പ്രിയംകൂട്ടുകയും വിഷജന്തുക്കൾനിമിത്തമോ മൂർഖന്മാർനിമിത്തമായോ ഭയപ്പെടുകയും നിദ്രകുറവായിരിക്കയും അലസതവർദ്ധിക്കയും എന്നാൽ ഗ്രന്ഥപാരായണത്തിൽമാത്രം പ്രിയവും ഉണ്ടാകും.

തിരുവാതിര—സ്നേഹിതന്മാരുടെയും സുഹൃത്തുക്കളുടേയും സൻമനോഭാവം തികച്ചും അർഹിക്കയും ഗുണകരമായ പല പ്രയോജനവും ലഭിക്കയും ഭാഗ്യാന്വിതമായ സുഖസ്ഥിതിയും അവിചാരിതമായ ഉൽകർഷവും ബന്ധുജനവൈപരീത്യവും വരും.

പുണർതം—ശരീരത്തിൽ ഏതുവിധമെങ്കിലും ക്ഷതം സംഭവിക്കും. മിത്രജനവിരോധം വരും. സഹോദരന്മാരുമായുള്ള മൈത്രിക്കുഹാനിക്കിടയാകും. നിഷ്ഠുരവചനങ്ങൾകേൾക്കും. പ്രവർത്തികളിൽ അസ്ഥിരത്വം സംഭവിക്കും ധനസ്ഥിതി മോശമായിരിക്കും.

പൂയം—ത്രിദോഷകോപത്താൽ കഫമിളകും. സഞ്ചാരത്താൽ നഷ്ടവും ക്ലേശവുംവരും ലിനചര്യാക്രമം തെറ്റും. വെളുത്തതും ചുവന്നതുമായ സാധനസാമഗ്രികളിൽ പ്രിയം കൂടുതലായിരിക്കും, സ്വന്തം കാര്യങ്ങൾക്കും അന്യകാര്യങ്ങൾക്കുംവേണ്ടി വ്യർത്ഥശ്രമം നടത്തും.

ആയില്യം—അധികാരിവർഗ്ഗങ്ങളുടെ അപ്രീതി അലസതയും അപവാദവും വളരും, അന്യരുടെ അഭ്യുദയത്തിൽ അസൂയ അങ്കുരിക്കും ധനധാന്യപരമായ വിഷമതയോ സ്വന്തമാളുകളുമായി അന്തഃഛിദ്രത്തിനിടവരും.

മകം—ആത്മസ്നേഹത്തോടുകൂടി പൊതുജനനന്മയ്ക്കുവേണ്ടി പ്രവർത്തിക്കയില്ല. ആശ്രിതരിൽനിന്ന് ആപത്തുകൾക്കിടവരാം. എതിർപ്പുള്ള ഏതുകാര്യങ്ങളിലും ഇടപെടും സതീർത്ഥ്യസഹായപ്രകടനങ്ങളിൽ സഹകരിക്കും.

പൂരം—അലങ്കാരങ്ങൾക്കും ആഡംബരത്തിനും അലക്ഷ്യമായി ധനവ്യയം ചെയ്യും ധനകാര്യപ്രവർത്തനത്തിൽ പ്രയോജനം ലഭിക്കും. ലളിതകലകളിൽ ശ്രദ്ധവളരും സ്ഥാനോൽകർഷംകിട്ടും വിവാഹപരമായ ചിന്തകൾ ഹൃദയത്തിൽ കടന്നുകൂടും.

ഉത്രം—ഭാവിപ്രവർത്തനപരിപാടികളെപ്പറ്റി ചിന്തിച്ച് ഉറയ്ക്കും. പണക്കുഴപ്പം നല്ലതുപോലെ ഉണ്ടാകും അന്യരെ സഹായിപ്പാൻ ഇടയായതുനിമിത്തമുള്ളവിഷമത അനുഭവിക്കും. ഉത്തരവാദരഹിതമായ കാര്യങ്ങളിൽ പ്രവേശിക്കും സാമുദായികമായി നേരിട്ടല്ലാതെ പ്രവർത്തിക്കയും സഹായിക്കയും ചെയ്യും.

അത്തം—നല്ലകാര്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കും സന്തോഷസൂചകങ്ങൾ ഉൾക്കൊള്ളുന്ന എഴുത്തുകൾവരും ഇഷ്ടന്മാരായ സജ്ജനസംസർഗ്ഗത്തിനിടയാകും മനഃസന്തോഷവും സുഖവും ലഭിക്കും അകാരണമായ കോപങ്ങളും ഉണ്ടാകാതിരിക്കയില്ല കാലിനുവേദനയോ നീർവീഴ്ചയോ സംഭവിക്കും.

ചിത്തിര—അഭിലഷിതകാര്യങ്ങൾക്കു അമാന്തംവരും. ഭക്ഷണസുഖം കുറയും ദന്തപീഡകൾക്കിടയാകും. മനോരുരിതം വിട്ടുമാറുകയില്ല സഹപ്രവർത്തകരുടെ പ്രവർത്തികൾ ഇഷ്ടപ്പെടുകയില്ല.

ചോതി—ഈശ്വരവിശ്വാസത്തിലും ബന്ധുജനസംരക്ഷണത്തിലും താൽപര്യവും ശുഭകർമ്മങ്ങൾ ചെയ്യുന്നതിനിടവരികയും മധുരസംഭാഷണങ്ങൾ കേൾക്കയും മതകാര്യങ്ങളിൽ പ്രസക്തി ജനിക്കയും പരാധീനതയുടെ ആധിക്യവും ശാസ്ത്രീയകാര്യങ്ങളിൽ പ്രതിപത്തി വളരുകയും ഫലം.

വിശാഖം—ഈവാരം അനുകൂലമല്ല ഭയം ബന്ധുവിരോധം അരുചി കാര്യങ്ങൾ ചെറ്റേ നേരെ നടക്കായ്ക ഔഷധങ്ങൾക്കുവേണ്ടിയുള്ള വ്യയം കളത്രാരിഷ്ടത ഇവകൾ

അനിഴം—സ്ത്രീഹേതുകമായ പ്രീതി ജ്ഞാനസംപാദനം വാഹനാദികളുടെ നവീകരണം സമുദായസംഘടനാസംഘട്ടനം പുതിയ ബന്ധുക്കളുടെ സമാഗമം ധാന്യലബ്ധിക്കുള്ള ശ്രമങ്ങൾ, സന്താനങ്ങൾ കാര്യത്തിലും അകാര്യത്തിലും അലട്ടുക.

തൃക്കേട്ട—ശിരോപീഡ സഭ്യമല്ലാത്ത സഹവാസം അഗതികളിൽ അനുതാപം വിക്രമപ്രവർത്തികളിൽ വാസന സൽക്കാരവ്യയം. ധർമ്മപുഷ്ടി ചില ചതിവുകളും നഷ്ടങ്ങളും ഉണ്ടാവുക, കാര്യസാദ്ധ്യത്തിന അന്യായമായ പ്രവർത്തികളിൽ ഏർപ്പെടുക.

മൂലം—ആനുകൂല്യങ്ങൾ അതിരിൽകവിഞ്ഞു ലഭിക്കുക, കുട്ടികളുടെ ആഹാരവിഷയത്തിൽ സംഭ്രാന്തി വളരുക. പരിജനങ്ങളുടെ പരാക്രമവിക്രമതയിൽനിന്നുള്ള തകരാറുകൾ അവാസ്തവപ്രഭാഷണം, അധികാരികളുടെ ധിക്കാരപ്രവർത്തികൾ നയനസുഖക്കുറവ്, സുഹൃത്തുക്കളുടെ വേർപാടുകൾ.

പൂരാടം—രാഷ്ട്രീയകാര്യങ്ങളിൽ സജീവമായി പ്രവർത്തിക്കും. യാതനാഫലത്തിനും ശുദ്ധമായി ഫലസിദ്ധിക്കും ശ്രമിക്കും സഹപ്രവർത്തകരെ തെററുകാരാക്കാൻ മുതിരും. പണക്കുഴപ്പത്തിന്റെ നിവാരണത്തിന അയോഗ്യതകൂട്ടും ഭരണീയർ വൈപരീത്യംചെയ്യും.

ഉത്രാടം—ധാർമ്മികപ്രവർത്തികളിൽ ധൈര്യസമേതം ഏർപ്പെടും സ്വന്തകാര്യങ്ങളിൽ അലസത വന്നുചേരും പ്രസ്താവനകളിൽ അവാസ്തവങ്ങൾ ചേർക്കും ഭയഹേതുകങ്ങളായ പരിഹാസം സമാഗതമാകും ഉന്നതതലങ്ങളിൽ ഇരിക്കുന്നവരെ അപലപിക്കും.

തിരുവോണം—സുഹൃത്തുക്കളുടെ വിപത്തിനെ ചിന്തിച്ചുകൊണ്ടിരിക്കും വിദ്യാഭ്യാസവിഷയത്തിൽ ശ്രദ്ധചെലുത്തും മാന്യമായ നിലഅവലംബിക്കുന്നതിന പല മാർഗ്ഗങ്ങളും തേടും പൊതുജനപ്രാമാണ്യത്തിന ശ്രമിക്കും.

അവിട്ടം—അപരധനത്തിൽഅപാരമായ ആസക്തി കാട്ടും അല്പമായ വരുമാനങ്ങൾ കാണും ഗൃഹാവശ്യം ഒരു വിധത്തിലെല്ലാം നിറവേററും. മംഗളകർമ്മങ്ങളെപ്പററി ആലോചിക്കും അപ്രതീക്ഷിതങ്ങളായ ചില ഗുണങ്ങൾ ലഭിക്കും.

ചതയം—അദ്ധ്വാനം കൂടിയിരിക്കും പഴയ സുഹൃത്തുക്കളുടെ സമ്മേളനസന്തോഷം ഒട്ടേറേ്യങ്ങളിൽ അഹിതം. ഉറക്കക്കുറവ് അസമയങ്ങളിലുള്ള ആഹാരം.

പൂരുരുട്ടാതി—അലങ്കാരങ്ങളിൽ ഭ്രമം അനുസരണയില്ലായ്ക നയനപീഡ ശാഠ്യം പതനഭയം ക്ഷതം വിരുദ്ധപ്രവർത്തികൾ കാര്യലാഭങ്ങൾ,

ഉത്തൃട്ടാതി—മനഃപ്രസാദം,വിജയപ്രാപ്തി ന്യായാവകാശം പുറപ്പെടുവിക്കുക വർഗ്ഗീയവിദ്വേഷം പ്രവർത്തനങ്ങളിൽ പ്രയോജനം ധനാഗമം കുടുംബജനങ്ങളിൽ അസുഖം നാൽക്കാലിവർഗ്ഗങ്ങളുടെ അനുഭവക്കുറവ്. വിവാഹപരമായ ആലോചനകൾ.

രേവതി—വിപത്തുകളിൽ വിധേയനാവുക, അപവാദവും അപമാനവും വരുത്തിവെയ്ക്കുക, സ്ഥിരബുദ്ധിയുടെ കുറവ്, ചില നഷ്ടങ്ങൾ കുടുംബജനങ്ങളുമായി കലഹിക്കുക അഗ്നിപീഡയോ തത്തുല്യങ്ങളായമററ അത്യാഹിതങ്ങളോ ഉണ്ടാകുവാനിരുന്നാലും ഈശ്വരാനുഗ്രഹത്താൽ ഇവകൾ സംഭവിച്ചില്ലെന്നും വരാം, ഏതായാലും ദേഷങ്ങൾക്കു കുറവുസംഭവിക്കും.

—൦—


## ഇനാം! നിങ്ങളുടെ യോഗനില



പ്രേമം, ആരോഗ്യം, പരീക്ഷ, ജോലിക്കാര്യം, സംരക്ഷണം, ഗ്രഹങ്ങൾ, കുട്ടികൾ, കച്ചേരിക്കാര്യം, കലഹം, ബാധ ഉപദ്രവം എന്നീ വിഷയങ്ങളടങ്ങിയ നിങ്ങളുടെ 12-മാസത്തെ ജാതകഫലം വെറും സൌജന്യമായി പറയും. കൂടാതെ ദുഷ്യഫലങ്ങളെ അകററുന്ന ഭാഗ്യമോതിരവും കുറഞ്ഞ റേററിൽ അയയ്ക്കും. ഏതെങ്കിലും ഒരു പുഷ്പത്തിന്റെ പേരും എഴുതുന്ന സമയവും അറിയിക്കുക. (എഴുത്ത് ഇംഗ്ലീഷിൽ)

Prof: Anand Royal Astrologer, P. B. 61, (MRQ)

AMRITSAR.


## കാശി വിശ്വവിദ്യാലയം

—൦—

(ഒൻപതാംപേജിൽനിന്നു തുടർച്ച)

പത്രിചികിത്സ മുതലായ മററു കാര്യങ്ങളും ഇതിനുള്ളിൽത്തന്നെ നടന്നുപോരുന്നു.

ഏതാണ്ട എണ്ണായിരത്തോളം വിദ്യാർത്ഥികൾ ഇവിടെ അഭ്യസനം നടത്തിപ്പോരുന്നു. ഇതിന്റെ പരിധിക്കുള്ളിൽ കേൾക്കാം ലോകത്തിലെ നാനാഭാഷകളും സംസാരിക്കുന്നത്. അമേരിക്കയിൽനിന്നും ആഫ്രിക്കയിൽനിന്നും എന്നുവേണ്ട ലോകത്തിന്റെ നാനാഭാഗത്തുനിന്നും വിദ്യാർത്ഥിനീവിദ്യാർത്ഥികൾ ഇവിടെയെത്തി അഭ്യസനം നടത്തിപ്പോരുന്നു വെന്നറിയുമ്പോൾ നമുക്കൂഹിക്കാം, ഈ വിദ്യാലയത്തിന്റെ വിശ്വമാഹാത്മ്യം. "ഈ ഹിന്ദുസർവ്വകലാശാലയുടെ സ്ഥാപനമാണ് ഇന്നൂററാണ്ടിൽ ഇൻഡ്യക്കാർ ചെയ്തിട്ടുള്ള ഏററവും വലിയ വിജയം" കേണൽ വെഡ്ജ്വുഡ് രേഖപ്പെടുത്തിയിട്ടുള്ള അഭിപ്രായമാണിത്. (The Hindu University was the greatest thing Indians have done in this century) ഏതായാലും ഭാരതീയന് അഭിമാനിക്കാവുന്ന ഒരു മഹാസ്ഥാപനമാണിത്. ഈ വിശ്വവിദ്യാരാമത്തിന്റെ ജീവനും ചൈതന്യവും പണ്ഡിതമദനമോഹന മാളവ്യാജിയാണ്. ഡാക്ടർ സുന്ദർലാൽ, സർ. എസ്. രാധാകൃഷ്ണൻ, ഡാക്ടർ അമരനാഥജാ മുതലായ മഹൽവ്യക്തികളുടെ വിജ്ഞാനത്തിന്റെ ശീതളച്ഛായയിൽ അതു തഴച്ചുവളർന്നു; ഇന്നും വളർന്നുകൊണ്ടിരിക്കുന്നു.

—൦—


## കൃത്രിമഗർഭം
### (False Pregnancy)

ഗർഭത്തിന്റെ എല്ലാം ലക്ഷണവും ഉണ്ടല്ലോ: ഗർഭമാണെന്നു ചിലർ പറകയും എന്നാൽ 11-മാസം കഴിഞ്ഞാലും പ്രസവിക്കാതിരിക്കുമ്പോൾ അവർതന്നെ പറയും രോഗമാണെന്ന്. ഏതുതരം കൃത്രിമഗർഭമോ—തടയപ്പെട്ട ആർത്തവദൂഷ്യമോ ആകട്ടെ. ലക്ഷണാനുസരണമുള്ള ഒററഡോസ് ഹൈപൊട്ടൻസി കൊടുത്താൽ 28 ദിവസത്തിനുള്ളിൽ കൃത്രിമഗർഭം പുറത്തുമാറുന്നതു കാണാം:

ഡാ: എ: ആർ. വാസു
കച്ചേരിജംഗ്ഷൻ വ്യൂ, കൊല്ലം.





## ഓരോരുത്തരുടെ രുചി ഓരോവിധം ആണല്ലൊ

മഹാരാഷ്ട്രത്തിൽ ബോംബെ ഹൽവ, പേഡേ, ചിവ്ഡ, എന്നിവ ഹൃദ്യമായ പലഹാരങ്ങളാണ്. എന്നാൽ ഏതൊരു ടിപാർട്ടിയുടെയും യഥാർത്ഥമായ വിജയരഹസ്യം ചായതന്നെ:

നിങ്ങളുടെ അതിഥികൾക്കു ബ്രൂക്കബോണ്ട നല്കുക. അവർ നിങ്ങളെ പ്രശംസിക്കും, എന്തുകൊണ്ടെന്നാൽ യാതൊരു തേയിലയും ബ്രൂക്കബോണ്ട് തേയിലയോളം അത്രനന്നല്ല.




...എങ്കിലും എല്ലാവർക്കും

ബ്രൂക്ക് ബോണ്ട് തേയില ഇഷ്ടമാണ്

BB/50/2



ഷേക് അബ്ദുള്ള മദ്രാസിലെ രാജാജിഹാളിനു മുൻവശംവച്ചു ഫെബ്രുവരി 12-ാംനു കൂടിയ മഹായോഗത്തിൽ പ്രസംഗിക്കുന്നതു്. അനേകലക്ഷം ജനങ്ങൾ ഈ യോഗത്തിൽ സംബന്ധിച്ചിരുന്നു.

# നമ്മുടെ ധാതുക്കൾ

മാംഗലം ചക്രപാണി

"ബ്രിട്ടീഷ്ഭരണത്തിലിരുന്ന ഇന്ത്യ ആദ്യം രണ്ടായി കുറെപ്പേരായി. പിന്നീട് പാകിസ്ഥാനായും മുറിച്ചുമാററി. എന്നാലും കല്ക്കരി, പെട്രോളിയം, ഇരുമ്പ്, മാംഗനീസ്സ്, മഗ്നിസയിററ്, ക്രോമിയം, സ്വർണ്ണം, ബാക്സയിററ്, മൈക്കാ, ജിപ്സം, രത്നക്കല്ലുകൾ, മോണസയിററ്, കണ്ണാടിവകകൾ, തുടങ്ങിയ ധാതുക്കളുടെ വ്യാപാരത്തിൽ (ഹിന്ദുസ്ഥാൻ) ഇന്ത്യ അഖിലാംഗ്ലേയവിപണികളിൽ പ്രസിദ്ധി സമ്പാദിക്കുമെന്നു കൊളംബിയായൂണിവേഴ്സിററിയിലെ ജീയോളജി പ്രൊഫസ്സർ, ചാറത്സ് എച്ച് ബീഹർ, 'ഫോറിൻ അഫയേഴ്സ്' എന്ന ലേഖനത്തിൽ സകാരണം രേഖപ്പെടുത്തിയിരിക്കുന്നു.

കല്ക്കരി, ഇരുമ്പ്, എണ്ണ എന്ന മൂന്നു സാധനങ്ങളിലാണ് ആധുനികകാലത്തിന്റെ വ്യവസായികശക്തി ഇപ്പോൾ കേന്ദ്രീകരിച്ചിരിക്കുന്നതു്. വർത്തമാനകാലത്തെ വ്യവസായീകരണത്തിന്റെ പശ്ചാത്തലപ്രവർത്തനം ഏറിയക്രമം നടന്നുവരുന്നതു കല്ക്കരിയിലും ഇരുമ്പിലുമാണെന്നു സമ്മതിക്കുമല്ലോ. ഓക്സിജനും ഹൈഡ്രജനും മനുഷ്യശരീരവികസനത്തിനു എത്രമാത്രം ആവശ്യമാണോ അത്രമാത്രം ആവശ്യമാണ് വ്യവസായവികസനത്തിന് കല്ക്കരിയും, ഇരുമ്പും. എണ്ണയുടെ അത്യാവശ്യം നിഷേധിക്കാവുന്നതല്ലെങ്കിലും സമാധാനകാലത്തു അതിന്റെ ആവശ്യകത അത്രത്തോളമില്ല. കല്ക്കരി സുലഭമായുള്ള ഒരു നാടിനു യുദ്ധമില്ലാത്ത കാലത്തു എണ്ണയുടെ ആവശ്യത്തിൽനിന്നു വളരെയെല്ലാം ഒഴിഞ്ഞുനില്ക്കാം. പോരെങ്കിൽ എണ്ണ ഒട്ടുമില്ലെങ്കിലും, കല്ക്കരി ദ്രവമാക്കി എണ്ണയ്ക്കുപകരമുപയോഗിക്കാമെന്നു ജർമ്മനി കാണിച്ചുതന്നിട്ടുമുണ്ടല്ലോ. ഇരുമ്പുല്പാദനത്തിന് എണ്ണയില്ലെങ്കിലും തരക്കേടില്ല. കല്ക്കരിമതി. അതു് അത്യാവശ്യമാണുതാനും. ഇന്നത്തെ ഇന്ത്യയ്ക്കു് എണ്ണ അധികമില്ലെങ്കിലും കല്ക്കരി വളരെയധികമുണ്ട്. മററുപല ധാതുക്കളുമുണ്ട് സമൃദ്ധിയായ്. അമുസ്ലിം ഇന്ത്യയുടെ (പാകിസ്ഥാൻ കഴിച്ചുള്ളസ്ഥലം) പല ഭാഗങ്ങളിലും വ്യാപൃതമായ്ക്കിടക്കുകയാണവ. അവ ഏതാണ്ട ഇന്ത്യാക്കാരന്റേയും അവഗാഢമായ ചിന്തയ്ക്കു് അർഹവുമാണ്.

സർദാർ-ടൺ ഉപ്പ് പടിഞ്ഞാറെപ്പഞ്ചാബിലും, ഫോർ-നവർ-ടൺ ബോക്സയിററ് അമുസ്ലിംപ്രദേശങ്ങളിലും മാത്രമാണ് ഉണ്ടാകുന്നതെന്നുള്ള വ്യത്യസ്തത പ്രസ്താവിച്ചുകൊണ്ടാണ് ഈ പരിചിന്തനം തുടരുന്നതു്. കല്ക്കരി ബഹുഭാഗവുമുണ്ടാകുന്നതു പാകിസ്ഥാനൊഴിച്ചുള്ള ദേശങ്ങളിലാണ്. ഒരു വമ്പിച്ച അളവാണ് ഹിന്ദുസ്ഥാനിലെ കല്ക്കരിവിളവു്. പാകിസ്ഥാനിൽ പഞ്ചാബിലും ബെലൂചിസ്ഥാനിലുമേ കല്ക്കരി വിളയുന്നുള്ളു. അതു് വളരെ ദുർല്ലഭവുമാണ്. എണ്ണഖനി ദുർല്ലഭമല്ലതാനും. ആസ്സാമിലെ എണ്ണഖനി മുസ്ലീംപ്രദേശങ്ങളിൽനിന്നു വളരെ അകന്നുമാണ്. ൧൯൩൯-ൽ ഖനിവസ്തുക്കളിൽനിന്നു അവ അഖണ്ഡഇന്ത്യയ്ക്കു് ലഭിച്ചിരുന്ന വരുമാനം ൧൭൩൫൦൦൦൦-രൂപയായിരുന്നുവെന്നാണ് അന്നത്തെ ഇവിടത്തെ ജിയോളജിക്കൽ സർവ്വേസൂപ്രണ്ടായിരുന്ന ഡാ: ജെ. സി. ബ്രൌൺ (J. C. Brown) രേഖപ്പെടുത്തിയിരുന്നതു്. അതിൽ വടക്കുപടിഞ്ഞാറൻമേഖലകളിൽനിന്ന് കിട്ടിയിരുന്നതു് വെറും ൩൭൫൦൦൦ രൂപമാത്രമായിരുന്നു. അതായതു് ൨.൫-ശതമാനംമാത്രം. ഈ കൂട്ടത്തിൽ ഇന്ത്യയിലെ നാട്ടുരാജ്യങ്ങളുടെ കണക്കുകൂടി ചേർക്കുന്നതായാൽ മുസ്ലീംമേഖല (പാകിസ്ഥാൻ)യിലെ വരുമാനശതമാനം പിന്നെയും കുറയും. ധാതുക്കൾ വളരെ കുറഞ്ഞതോതിലേ അവിടെ ഉണ്ടാകുന്നുള്ളു. ക്രോമിയം, ചെമ്പ്, ഇരുമ്പ്, മാംഗനീസ്, മഗ്നീസയിററ്, മൈക്കാ ഇവയൊന്നും പാകിസ്ഥാനിൽ വിളയുന്നില്ല—ഇരുരാജ്യങ്ങളിലേയും ധാതുവിഭവങ്ങളുടെ ഉല്പാദനതോതിനെ കാണിക്കുന്ന പട്ടികയാണ് താഴെ ചേർക്കുന്നതു്.

## പാകിസ്ഥാൻ (Muzlim Zone)

പഞ്ചാബ്

കല്ക്കരി—184028 ടൺ. വില, 1020356-രൂപാ.

പെട്രോളിയം—21113420 ഗ്യാലൻ. വില, 5278355-രൂപ.

ബെലൂചിസ്ഥാൻ

കല്ക്കരി—14388-ടൺ. വില. 91812 രൂപ.

ക്രോമയിററ്—21892 ടൺ. വില, 326014-രൂപ.

## ഹിന്ദുസ്ഥാൻ (Indian Republic)

കല്ക്കരി—25079802 ടൺ. വില, 93518050 രൂപ.

പെട്രോൾ 65968951 ഗ്യാലൻ. വില, 11264784 രൂപ.

ക്രോമയിററ്—5194 ടൺ. വില 99928 രൂപ.

ചെമ്പ്—288074 ടൺ. വില, 3240640 രൂപ.

ഇരുമ്പ്—1421701 ടൺ. വില, 2691829 രൂപ.

മാംഗനീസ്—766341 ടൺ. വില, 32093703 രൂപ.

മഗ്നിസയിററ്—23052 ടൺ. വില, 134876 രൂപ.

മൈക്കാ—108834 ടൺ. വില, 4089488 രൂപ.

ഇതിൽനിന്നു് ഇരുരാജ്യങ്ങളിലെയും ധാതുവിഭവങ്ങളുടെ വരുമാനവ്യത്യാസവും ഉല്പാദനസാമർത്ഥ്യവും വ്യക്തമാകുമല്ലോ. വിഭജനത്തിനുമുമ്പുതന്നെ ഇവിടത്തെ വിഭവസമൃദ്ധിയെക്കുറിച്ച് ഡാ: ജോൺമത്തായിയും സർഹോമി മോഡിയുംകൂടെ സമർപ്പിച്ച "എക്കണോമിക് ആൻഡ് ഫിനാൻഷ്യൽ ആസ്പക്ററ് ഓഫ് പാകിസ്ഥാൻ" എന്ന മെമ്മോറാണ്ടത്തിലെ രണ്ടുവാചകംകൂടെ ഈ അവസരത്തിൽ ചേർത്തുകൊള്ളട്ടെ. "ഏകീകൃതമായ വിഭവസമൃദ്ധിയിലും, ശക്തിയിലും അമേരിക്കൻ ഐക്യനാടുകളേയും, സോവ്യററുറഷ്യയേയും കഴിഞ്ഞാൽ പിന്നത്തെ സ്ഥാനം ഇന്ത്യയ്ക്കാണ്—വിഭജിച്ചുപോയാൽ രണ്ടും ക്ഷീണിച്ചുപോകും—എന്നാലും ഇന്ത്യയ്ക്കു് തനിയേ നില്ക്കാം—ദോഷഫലം മുഴുവനും പാകിസ്ഥാൻ താങ്ങിയേ കഴിയൂ." അവിടത്തെ "ധാതുവർഗ്ഗങ്ങളുടെ ദുർഭിക്ഷതയാണ് അതിനുകാരണം."

—ം—

ബാലപംക്തി

# ഗോഖലെ

മുതുകുളം കെ. എം. ധരൻ, (വിദ്യാർത്ഥി)

ഭാരതീയരായ നാം ഇന്ന് ഒരു സ്വതന്ത്രജനതയാണ്. ഏകദേശം ഒന്നരനൂററാണ്ടു കാലത്തോളം നാം ബ്രിട്ടീഷുകാരുടെകീഴിലായിരുന്നു. ഭാരതത്തെ ബ്രിട്ടീഷു മേധാവിത്വത്തിൽ നിന്നും മോചിപ്പിച്ചു് സ്വാതന്ത്ര്യം ആക്കിത്തീർക്കാൻ ജീവിതം അർപ്പിച്ച മഹാന്മാരുടെ ചരിത്രങ്ങൾ നാം അറിഞ്ഞിരിക്കേണ്ടതാണ്. ഇൻഡ്യൻ സ്വാതന്ത്ര്യസമരചരിത്രത്തിലെ നേതാക്കന്മാരുടെ കൂട്ടത്തിൽ ഏററവും പ്രാധാന്യമർഹിക്കുന്ന ഒരാളാണ് "ശ്രീ: ഗോപാലകൃഷ്ണഗോഖലെ."

൧൮൬൬-ൽ മേയ് മാസം ൯-ാം തീയതി ചരിത്രപുരുഷൻ ഭൂജാതനായി. "കട്ടകൻ" എന്ന ഒരു ഗ്രാമത്തിലുള്ള ഒരു സാധു ബ്രാഹ്മണകുടുംബത്തിലാണ് ഗോഖലെ ജനിച്ചതു്. ദാരിദ്ര്യത്തിന്റേയും കഷ്ടപ്പാടിന്റേയും നടുവിലാണ് അദ്ദേഹം ജീവിതം ആരംഭിച്ചതു്. ഒരു സാധാരണ ഗ്രാമീണ ബാലന്റെ ജീവിതമാണ്, അദ്ദേഹത്തിനു നയിക്കേണ്ടിവന്നതും. നാട്ടുമ്പുറങ്ങളിലെ കുട്ടികൾ ഇഷ്ടപ്പെടുന്ന കളികളിൽ അദ്ദേഹം വ്യാപൃതനായിരുന്നു. പട്ടിണിയും പകപ്പാടും, ദാല്യവശവും കണ്ടുകൊണ്ടാണ് ഗോഖലേ പിൽകാലങ്ങളിൽ ഇൻഡ്യയിലെ ദരിദ്രലക്ഷങ്ങളുടെ നേരെ തന്റെ ശ്രദ്ധയെ തിരിച്ചുവിട്ടതു്.

ഗോഖലെയ്ക്കു് പത്തു വയസ്സു പ്രായമായപ്പോൾ തന്റെ ജ്യേഷ്ഠസഹോദരനായ ഗോവിന്ദനുമൊത്തു് കലഹപ്പൂരിലുള്ള സ്കൂളിൽ ചേർന്നു് പഠനമാരംഭിച്ചു. മൂന്നുകൊല്ലം കഴിഞ്ഞു് അവരുടെ പിതാവു് അന്തരിച്ചുപോയി. ഈ അത്യാഹിതം ആ സാധുകുടുംബത്തെ വല്ലാതെ ഉലച്ചു. ഗോഖലയുടെ ജ്യേഷ്ഠന് അപ്പോൾ ൧൮ വയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളു. ആ ചെറുപ്രായത്തിൽതന്നെ ഗോവിന്ദനു വിദ്യാഭ്യാസം ഉപേക്ഷിക്കേണ്ടിവന്നു. തന്റെ അമ്മാവന്റെ സഹായത്തോടുകൂടി ൧൫ രൂപാ ശമ്പളത്തിൽ ഗോവിന്ദന് ഒരു ജോലികിട്ടി. അതുകൊണ്ടാണ് ഗോപാലകൃഷ്ണഗോഖലെയ്ക്കു് വിദ്യാഭ്യാസം തുടരാൻ സാധിച്ചതു്.

൧൫ രൂപാ ഒരു കുടുംബത്തിന്റെ ചിലവിലേക്കും ഒരാളിന്റെ വിദ്യാഭ്യാസത്തിനും കൂടി മതിയാകുമായിരുന്നില്ല. എങ്കിലും പഠിക്കുന്നതിനുള്ള ആഗ്രഹം നിമിത്തം വളരെ പിശുക്കി ചിലവു കഴിഞ്ഞുപോന്നു. ചിലദിവസം ആ ചെറുവിദ്യാർത്ഥി ആഹാരം കഴിക്കാതെതന്നെ ഇരുന്നിട്ടുണ്ട്. പലപ്പോഴും വഴിവിളക്കുകളുടെ കീഴിൽ ഇരുന്നാണ് അദ്ദേഹം പുസ്തകപാരായണം നടത്തിയിരുന്നതു്.

൧൫ വയസ്സിൽ മട്രിക്കുലേഷൻ പരീക്ഷ പാസായതോടുകൂടി കൊലഹപ്പൂരിലുള്ള രാജാറാംകാളേജിൽ ഗോപാലകൃഷ്ണഗോഖലേ ചേർന്നു. അവിടെ നിന്നും പൂനായിലെ ഡക്കാൺ കാളേജിലും പിന്നീട് ബോംബെയിലെ എൽഫിൻസ്റ്റൺ കാളേജിലും അദ്ദേഹം വിദ്യാഭ്യാസം നടത്തുകയുണ്ടായി. ഈ സമയത്തെല്ലാം അദ്ദേഹത്തിന് കിട്ടിയിരുന്ന സ്കോളർഷിപ്പ് അദ്ദേഹത്തെ സഹായിച്ചിരുന്നു.

പഠിക്കുന്നകാലത്തു് സാമ്പത്തികശാസ്ത്രത്തിലും ചരിത്രത്തിലും അദ്ദേഹം അതിരററ താല്പര്യം കാണിച്ചിരുന്നു. മററു രാജ്യങ്ങളിലെയും ഇൻഡ്യയിലെയും സാമ്പത്തികസ്ഥിതിയെ തുലനം ചെയ്തു ഇൻഡ്യയുടെ നില ഉയർത്തേണ്ടതു എങ്ങനെയെന്നു് അദ്ദേഹം പലപ്പോഴും തലപുകഞ്ഞു ചിന്തിച്ചിട്ടുണ്ട്. സാമ്പത്തികശാസ്ത്രത്തിൽ മാത്രമല്ല, സാഹിത്യത്തിലും അദ്ദേഹത്തിനു അതിരററ താല്പര്യമുണ്ടായിരുന്നു. ഇംഗ്ലീഷു് സാഹിത്യത്തിൽ അദ്ദേഹത്തിനു പഠിക്കുന്നകാലത്തുപോലും അപാരമായപാണ്ഡിത്യമുണ്ടായിരുന്നു. വലിയ ഇംഗ്ലീഷ് പ്രസംഗങ്ങളും പദ്യശകലങ്ങളും മനഃപാഠം ആക്കുന്നതിൽ അദ്ദേഹം പ്രദർശിപ്പിച്ച സാമർത്ഥ്യം അദ്ധ്യാപകന്മാരുടെ നിസ്സീമമായ പ്രശംസയ്ക്കു പലപ്പോഴും പാത്രമായിട്ടുണ്ട്.

൧൮-ാംവയസ്സിൽ തന്നെ അദ്ദേഹം ബി. ഏ. ജയിച്ചു. അദ്ദേഹത്തിന്റെ അസാമാന്യമായ ഓർമ്മശക്തി അപാരമായപാണ്ഡിത്യം പ്രശംസനീയമായ ധിഷണാവൈഭവംമുതലായവകൊണ്ടു ഏതു ജീവിതപന്ഥാവിലും അദ്ദേഹത്തിനു നിഷ്പ്രയാസം വിജയം കൈവരിക്കാമായിരുന്നു. എന്നാൽ ധനസമ്പാദനം എന്നുള്ളതായിരുന്നില്ല അദ്ദേഹത്തിനു ജീവിതോദ്ദേശം. ഒരു തുച്ഛമായ ശമ്പളം പററിക്കൊണ്ടു് ൨൦ കൊല്ലം അദ്ധ്യാപകനായി ഇരുന്നുകൊള്ളാമെന്നു് അദ്ദേഹം ഡക്കാൺ വിദ്യാഭ്യാസസംഘത്തോടു് വാഗ്ദാനം ചെയ്തു. അങ്ങനെ തന്റെ ജീവിതം ആ ചെറുപ്രായത്തിൽതന്നെ സേവനത്തിനു വേണ്ടി ഉഴിഞ്ഞുവച്ചു. ഇതു് ഒരു ചില്ലറകാര്യമല്ല. അകളങ്കമായ സേവനതല്പരതയും സ്വാർത്ഥതീണ്ടാത്ത ആദർശധൈര്യവുമാണ് ഇതു് ദ്യോതിപ്പിച്ചതു്.

൨൦-സംവത്സരക്കാലം ഒരു യഥാർത്ഥ അദ്ധ്യാപകനായിട്ടാണ് അദ്ദേഹം കഴിച്ചതു്. അദ്ദേഹത്തിന്റെ ക്ലാസ്സുകൾ ഒരിക്കലും വിരസങ്ങൾ ആയിരുന്നില്ല. അദ്ദേഹത്തിന്റെ വിദ്യാർത്ഥികൾ അദ്ദേഹത്തെ ഒരു ശരിയായ ഗുരുനാഥൻ എന്നവണ്ണം ആരാധിച്ചുവന്നു. ഈ കാലത്തെല്ലാം ഗോപാലകൃഷ്ണഗോഖലെ പഠിപ്പിക്ക



മദ്രാസിൽവച്ചു നടന്ന അഞ്ചാമത്തെ ക്രിക്കറ്റ് മത്സരം: ഇന്ത്യൻടീം ഫീൽഡിങ്ങിനിറങ്ങി പോകുന്നതു്. മത്സരത്തിൽ ഇന്ത്യ നേടിയ കാര്യം പ്രസ്താവ്യമാണു്.



ഇന്ത്യയോടു മത്സരിച്ച കാമൺവെൽത്തു ടീം ബാററിംഗിനിറങ്ങുന്നു.



അഖിലേന്ത്യാ ഒളിമ്പിക്ക്സ്; ബാംബെയിലെ ബ്രാബ്യൺസ്റ്റേഡിയത്തിൽവച്ചു് ഗവർണ്ണർ രാജാമഹാരാജസിംഗ് ഉൽഘാടനംചെയ്ത പതിനാലാമത്തു ഇന്ത്യൻ ഒളിമ്പിക്ക്മത്സരം. 700-ൽപരം കായികാഭ്യാസികൾ മാർച്ചുപാസ്റ്റ് നടത്തുകയുണ്ടായി. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്നു ഇതിൽ പങ്കെടുത്ത വനിതാകായികാഭ്യാസികൾ മാർച്ചുപാസ്റ്റ് നടത്തുന്നതാണു് ചിത്രം.

കമാത്രമല്ലാ സ്വയം പഠിക്കുകയും ചെയ്യുകയായിരുന്നു. ഇൻഡ്യയിലെ വിദ്യാഭ്യാസപ്രവൃത്തനങ്ങളെക്കുറിച്ചും പത്രപ്രവർത്തനത്തെക്കുറിച്ചും രാഷ്ട്രീയകാര്യങ്ങളെക്കുറിച്ചും അദ്ദേഹം പഠിക്കുകയും ചിന്തിക്കുകയും ചെയ്തുവന്നു.

൨൦. കൊല്ലത്തെ അദ്ധ്യാപകവൃത്തിക്കുശേഷം അദ്ദേഹം പൊതുക്കാര്യമണ്ഡലത്തിൽ പ്രവേശിച്ചു. ആരുടെയും മുഖംനോക്കാതെ കാര്യം പറയുവാൻ അദ്ദേഹം സന്നദ്ധനായിരുന്നു. തന്റെ പ്രസംഗങ്ങൾമൂലം വൻപിച്ച ജനക്കൂട്ടങ്ങളെ അദ്ദേഹത്തിന്റെ അഭിപ്രായഗതിയിലേയ്ക്കു കൊണ്ടുവരുവാൻ അദ്ദേഹത്തിനുള്ള കഴിവു് അപാരമായിരുന്നു. ദരിദ്ര്യജനോദ്ധാരണം, നിർബ്ബന്ധിതവിദ്യാഭ്യാസം, സ്വയംഭരണം, ഈ ആദർശങ്ങൾക്കുവേണ്ടി ഗോപാലകൃഷ്ണഗോഖലേ പ്രസംഗിക്കുകയും പ്രവൃത്തിക്കുകയുംചെയ്തു. തെക്കേ ആഫ്റിക്കായിലെ ഇൻഡ്യാക്കാരുടെ അവകാശങ്ങൾക്കുവേണ്ടി അദ്ദേഹം പോരാടി. ഭാരതഭൃത്യജനസംഘത്തിന്റെ ജനയിതാവു് ഗോപാലകൃഷ്ണഗോഖലേയാണു്. ഇന്നു് ഏറിയക്രമം അദ്ദേഹത്തെ അറിയുന്നതു് ഈ നിലയിലാണു്. സേവനം മുദ്രാവാക്യമായി സ്വീകരിച്ചിരുന്ന ഈ സംഘടന ഗോഖലയുടെ സ്വാർത്ഥരഹിതമായ സേവനതല്പരതയുടെ മകുടോദാഹരണമാണു്.

ഗോപാലകൃഷ്ണഗോഖലേ മരിച്ചുപോയെങ്കിലും അദ്ദേഹത്തിന്റെ സേവനങ്ങളിലൂടെ അദ്ദേഹം എന്നുംഎന്നും ജീവിക്കും. ഇൻഡ്യയ്ക്കുവേണ്ടിയാണു് അദ്ദേഹം തന്റെ ജീവിതം നയിച്ചതു്. ആധുനികഭാരതത്തിന്റെ നിർമ്മാതാക്കളിൽ പ്രധാനിയാണു് ഗോപാലകൃഷ്ണഗോഖലേ. ഒരുകാലത്തും അദ്ദേഹം മറക്കപ്പെടുകയില്ല.

—๐—

## പ്രതിജ്ഞ

—๐—

(കേക)

എം. കമലമ്മ, വിദ്യാർത്ഥിനി
ബി. എച്ച്. ഇംഗ്ലീഷ്ഹൈസ്കൂൾ

ഇല്ല, നാം നിഗൂഢമായ് ലാളിച്ചുവളർത്തിയ-
മല്ലികാലതികയ്ക്കുവാട്ടമിന്നതേപോലും.
കാലവാതമെൻ ഏതിലുജ്ജ്വലൽപ്രഭചിന്നി-
ലാലസിക്കുമേപ്രമദിപത്തോടേല്ക്കുകില്ല
അപവാദമാം വഹ്നിയാളിപ്പടർന്നിടിലും
ചപലത്വമോ, ചഞ്ചലത്വമോ കാട്ടില്ലഞാൻ.
ആത്മബന്ധമേചരദ്യ, മാറെല്ലാമെതിർക്കിലും
ആത്മനായകനന്യനല്ലെനിക്കറിഞ്ഞാലും.
രാജിതരാകാരമൃദുരോഹിണീരമണനും
കൂജിതകളകണ്ഠകീരസഞ്ചയങ്ങളും
മേദുരാഭ്രവും മന്നിൻമോഹനവൈവിധ്യവും
മോദമേറുവാനേകതങ്ങളുങ്ങില്ലെന്നാകിൽ.
'ജീവിതം മകരന്ദബിന്ദുവീടന്നൊരു-
പൂവല്ലെ'ന്നവിടുന്നു പറയാറുണ്ടെങ്കിലും,
കണ്ടകപ്രകീർണ്ണമാം കാനനാന്ധ്യാവെന്നാലും
രണ്ടില്ലപക്ഷം, ദാസി പിൻതുടർന്നിടും നിത്യം.

—๐—

# മാംസഭുക്കുകളായ സസ്യങ്ങൾ

ആർ. മാധവൻനായർ,
ബി. എസ്സ്സി. നെയ്‌വേലി

ചെടികൾ പ്രായേണ മണ്ണിൽ അടിഞ്ഞിട്ടുള്ള ധാതുലവണങ്ങളെയാണല്ലോ ഭക്ഷിക്കുന്നതു. എന്നാൽ ജീവനുള്ള വസ്തുക്കളെ പിടിച്ചു് ഭക്ഷിക്കുന്ന അനേകം ചെടികളും ഭൂമിയിൽ വളരുന്നു. ഇവയിൽ മിക്കതും വളരെ ഭംഗിയുള്ളവയും വാസനയുള്ളവയുമാണു്. ചെടികളുടെ ആഹാരത്തിൽ ഏററവും പ്രധാനമായ സാധനം പാക്യജനകം (Nitrogen) ആണു്. അന്തരീക്ഷവായുവിന്റെ ൮൦-ശതമാനത്തോളം പാക്യജനകമാണെങ്കിലും അപൂർവ്വം ചില ചെടികൾ (Bacteria) ഒഴികെ മററുള്ള വസ്തുക്കു് ഈ സ്വതന്ത്രമായ വാതകത്തെ ഭക്ഷിയ്ക്കുവാനുള്ള ശക്തിയില്ല. അവയ്ക്കു പാക്യജനകം ലഭിക്കുന്നതു് ഭൂമിയിലുള്ള (Nitrates) വഴിയായിട്ടാണു്. ജന്തുക്കളുടെ ശരീരത്തിലും ധാരാളം പാക്യജനകം അടങ്ങിയിട്ടുണ്ടു്. ചെറുപ്രാണികളെ പിടിച്ചു അവയിലുള്ള പാക്യജനകത്തെ ആഗിരണംചെയ്യുന്ന ചെടികളെയാണു് മാംസഭുക്കുകൾ എന്ന പദംകൊണ്ടു വ്യവക്ഷിച്ചിരിക്കുന്നതു്.

ആമസോൺതീരങ്ങളിൽ വളരുന്ന ഒരുതരം ചെടിയാണു് The Picher Plant. ഇതിനു് പച്ചനിറമുണ്ടു്. അതിനാൽ ഭൂമിയിൽനിന്നും എടുക്കുന്ന അസംസ്കൃതപദാർത്ഥങ്ങളെ സംസ്കരിക്കാനുള്ള ശക്തിയുണ്ടു്. എങ്കിലും ജീവികളെ പിടിച്ചു് ഭക്ഷിക്കാനുള്ള ആസക്തി ഇതിനു് വളരെ കൂടുതലാണു്. വെറും സസ്യങ്ങൾകൊണ്ടു് ജീവിക്കാൻ സാധിക്കുന്ന വിവേകബുദ്ധിയുണ്ടെന്നു് അഭിമാനിക്കുന്ന മനുഷ്യൻപോലും സഹജീവികളുടെ നിർദ്ദയംകൊന്നുതിന്നുന്നു; അവനേക്കാൾ എത്രകൊണ്ടും വളരെ താണപടിയിൽ സ്ഥിതിചെയ്യുന്ന ചെടികൾ ചെറുപ്രാണികളെ പിടിച്ചുതിന്നുന്നതിൽ എന്താണത്ഭുതം! പ്രസ്തുത ചെടിയുടെ ഇലകൾ മാവിലപോലെ വീതികുറഞ്ഞു് നീളം കൂടിയതാണു്. ഇലയുടെ അറ്റത്തുനിന്നു് ഇലപ്പരപ്പുകഴിഞ്ഞു് വളരെ നീളത്തിൽ ഒരു നേർത്ത കമ്പിപോലെ വളരുന്നു. ഇതിന്റെ അഗ്രത്തിൽ ഏകദേശം കുടാകൃതിയിലുള്ള ഒരു പാത്രം ഉണ്ടായിരിക്കും. ഇതു് സ്വർണ്ണവർണ്ണത്തിലുള്ളതും ഒരു ചെറിയ അടപ്പോടുകൂടിയതുമാണു്. കുടത്തിന്റെ ഭംഗിയും ഗന്ധവും ശലഭം മുതലായ ചെറുപ്രാണികളെ ആകർഷിക്കുന്നു. അതൊരു പുഷ്പമാണെന്ന ധാരണയാൽ പ്രാണികൾ കുടത്തിന്റെ വക്കിൽ വന്നിരിക്കുന്നു. അവിടം അകത്തോട്ടു വളഞ്ഞിരിക്കുന്ന മുള്ളുരോമങ്ങളാൽ ആവൃതമായിരിക്കും. കുടത്തിനകത്തു വെള്ളത്തിലങ്ങനെ മധു സ്ഥിതിചെയ്യുന്നു. പ്രാണി സാവധാനത്തിൽ തല അകത്തോട്ടു നീട്ടുന്നു. പെട്ടെന്നു രോമങ്ങളിൽനിന്നും കാൽവഴുതി അതു പാത്രത്തിനുള്ളിൽ വീഴുന്നു. പ്രാണിയുടെ ഇനിയത്തെ കഥ പറയാതിരിക്കുന്നതാണു നന്നു്. സുഭിക്ഷമായ പ്രാതലിനുതകുന്ന മധുവാണെന്നു വ്യാമോഹിപ്പിച്ചതു hydrochloric acid ആണെന്നു അറിയുന്നതു അപ്പോഴാണു്. കുടത്തിന്റെ വശങ്ങളിലുള്ള ശക്തിയായ രോമങ്ങളിൽപെട്ടു തലയിലുണ്ടാകുന്ന ക്ഷതങ്ങൾവഴി acid അകത്തു കയറുന്നു. ഇങ്ങനെ പ്രാണി അല്പാല്പമായി മൃതിയടയുന്നു.

കടൽതീരത്തു വളരുന്ന ഒരു ചെടിയാണു് Sun Dew. ഇതിനു ഒരു ചെറിയതണ്ടും അതിൽനിന്നും നാലുവശത്തേക്കും പുറപ്പെടുന്ന ഗദയുടെ ആകൃതിയിലുള്ള രോമസമാനമായ ഇലകളും ഉണ്ടു്. മനോഹരവർണ്ണമുള്ള ഈ ചെടി പ്രഭാതസൂര്യന്റെ ചെങ്കതിരുകൾ തട്ടി "പല വർണ്ണങ്ങളിലുള്ള പട്ടുനൂലാൽ" തുന്നിപ്പിടിപ്പിച്ച ഒരു കോമളകുസുമംപോലെ ശോഭിക്കുന്നു. ചെറുപ്രാണി പ്രഭാതഭക്ഷണം ലഭിച്ചു എന്ന സന്തോഷത്തോടെ അതിൽ ചെന്നിരിക്കുന്നു. ഇലകളിലുള്ള ഒരുതരം പശകൊണ്ടു പ്രാണിയുടെ കാലുകൾ ബന്ധിക്കപ്പെടുന്നു. പലവശത്തേക്കും പരന്നിരുന്ന ഇലകൾ സാവധാനത്തിൽ അകത്തോട്ടു വളഞ്ഞു പ്രാണിയെ പതിയുന്നു. പ്രാണിയുടെ ശരീരത്തിലുള്ള ആഹാരാംശത്തെ ആഗിരണം ചെയ്തശേഷം മാത്രമേ ഇവ നിവരുന്നുള്ളു.

Utricularia എന്ന ചെടി വെള്ളത്തിൽ വളരുന്നു. അതിന്റെ തണ്ടിൽ അടപ്പോടുകൂടിയ അനേകം സഞ്ചികൾ (Bladders) ഉണ്ടു്. ഇവയുടെ അടപ്പുകൾ എപ്പോഴും ചലിച്ചുകൊണ്ടിരിക്കും. അതിനാൽ സഞ്ചിക്കകത്തു വെള്ളം കടക്കുന്നു. ഈ വെള്ളത്തിലുള്ള ചെറുപ്രാണികൾ ചെടിക്കു ആഹാരമായിത്തീരുന്നു.

ഇങ്ങനെ പ്രകൃതിയെ ശരിയായി പരിശോധിച്ചാൽ അനേകം അത്ഭുതരഹസ്യങ്ങൾ കാണാൻ സാധിക്കും. ഇവയെല്ലാം മനുഷ്യനു ഒരു അമൂല്യസന്ദേശം നൽകുന്നുണ്ടു്. വെറും ബാഹ്യമായ സൗന്ദര്യത്തിൽ ഭ്രമിക്കുന്ന മനുഷ്യൻ പലപ്പോഴും അത്യാഹിതങ്ങളിൽ സ്വയം ചെന്നു ചാടുകയായിരിക്കും. 'മിന്നുന്നതെല്ലാം പൊന്നല്ല:' (All that glitters is not gold)

# പ്രൊഫസ്സർ ആൽബർട്ട് ഐൻസ്റ്റീൻ

ആധുനികലോകത്തിലെ ഏററവും വലിയ ശാസ്ത്രജ്ഞനാണ് പ്രൊഫസ്സർ ആൽബർട്ട് ഐൻസ്റ്റീൻ. എന്നാൽ ഈ നിലയ്ക്കുമാത്രമല്ല ആധുനികലോകം അദ്ദേഹത്തെ വീക്ഷിക്കുന്നതും വീക്ഷിക്കേണ്ടതും. സാമ്രാജ്യവാദം ഉന്മാദാവസ്ഥയോടടുക്കുന്ന ഈ കാലഘട്ടത്തിൽ ഒരു തികഞ്ഞ മനുഷ്യസ്നേഹി, അന്തർദ്ദേശീയവാദി, ഉത്തമനായ ഒരു ലോകപൌരൻ എന്നീ നിലകളിലാണ് നാം അദ്ദേഹത്തെ കരുതേണ്ടതു്. ഈ അണുയുഗത്തിൽ മനുഷ്യരാശി ലോകത്തിൽ അവശേഷിക്കണമെങ്കിൽ സമാധാനമുള്ളവർ അതിനെ കൈവശമാക്കണം. അതിലേയ്ക്കു ഭീമമായ ശക്തികളെ അടക്കിഭരിക്കുവാൻ നീതിമാന്മാരായ പ്രഗത്ഭന്മാർ ആവശ്യമുണ്ട്. ഇത്തരത്തിൽ കഴിവുള്ള അപൂർവ്വം ചിലരിൽ പ്രഥമഗണനീയനാണ് പ്രസ്തുത ശാസ്ത്രജ്ഞൻ.

പാരമ്പര്യവും സാഹചര്യങ്ങളും ഒരു വ്യക്തിയുടെ ജീവിതത്തെ നിയന്ത്രിക്കുന്നു. ഐൻസ്റ്റീനും ഇവയുടെ കയ്യിലുള്ള ഒരു കളിപ്പാവയാണ്. ഊർജ്ജസ്വലമായ ഒരു മസ്തിഷ്കം അദ്ദേഹത്തിന്റെ മാതാപിതാക്കളിൽനിന്നും ജീവിതഗതിയിലെ വ്യതിയാനങ്ങളും തന്മൂലമുണ്ടായ നേട്ടങ്ങളും സാഹചര്യങ്ങളിൽനിന്നും അദ്ദേഹം കരസ്ഥമാക്കി. ൧൮൭൯-ാമാണ്ടു മാർച്ചുമാസം ൧൪-ാംനു ഇദ്ദേഹം ജർമ്മനിയിലെ വട്ടൻബർഗ്ഗ് എന്ന നഗരത്തിൽ ജനിച്ചു. മാതാപിതാക്കൾ യഹൂദരായിരുന്നു. ഒരു വ്യവസായിയായിരുന്ന പിതാവിൽനിന്നു പരിശ്രമശീലവും പിതൃസഹോദരനിൽനിന്നു ശാസ്ത്രപ്രതിപത്തിയും മാതാവിൽനിന്നു കലാപരമായ വാസനയും ബാലനായ ആൽബർട്ട് സമ്പാദിച്ചു. ബാഹ്യലോകത്തിലെ ദൈനംദിനവ്യാപാരങ്ങളിൽനിന്നു കഴിയുന്നത്ര ഒഴിഞ്ഞുനില്ക്കുകയെന്ന നമ്മുടെ ശാസ്ത്രജ്ഞന്റെ സ്വഭാവം അന്നു ദിവാസ്വപ്നം കണ്ടു കഴിഞ്ഞിരുന്ന ആ ബാലനിലും ദൃശ്യമായിരുന്നു. അതിലോലമായ ആ ഹൃദയത്തിൽ കാണുന്ന വസ്തുക്കളുടെ സ്ഥൂലവും സൂക്ഷ്മവുമായ രൂപങ്ങൾ ഒരു ഛായാഗ്രഹണപേടകത്തിൽ ചിത്രമെന്നപോലെ അതിദ്രുതം പതിഞ്ഞിരുന്നു. കവാത്തുചെയ്യുന്ന കുറെ ഭടന്മാരെ കണ്ട ആ ബാലൻ കരഞ്ഞുപറകയാണ്: "ഇവരെല്ലാം യന്ത്രങ്ങളാക്കപ്പെട്ട മനുഷ്യരാണ്. ഞാൻ വളരുമ്പോൾ ഈ പാവപ്പെട്ടവരിൽ ഒരുവനാകാൻ ആശിക്കുന്നില്ല." വേറൊരു ബാലൻ ആ മനുഷ്യയന്ത്രങ്ങളുടെ പുറമോടിയും ആയോധനപാടവവും കണ്ടു രസിച്ചിരിക്കാം. ഐൻസ്റ്റീൻ അതിൽ ദർശിച്ചതു പുറമേ നന്മയുള്ള ഒരു അധികാരചൈതന്യമായിരുന്നു. പരപ്രേരണയെ ആയുഷ്കാലമത്രയും ഐൻസ്റ്റീൻ തീവ്രമായി വെറുത്തിരുന്നു. മനുഷ്യനിയമങ്ങളോട്—അവ സ്വേച്ഛാപരമായാൽ—വെറുപ്പും പ്രകൃതിനിയമങ്ങളോട് അകമഴിഞ്ഞ ആദരവും ഈ മനുഷ്യസ്നേഹിയുടെ പ്രത്യേകസ്വഭാവങ്ങളാണ്. യഹൂദനെങ്കിലും ജനിച്ചതു് കത്തോലിക്കനായിട്ടാണ്. ഒടുവിൽ സ്വപൂർവ്വപിതാക്കളുടെ മതമായ ഹീബ്രൂസിദ്ധാന്തംതന്നെയാണ് ഐൻസ്റ്റീൻ സ്വീകരിച്ചിട്ടുള്ളതു്.

പ്രകൃതിശക്തികളെ കാണുമ്പോൾ ഐൻസ്റ്റീൻ വിചാരനിമഗ്നനായിരുന്നുപോകാറുണ്ട്. പിതാവിന്റെ വടക്കുനോക്കിയന്ത്രം കണ്ട ബാലൻ ഇപ്രകാരം പറകയാണ് "എന്തത്ഭുതം! എവിടെ തിരിച്ചാലും വടക്കുതന്നെ കാണിക്കുന്നു. കാരണം?" കാരണം വ്യാഖ്യാനിച്ചുകൊടുക്കുന്നതു് പിതൃസഹോദരനാണ്. അദ്ദേഹം ബീജഗണിതം പഠിപ്പിക്കുന്നതിപ്രകാരമാണ്. "ഇതൊരു രസാവഹമായ വേട്ടയാണ്. നമ്മുടെ വേട്ടമൃഗം ഉടനെ പിടികിട്ടിയില്ലെങ്കിൽ അതിനെ എക്സ് (x) എന്നു വിളിക്കുക. പിന്നീട് പിടികിട്ടുന്നതുവരെ തുടരുക". സംഗീതത്തിലും ഐൻസ്റ്റീനു് അതുല്യമായ വാസനയുണ്ട്. വയലിൻവായനയിൽ നല്ല പാടവം ഇദ്ദേഹത്തിനു് സ്വായത്തമാണ്.

ഐൻസ്റ്റീനു് പതിനഞ്ചുവയസ്സായപ്പോൾ പിതാവിന്റെ വ്യവസായം (Electro chemicals) നഷ്ടത്തിൽ കലാശിച്ചു. അതോടെ ആ കുടുംബം ജർമ്മനിവെടിഞ്ഞു് ഇററലിയിലെ മിലാൻനഗരത്തിൽ താമസമാരംഭിച്ചു. ഒരു വർഷംകഴിഞ്ഞു് അദ്ദേഹം സ്വിററ്സർലണ്ടിലെ സൂറിച്ചിൽ വിദ്യാഭ്യാസം സമാരംഭിച്ചു. അവിടത്തെ പാളി ടെക്നിക് ഇൻസ്റ്റിററ്യൂട്ടിൽ ചേർന്നു ഊർജ്ജതന്ത്രം (Physics) മുതലായ ശാസ്ത്രങ്ങൾ അഭ്യസിച്ചു. അവിടെവെച്ചാണു തന്റെ ആത്മാർത്ഥമിത്രങ്ങളിൽ ഒരാളായ ഫ്രെഡെറിക് ആഡ്‌ലരുടെ മൈത്രി ഐൻസ്റ്റീൻ സമ്പാദിച്ചതു്.

വിദ്യാഭ്യാസാനന്തരം ൧൯൦൧-ൽ ഐൻസ്റ്റീൻ സ്വിസ് പൌരത്വം സ്വീകരിച്ചു ബേണിലെ പേറെൻറ ആഫീസിൽ ഒരു ഉദ്യോഗസ്ഥനായി. പുതിയ കണ്ടുപിടിത്തങ്ങളുടെ സ്വഭാവം പരീക്ഷിക്കുകയായിരുന്നു അദ്ദേഹത്തിന്റെ ജോലി. ഭാവിജീവിതത്തിലെ വിജയം ഈ ഉദ്യോഗംമൂലം സാധിതപ്രായമായി. കാരണം സ്വതന്ത്രചിന്തയ്ക്കു ഇതു വളരെ പര്യാപ്തമായിരുന്നു. ഈ അവസരത്തിലായിരുന്നു അദ്ദേഹം വിവാഹബന്ധത്തിലേർപ്പെട്ടതു്. തന്റെ സഹപാഠിനിയായിരുന്ന ഒരു ഹംഗറിക്കാരിയായിരുന്നു ആദ്യത്തെ ഭാര്യ. ഈ വൈവാഹികബന്ധം വളരെ സുഖപ്രദമായിരുന്നില്ലെങ്കിലും തന്റെ രണ്ടു പുത്രന്മാർ അദ്ദേഹത്തിന്നു അവാച്യമായ ആനന്ദം നൽകി.

ഐൻസ്റ്റീനെ നാമിന്നു സ്മരിക്കുന്നതു അദ്ദേഹത്തിന്റെ സാപേക്ഷികസിദ്ധാന്തം (Theory of Relativity) മൂലമാണല്ലോ. ന്യൂട്ടന്റെ ആകർഷണസിദ്ധാന്തത്തെ സാരമായി തകിടംമറിക്കുന്ന ഈ നൂതനസിദ്ധാന്തം ൧൯൦൫-ലാണ് ഐൻസ്റ്റീൻ കണ്ടുപിടിച്ചതു്. തന്മൂലം ഈ വർഷം ഐൻസ്റ്റീനിന്റെ ജീവിതത്തിലെന്നപോലെ ശാസ്ത്രത്തിന്റെ ചരിത്രത്തിലും ഒരു സുപ്രധാനഘട്ടത്തെ കുറിക്കുന്നതാണ്. ഈ നൂതനസിദ്ധാന്തം എത്രത്തോളം ദുരവഗാഹമാണോ അത്രത്തോളം വിപ്ലവാത്മകവുമാണ്. ഇതു വെറും ഊർജ്ജതന്ത്രം മാത്രമല്ല. നേരെ മറിച്ചു അതിനു താത്വികമായ ഒരു അടിസ്ഥാനവുമുണ്ട്. ഒരു വസ്തുവിന്റെയോ ആശയത്തിന്റെയോ നിലനില്പ്പ് വേറൊന്നിനു ആപേക്ഷികമായിട്ടാണു അല്ലെങ്കിൽ വേറൊന്നിനെ ആധാരമാക്കിയാണു എന്നതത്രേ ഈ തത്വത്തിന്റെ പൊതുസ്വഭാവം. ക്രമേണ തന്റെ സിദ്ധാന്തത്തെ തെളിയിക്കുന്നതിനു ഒന്നിലധികം തെളിവുകൾ ഐൻസ്റ്റീൻ നൽകിയെങ്കിലും ഇന്നുപോലും അതു സാർവ്വലൗകികമായി അംഗീകൃതമായിട്ടില്ലെന്ന പ്രസ്തുത സിദ്ധാന്തത്തിന്റെ വിപ്ലവാത്മകതയേയാണു സൂചിപ്പിക്കുന്നതു്.

തന്റെ കണ്ടുപിടിത്തത്തിന്റെ നൂതനവെളിച്ചത്തിൽ പേറെൻറ് ആഫീസ് ഉദ്യോഗം വെറും നിഷ്പ്രഭമായി എല്ലാപേക്കും തോന്നി. തന്റെ മിത്രങ്ങൾ തനിക്കു സൂറിച്ച് സർവ്വകലാശാലയിൽ ഒരു ലക്ചറർ ഉദ്യോഗം വാങ്ങിക്കൊടുക്കാൻ ശ്രമിച്ചു. എന്നാൽ ഒരു പ്രാസംഗികനെന്ന നിലയ്ക്കു് ഐൻസ്റ്റീൻ പരാജയമായിരുന്നുവെന്നു പറയാതെ തരമില്ല. കാരണം വിദ്യാർത്ഥികളുടെ ഗ്രഹണശക്തിക്കു അതീതമായിരുന്നു ഐൻസ്റ്റീന്റെ അദ്ധ്യയനരീതി. പോരെങ്കിൽ പുരോഗമനകാംക്ഷികളെന്ന ആരെയുംപോലെ ഐൻസ്റ്റീനും അദ്ധ്യാപകവൃത്തിയെ വെറുത്തിരുന്നു. "ഒരു ശാസ്ത്രജ്ഞനു് ഏററവും പര്യാപ്തമായ ഉദ്യോഗം ദീപസ്തംഭസൂക്ഷിക്കലാണ്" എന്നത്രേ ഒരിക്കൽ ഈ ശാസ്ത്രജ്ഞൻ അഭിപ്രായപ്പെട്ടതു്. കാരണം, എന്നാൽമാത്രമേ സ്വതന്ത്രചിന്തയ്ക്കും വ്യക്തിയുടെ വികസനത്തിനും അവസരം ലഭിക്കയുള്ളു. ഏതായാലും സ്വഹിതത്തിനു വിപരീതമായിട്ടെങ്കിലും ഐൻസ്റ്റീൻ തന്റെ മിത്രമായ ഫ്രെഡെറിക് ആഡ്‌ലരുടെ നിർബന്ധപ്രകാരം സൂറിച്ചിലെ ഒരു പ്രൊഫസ്സരായി നിയമിതനായി; അദ്ദേഹത്തിനു ലഭിച്ച വേതനം അദ്ധ്യാപകവൃത്തിയുടെ പ്രതിഫലമായ ബഹുമാനവും ദാരിദ്ര്യവുമായിരുന്നു. തന്റെ ദാരിദ്ര്യത്തെപ്പററി ഐൻസ്റ്റീൻ ഒരിക്കൽ പറകയുണ്ടായി. "എന്റെ സാപേക്ഷികസിദ്ധാന്തം തെളിയിക്കുന്നതിനു പ്രപഞ്ചത്തിലെ ഓരോ അണുവിലും ഓരോ ഘടികാരം നിറുത്തേണ്ടിയിരിക്കുന്നു. (സങ്കല്പം) എന്നാൽ എന്റെ മുറിയിലാണെങ്കിൽ ഒരു ഘടികാരം പോലുമില്ല."

൧൯൧൧-ൽ ഐൻസ്റ്റീൻ പ്രേഗിലെ ജർമ്മൻ കലാശാലയിൽ ഊർജ്ജതന്ത്രമേലദ്ധ്യക്ഷനായി നിയമിതനായി. അവിടെവച്ചാണ് അദ്ദേഹം തന്റെ ജീവിതചരിത്രകർത്താവും സഹപ്രവർത്തകനുമായ ഡാക്ടർ ഫ്രാങ്കുമായി അദ്ദേഹം പരിചയപ്പെട്ടതു്. ഐൻസ്റ്റീനെപ്പററിയുള്ള ഏററവും ശ്ലാഘ്യമായ പുസ്തകം ("ഐൻസ്റ്റീൻ: അദ്ദേഹത്തിന്റെ ജീവിതവും കാലഘട്ടവും") ഡാ: ഫ്രാങ്കാണ് രചിച്ചിട്ടുള്ളതു്. അതിൽ ഇപ്രകാരം കാണുന്നു. 'ഐൻസ്റ്റീൻ ഒരു നല്ല അദ്ധ്യാപകനാണ്. അദ്ദേഹത്തിനു് രണ്ടു പ്രത്യേകഗുണങ്ങളുണ്ട്. ഒന്നാമത്തേതു് കഴിയുന്നത്ര ആളുകൾക്കു ഉപകാരം ചെയ്യുകയും രണ്ടാമത്തേതു് തന്റെ ആശയത്തെ ഏററവും ലളിതമായ രീതിയിൽ വേറുള്ളവരെ ഗ്രഹിപ്പിക്കുന്നതിനുള്ള കലാപരമായ വാസനയുമാണ്."

ഐൻസ്റ്റീനു് ചില ഗോഷ്ഠികളെല്ലാമുണ്ട്. കാമുകനും കവിയുമെന്നപോലെ സ്വപ്നലോകത്തിൽ ഏകാകിയായി ജീവിതം നയിക്കുന്നതിനു അദ്ദേഹം ആശിക്കുന്നു. മുടികത്രിക്കാറില്ല. കോട്ടു് തുകൽകൊണ്ടു നിർമ്മിച്ചതാണ്. കാലുറ, റൈ, കാളർ എന്നിവ അദ്ദേഹം ധരിക്കാറില്ല. ഐൻസ്റ്റീന്റെ അഭിപ്രായപ്രകാരം ഇവയെല്ലാം അനാവശ്യമാണ്. മുടികത്രിക്കാൻ ക്ഷുരകൻ അവശ്യമാണ്. കോട്ടു് തുകലായാൽ എളുപ്പം കീറുകയില്ല. റൈ, കാളർ മുതലായവ വസ്ത്രധാരണത്തിനു് അവശ്യവുമല്ല. ഇപ്രകാരം പോകുന്നു അദ്ദേഹത്തിന്റെ വാദഗതി. ഗാന്ധി അർദ്ധനഗ്നനായി ജീവിച്ചിരുന്നതുപോലെയാണ് ഐൻസ്റ്റീന്റെ അനാഡംബരത്വവും. അല്ലാതെ ഗോഷ്ഠികൾകാണിച്ചു പേരുംപെരുമയും ആർജ്ജിക്കാനുള്ള ഒരു ഉപാധിയല്ല.

൧൯൧൨-ൽ ഐൻസ്റ്റീൻ പ്രേഗുവിട്ട് വീണ്ടും സൂറിച്ചിൽ ഊർജ്ജതന്ത്രമേലദ്ധ്യക്ഷനായെങ്കിലും വളരെ താമസിയാതെ അദ്ദേഹം ബർലിനിൽ കൈസർവിൽഹം ഇൻസ്റ്റിററ്യൂട്ടിൽ പോവുകയാണുണ്ടായതു്. പ്ലാങ്ക്നെസ്റ്റർ എന്ന രണ്ടുശാസ്ത്രജ്ഞന്മാരുടെ നിർബന്ധംമൂലമാണ് ഈ പുതിയ ഉദ്യോഗം ഐൻസ്റ്റീൻ സ്വീകരിച്ചതു്. പോരെങ്കിൽ ബർലിൻ ശാസ്ത്രത്തിന്റെ കലവറയുമാണല്ലോ. ൧൯൩൩-ൽ അദ്ദേഹം ബർലിൻ അവസാനമായി ത്യജിക്കുന്നതുവരെ അവിടത്തെ ശാസ്ത്രമണ്ഡലത്തിൽ അദ്ദേഹം ഒരു അത്യുജ്ജ്വലതാരമായി പ്രകാശിച്ചുകൊണ്ടുതന്നെയിരുന്നു. ഈയവസരത്തിൽ അദ്ദേഹം ഭാര്യയെ വിട്ടുപിരിയേണ്ടിവന്നു. ബർലിൻജീവിതം ഐൻസ്റ്റീനു് അത്ര സുഖകരമായിരുന്നില്ല. കാരണങ്ങൾ ജർമ്മൻകാരുടെ സ്വാഭാവികമായ ഗൌരവവും കാര്യംഗ്രഹിക്കുവാനുള്ള കഴിവില്ലായ്മയുമായിരുന്നു. എങ്കിലും അദ്ദേഹത്തെപ്പററിവേറൊരു ശാസ്ത്രജ്ഞൻ അഭിപ്രായപ്പെട്ടതു് ഇപ്രകാരമായിരുന്നു. "ബർലിനിൽ രണ്ടുതരം ശാസ്ത്രജ്ഞന്മാരുണ്ട്. ഒരു വശത്തു് ഐൻസ്റ്റീൻ, മറുവശത്തു് ബാക്കിയുള്ളവർ എല്ലാം." ഒരുവർഷം കഴിഞ്ഞു് ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. എല്ലാ ശാസ്ത്രജ്ഞന്മാരും യുദ്ധത്തിനു് കാപ്പുകെട്ടിയപ്പോൾ ഐൻസ്റ്റീൻമാത്രം ഒററതിരിഞ്ഞുനിന്നു. കാരണം, അദ്ദേഹം യുദ്ധത്തെ മനഃപൂർവ്വം വെറുത്തിരുന്നതുതന്നെ. തനിക്കു് സ്വിസ്സ് പൌരത്വമില്ലാതിരുന്നുവെങ്കിൽ തീർച്ചയായും ഐൻസ്റ്റീൻ ഒരു രാജ്യദ്രോഹിയായി പരിഗണിക്കപ്പെടുമായിരുന്നു.

ഈ വിഷമസന്ധിയിലായിരുന്നു ഐൻസ്റ്റീന്റെ രണ്ടാമത്തെ വിവാഹം നടന്നതു്. സ്വവംശ്യയും ബന്ധുവുമായ അൽസാ എന്ന ഒരു വിധവയായിരുന്നു തന്റെ കളത്രം. ഈ മഹതി സ്വഭർത്താവിനു് ആദ്യത്തെ ഭാര്യയെക്കാളും അതുല്യമായ സമാധാനവും സന്തോഷവും നൽകി. തന്റെ സിദ്ധികളിൽ അവർ അഭിമാനംകൊണ്ടു. സ്വഭാര്യയിൽനിന്നും വരുന്ന അഭിനന്ദനംപോലെ വേറൊരു സ്തുതിയും ആസ്വാദ്യകരമായിരിക്കയില്ലല്ലോ. പോരെങ്കിൽ സ്വഭർത്താവിന്റെ സമയം വൃഥാവിൽ ചിലവാക്കാൻ ആരെയും അവർ അനുവദിച്ചിരുന്നുമില്ല. ൧൯൧൯-ൽ തന്റെ സാപേക്ഷികസിദ്ധാന്തത്തിനു രണ്ടു പുതിയ തെളിവുകൾ പരീക്ഷണങ്ങൾമൂലം അദ്ദേഹം കണ്ടുപിടിച്ചു. ആ വർഷംതന്നെ തന്റെ നൂതനസിദ്ധാന്തവും അതിനു പര്യാപ്തമായ തെളിവുകളും ഐൻസ്റ്റീൻ റായൽസൊസൈററിക്കു് സമർപ്പിച്ചു. ഈ വിഷയം ചർച്ചയ്ക്കുവന്ന ദിവസത്തെപ്പററി ഒരു സഭാംഗം ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. "അവിടത്തെ അന്തരീക്ഷം ഒരു ഗ്രീക്കുനാടകം നടക്കുന്ന സഭപോലെ വൈവശ്യാത്മകമായിരുന്നു.........പുറകുവശത്തിരുന്ന ന്യൂട്ടന്റെ ചിത്രം രണ്ടു ശതാബ്ദങ്ങൾക്കുശേഷം തന്റെ ആകർഷണസിദ്ധാന്തത്തിൽ ഐൻസ്റ്റീൻവരുത്തിയ വിപ്ലവാത്മകമായ വ്യതിയാനത്തെപ്പററി കാണികളെ അനുസ്മരിപ്പിച്ചുകൊണ്ടിരുന്നു." അന്നു് സാപേക്ഷികസിദ്ധാന്തത്തെപ്പററി പ്രശസ്തശാസ്ത്രജ്ഞരായ ജെ. ജെ. താംസൻ പറഞ്ഞതു്, "ഇതു് മാനവസമുദായത്തിനു ലഭിച്ചിട്ടുള്ള ഏററവുംവലിയ നേട്ടം" എന്നത്രേ.

സാപേക്ഷികസിദ്ധാന്തത്തെപ്പററി വളരെയേറെ തീവ്രമായ വാദകോലാഹലങ്ങൾ നടന്നുവെങ്കിലും ഐൻസ്റ്റീനെ എല്ലാപേരും ലോകത്തിലെ ഒന്നാമത്തെ ശാസ്ത്രജ്ഞനായി പരിഗണിച്ചു. ഒരു തികഞ്ഞ അന്തർദ്ദേശീയവാദിയായ അദ്ദേഹത്തെ ഇംഗ്ലീഷുകാർ, 'സ്വിററ്സർലണ്ടുകാരനായ യൂദൻ' എന്നും ജർമ്മനിക്കാർ 'ഒരു ജർമ്മൻ ശാസ്ത്രജ്ഞൻ' എന്നും ചിത്രീകരിച്ചു തങ്ങളുടെ രാഷ്ട്രീയവിദ്വേഷത്തെ പ്രകടമാക്കി. ഐൻസ്റ്റീനു് ഇതെല്ലാം വളരെ അത്ഭുതാവഹമായിട്ടാണ് തോന്നിയതു്. "ഞാൻ വെറുമൊരു കുത്തൂഗമായി കരുതപ്പെടുകയാണെങ്കിൽ ജർമ്മനിക്കു ഒരു സ്വിററ്സർലണ്ടുകാരനായ യൂദനായും ഇംഗ്ലീഷുകാർ ജർമ്മനിക്കാരനായ ഒരു ശാസ്ത്രജ്ഞനുമായി എന്നെ കരുതുമായിരുന്നു." എന്നാണ് ഈ വാദകോലാഹലത്തെപ്പററി ഐൻസ്റ്റീൻ നേരംപോക്കുപറഞ്ഞതു്.

ക്രമേണ ശാസ്ത്രപരിധികൾവിട്ടു് ഐൻസ്റ്റീൻ ബാഹ്യലോകത്തിലേക്കുകടന്നു. പൊതുജനസേവനാർത്ഥം തന്റെ സ്വാധീനശക്തിയെ അദ്ദേഹം ചിലവിട്ടു. യുദ്ധനിവാരണം, സോഷ്യലിസം, സിയോണിസം (യൂദന്മാർ പാലസ്റ്റൈനിൽ കുടിയേറാൻ രൂപീകരിച്ച പ്രസ്ഥാനം) മുതലായവയ്ക്കു് അദ്ദേഹം തന്റെ സകല കഴിവുകളും നൽകി. മിക്കവാറുമെല്ലാകാര്യങ്ങളേയും സഹനശക്തിയോടെ വീക്ഷിച്ചിരുന്ന അദ്ദേഹം തീവ്രമായ വർഗ്ഗീയവാദത്തേയും സങ്കുചിതമായ രാഷ്ട്രീയചിന്തകളേയും അകമഴിഞ്ഞു് വെറുത്തിരുന്നു. ക്രമേണ ജർമ്മനിയിൽ നാസികളുടെ പ്രാബല്യം വർദ്ധിച്ചുതുടങ്ങി. യഹൂദവേട്ടയായിരുന്നു അവരുടെ ആദ്യത്തെ പരിപാടി. ഐൻസ്റ്റീന്റെനേരേ സമരമാരംഭിച്ചതു് ലെനാർഡു് എന്നൊരു നാസിശാസ്ത്രജ്ഞനായിരുന്നു. യുദ്ധത്തിൽ പരാജിതരായ തങ്ങളുടെ പേരുംപെരുമയും വർദ്ധിപ്പിക്കുന്നതിനു് ചില ജർമ്മൻകാർ ഐൻസ്റ്റീനെ ഉപകരണമാക്കാനും ശ്രമിക്കാതിരുന്നില്ല. ഏതായാലും നാസികളുടെ മദ്ധ്യേയുള്ള തന്റെ ജീവിതത്തെ "മൂട്ടശല്യമുള്ള ഒരു പട്ടുമെത്തയിൽ ഉറങ്ങുന്നതി"നോടാണ് ഐൻസ്റ്റീൻ ഉപമിച്ചതു്. നിർഭാഗ്യവശാൽ ൧൯൨൧-ൽ അദ്ദേഹം മിത്രങ്ങളുടെ പ്രേരണമൂലം ജർമ്മൻപൌരത്വം സ്വീകരിക്കുകയുണ്ടായി. ഈ പൌരത്വമാണ് തന്റെ ഭാവിജീവിതത്തെ ഏറെക്കുറെ അസ്വസ്ഥമാക്കാൻ പര്യാപ്തമായതും.

ആ വർഷത്തിൽത്തന്നെ ഐൻസ്റ്റീൻ അമേരിക്ക സന്ദർശിച്ചു. കയ്യിൽ ഒരു പുകക്കുഴലും കക്ഷത്തിൽ ഒരു വയലിനുമായി കപ്പൽവിട്ടിറങ്ങിയ നമ്മുടെ ശാസ്ത്രജ്ഞനെ പത്രപ്രതിനിധികൾ വളഞ്ഞു. അവരിൽനിന്നുണ്ടായ ചോദ്യപ്രവാഹത്തെ വിസ്മയാവഹമായ തൻേറടത്തോടെ ചെറുത്തുനിർത്തിയതായിരുന്നു അമേരിക്കയിൽ തന്റെ പുകഴ് പരക്കുവാൻ ഇടനൽകിയതു്. കുറേക്കാലം ഒളിവിൽ കഴിഞ്ഞുകൂടിയ അദ്ദേഹത്തെ ഒരു ചെറുപ്പക്കാരനായ പത്രപ്രവർത്തകൻ കണ്ടുപിടികൂടി. "വേഗം പൊയ്ക്കൊള്ളു" എന്നു ഐൻസ്റ്റീനിൽനിന്നു ആജ്ഞപൊട്ടിപ്പുറപ്പെട്ടപ്പോൾ വിഷാദമഗ്നനായി ആ പ്രതിനിധി തിരിച്ചുനടന്നു, ദയാലുവായ സാപേക്ഷികസിദ്ധാന്തകർത്താവു അയാളെ തിരിച്ചുവിളിച്ചു ചോദിച്ച ചോദ്യങ്ങൾക്കെല്ലാം മറുപടിനൽകി. തത്സമയം ഒരു ചിത്രകാരൻ തന്റെപടംവരയ്ക്കുകയായിരുന്നു. ആ ചിത്രത്തെ പിടിച്ചുപറിച്ചു അതിന്റെചുവട്ടിൽ ഐൻസ്റ്റീൻ ഇപ്രകാരം ഒരു കവിതാശകലം എഴുതിക്കൊടുത്തു—"ഈ തടിച്ചു കൊഴുത്ത പന്നി, പ്രൊഫസ്സർ ഐൻസ്റ്റീനാണെന്നുതോന്നുന്നു." അമേരിക്കൻജനതയുടെ ഹൃദയത്തിൽ ദൃഢമായ സ്നേഹവിശ്വാസങ്ങൾ സംജാതമാക്കിയശേഷം അദ്ദേഹം യൂറോപ്പിലേയ്ക്കു മടങ്ങി.

മാർഗ്ഗമദ്ധ്യേ അദ്ദേഹം ഇംഗ്ലണ്ടു് സന്ദർശിച്ചു. പ്രശസ്തരായ പല വ്യക്തികളുമായി അദ്ദേഹം പരിചയപ്പെട്ടു. ഒരു കാല്പനികസംഭാഷണത്തിൽ ബർണാഡുഷാ ഐൻസ്റ്റീനോടു് ഇപ്രകാരം ചോദിക്കുന്നതായിട്ടു് ഒരു കലാകാരൻ എഴുതിവിട്ടു. "പ്രിയപ്പെട്ട ഐൻസ്റ്റീൻ, ഈ സാപേക്ഷികസിദ്ധാന്തം നിങ്ങൾക്കുതന്നെ മനസ്സിലായിട്ടുണ്ടോ?" ഐൻസ്റ്റീന്റെ മറുപടി. "ബർണാഡു്, അങ്ങയുടെ കൃതികളെപ്പററി എത്രമാത്രം അങ്ങയ്ക്കറിയാമോ, അതുപോലെതന്നെ ഇതിനെപ്പററി എനിക്കും" ഫ്രാൻസിലദ്ദേഹത്തിനു ലഭിച്ച സ്വീകരണം അത്രമാത്രം ഹൃദ്യമായിരുന്നില്ല. കാരണം ഫ്രഞ്ചുകാർക്കു ജർമ്മനിയോടുള്ള സ്വാഭാവികമായ വിദ്വേഷം മാത്രമായിരുന്നു.

ഈ. എം. ജെ. വെണ്ണിയൂർ

൧൯൨൨-ൽ ഐൻസ്റ്റീനു് നോബൽസമ്മാനം ലഭിച്ചു. അതിലും സന്തോഷത്തിനുപകരം ഐൻസ്റ്റീനും തന്റെ മിത്രങ്ങൾക്കും നിരാശയാണുണ്ടായതു്. കാരണം തന്റെ പ്രശസ്തമായ സാപേക്ഷികസിദ്ധാന്തത്തിനല്ല നേരേമറിച്ചു തന്റെ അപ്രധാനമായ ഛായാവൈദ്യുതനിയമത്തിനാണ് (Photo-electric law) അതു നൽകപ്പെട്ടതു്. വിപ്ലവാത്മകമായ തന്റെ നൂതനസിദ്ധാന്തത്തെ ശരിയാണെന്നു സ്വീകരിക്കാനുള്ള തൻേറടം സമ്മാനദായകന്മാർക്കില്ലായിരുന്നു. തന്റെ ൫൦-ാം ജന്മദിനമായിരുന്നു അടുത്ത സുപ്രധാനഘട്ടം. അന്നു് ഒരു നൂതനനിയമം ഐൻസ്റ്റീൻ ലോകത്തിനു സംഭാവനചെയ്തു. (Unified Field Theory) പാലസ്റ്റൈനിലെ യൂദർ കുറെ സ്ഥലംവാങ്ങി ചെടിനട്ടുപിടിപ്പിച്ചു് അതിനു് "ഐൻസ്റ്റീൻ തോട്ടം" എന്നു നാമകരണംചെയ്തു. ബർലിൻമിത്രങ്ങൾ അദ്ദേഹത്തിനു ഒരു ബോട്ടു സമ്മാനം നൽകി. വള്ളംകളി ഐൻസ്റ്റീൻ വളരെ രസിച്ചിരുന്നു.

൧൯൩൨-ൽ ഐൻസ്റ്റീൻ വീണ്ടും അമേരിക്ക സന്ദർശിച്ചു. അടുത്തവർഷം ഹിററ്ലർ ജർമ്മൻചാൻസലറായി. അതോടെതന്നെ നഗ്നമായ യൂദവേട്ടയും തുടങ്ങി. ഉടനെതന്നെ അദ്ദേഹം തിരിച്ചുമടങ്ങി, ജർമ്മനിയിൽപോകാതെ ബൽജിയത്തിൽ അല്പകാലം താമസിച്ചു. തന്റെ ആയുസ്സ് പണയത്തിലാണെന്നറിഞ്ഞ ബൽജിയംഗവർമ്മെൻറ് അദ്ദേഹത്തിനു രണ്ടു അംഗരക്ഷകരെ നൽകി. സ്വാഭാവികമായി സമാധാനകുതുകിയാണെങ്കിലും അക്രമത്തെ ചെറുത്തുനില്ക്കുവാൻതന്നെയാണ് അദ്ദേഹം കുറെ ബൽജിയംവിദ്യാർത്ഥികളെ ഉൽബോധിപ്പിച്ചതു്. അവിടെനിന്നും ഇംഗ്ലണ്ടിൽ മടങ്ങിയെത്തിയ അദ്ദേഹം ശാസ്ത്രജ്ഞരുടെ ഒരു സമ്മേളനത്തിൽ വികാരാധീനനായി ഇപ്രകാരം പ്രസംഗിച്ചു: "എന്നെ തന്റെ സ്വന്തം പ്രജയായിട്ടു ജർമ്മനി ഇത്രയുംകാലംകരുതി. ഇനി അതിനെപ്പററി പറഞ്ഞിട്ടു് ആവശ്യമില്ല. ഇതു് പ്രവർത്തിക്കാനുള്ള കാലമാണ്."

ഐൻസ്റ്റീനു് ഏതു ഉദ്യോഗം വേണമെങ്കിലും ലഭിക്കുമായിരുന്നു. എന്നാൽ അമേരിക്കയിലെ പ്രിൻസ്റ്റൻസർവ്വകലാശാലയിൽ (Institute of Advanced Study) ഒരു പ്രൊഫസ്സർഉദ്യോഗമാണ് അദ്ദേഹം സ്വീകരിച്ചതു്. ൧൯൪൫-വരെ അദ്ദേഹം പ്രസ്തുത ഉദ്യോഗം തുടർന്നുപോന്നു. ഇപ്പോൾ ഉദ്യോഗം വെടിഞ്ഞെങ്കിലും ആ സ്ഥാപനത്തിൽ സ്വതന്ത്രമായി പ്രവർത്തിച്ചുകൊണ്ടുതന്നെ ഇരിക്കയാണ്. രണ്ടാം ലോകമഹായുദ്ധം തുടങ്ങി കുറേ കഴിഞ്ഞപ്പോൾ ജർമ്മനിയിൽ അണുഗവേഷണം നടക്കുന്നതായി അറിഞ്ഞ ഐൻസ്റ്റീൻ പ്രസിഡൻറ് റൂസ്‌വെൽററിനു് ഒരു കത്തെഴുതി. പ്രതിപാ

(ശേഷം രണ്ടാംപേജിൽ)

Printed and published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.